Phone No. 2972

# ഗ്രന്ഥാലോകം

തിരു: കൊച്ചി
ഗ്രന്ഥശാലാസംഘംപ്രസിദ്ധീകരണം.

വാല്യം 5 | നവംബർ 1953 | ലക്കം 1

## വിഷയവിവരം


| | | പുറം |
|---|---|---|
| 1. പത്രാധിപവീഥി | | 1 |
| ഇന്ത്യയ്ക്കു് ഒരു പൊതുലിപി .... .... | | |
| കേരളകലാസംസത്ത് .... .... | | |
| പഞ്ചവത്സരപദ്ധതിയെപ്പറ്റി .... | | |
| 2. വി. ഡി. ബാലകൃഷ്ണപ്പണിക്കർ .... | എം. ആർ ബാലകൃഷ്ണവാരിയർ | 5 |
| 3. മതവും ശാസ്ത്രവും ... .... | വക്കം അബ്ദുൽഖാദർ | 9 |
| 4. സോമർസെറ്റ് മോം .... .... | പി. മാലതി–വടക്കാഞ്ചേരി | 13 |
| 5. ഇംഗ്ലീഷ് വാർഷികഗ്രന്ഥങ്ങൾ .... | എം. തോമസ് | 18 |
| 6. ഗ്രന്ഥങ്ങൾ അലങ്കാരത്തിനല്ല ഉപയോഗത്തിനാണ് | വി. എസ്സ്. ബാലകൃഷ്ണപിള്ള | 21 |
| 7. നമ്മുടെ ഗ്രന്ഥശാലാപ്രസ്ഥാനം .... | പനമ്പിള്ളി ഗോവിന്ദമേനോൻ | 23 |
| 8. പത്രാധിപർക്കു കത്തു് .... .... | വിദ്വാൻ ആർ. വി. ഇരണിയൽ | 26 |
| 9. ഉത്കൃഷ്ടമായ ഒരു പാരസീകകാവ്യം .... | പൂജപ്പുര കെ. എസ്സ്. നായർ | 29 |
| 10. ഗ്രന്ഥനിരീക്ഷണം .... .... | | 34 |
| i ആദ്യത്തെകേസ് — | എൻ. കുഞ്ഞുകൃഷ്ണപിള്ള | |
| ii കണ്ണീരും പുഞ്ചിരിയും— | പള്ളിപ്പാട്ടു കുഞ്ഞുകൃഷ്ണൻ | |
| iii ഒഴുക്കുകൾ iv ആർക്കുവേണ്ടി— | എൻ. കൃഷ്ണക്കൈമൾ | |
| v ജയിച്ചുവരും | ബി. പത്മനാഭപിള്ള | |
| vi ഞങ്ങളുവിതയ്ക്കും ഞങ്ങളുകൊയ്യും | ബി. പത്മനാഭപിള്ള | |
| 11. തിരു-കൊച്ചി ഗ്രന്ഥശാലാസംഘം .... | | 41 |
| 12. ഗ്രന്ഥശാലാവാർത്തകൾ .... .... | | 44 |




ഗ്രന്ഥാലോകം

വരിസംഖ്യ

വാർഷികവരി മുൻകൂർ രൂ. 6.
ഒററപ്രതി അണ 8.

# THE GRANDHALOKAM

*Monthly Journal of the Travancore-Cochin Grandhasala Samkhom.*
*Managing Editor:* P. SREEDHARAN PILLAI B. A.



## പരസ്യനിരക്കു് ഒരുതവണയ്ക്കു്

പുറംകവർപേജ് രൂപാ 70; രണ്ടാംകവർപേജ് രൂ. 60; മൂന്നാംകവർപേജ് രൂ. 50;
അകത്തെപേജ് ,, 40; പകുതിപേജ് ,, 25; കാൽപേജ് ,, 15;
കാൽപേജിൽ കുറഞ്ഞ പരസ്യത്തിനു രൂ. 10.

മൂന്നുമാസമോ കൂടുതലോ കാലത്തേയ്ക്കുള്ള സ്ഥിരപരസ്യങ്ങൾക്കു് കുറഞ്ഞ പ്രത്യേക നിരക്ക്-അതിന്റെ വിവരം എഴുതിച്ചോദിക്കുക.


## ലേഖനങ്ങൾ

കടലാസ്സിന്റെ ഒരുവശത്തുമാത്രം മഷികൊണ്ടു് എഴുതിയതായിരിക്കണം.
സ്വീകരിക്കാത്ത ലേഖനങ്ങൾ മടക്കി അയയ്ക്കുന്നതല്ല.

അഭിപ്രായത്തിനുള്ള പുസ്തകങ്ങൾ രണ്ടു പ്രതിവീതം അയച്ചിരിക്കണം.
മാസികയ്ക്കുള്ള അപേക്ഷകൾ, കത്തുകൾ, മണിയാർഡറുകൾ, മാററപ്പത്രങ്ങൾ തുടങ്ങിയവ എല്ലാം ചുവടെ ചേർക്കുന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണു്.

മാനേജിംഗ് എഡിറ്റർ—ഗ്രന്ഥാലോകം—തിരുവനന്തപുരം 4.


## തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ഭരണസമിതി

പ്രസിഡൻറ്: ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ എം. എ., ബി. എൽ.
വൈസ്പ്രസിഡൻറ്: 1. ശ്രീ. കെ. എം. അഗസ്റ്റിൻ ബി. എ. ബി. കോം.
ടി 2. ശ്രീ. ഏ. അച്ചുതൻ ബി. എ. ബി. എൽ.

ശ്രീ. പി. എൻ. പണിക്കർ
(ജനറൽ സെക്രട്ടറി)
,, എം. എം. ജാൺ
ബി. ഏ; എം. എസ്സ്സി. (ട്രഷറർ)
,, സി. ശങ്കർ
,, കെ. ചന്ദ്രശേഖരൻനായർ
(പ്ര: സ: അംഗം)
,, വേളി. കെ. കൃഷ്ണൻനായർ ബി. ഏ.
,, ഡി. കൃഷ്ണൻപോററി ബി. ഏ.
,, കെ. ജനാർദ്ദനക്കുറുപ്പ്
,, സി. കെ. മാണി ബി. ഏ., ബി. എൽ.
,, എൻ. പി. വർഗ്ഗീസ്
ബി. ഏ., ബി. എൽ., (പ്ര: സ: അംഗം)

ശ്രീ. എം. തോമസ് എം. ഏ. എൽ. ററി.
(ജോയിൻറ് സെക്രട്ടറി)
,, വെട്ടൂർ രാമൻനായർ (പ്ര: സ: അംഗം)
,, സി. ഈ. സൈമൺ ബി. ഏ.
,, പി. വി. കൃഷ്ണൻനായർ എം. ഏ.
,, വി ആർ. കൃഷ്ണനെഴുത്തച്ഛൻ
ബി. ഏ. ബി. എൽ.,
,, ഡാ: പി. കെ. നാരായണപിള്ള
എം. ഏ. പി. എച്ച്ഡി.
,, പ്രൊഫ: ജോസഫ് മുണ്ടശ്ശേരി എം. ഏ.
,, കെ. ആർ. വാസുദേവൻ നമ്പൂതിരിപ്പാട്
ബി. ഏ.
,, എസ്. ഗുപ്തൻനായർ എം. ഏ.

# ഗ്രന്ഥാലോകം

മാനേജിംഗ് എഡിറ്റർ: പി. ശ്രീധരൻപിള്ള.

വാല്യം 5 | നവംബർ 1953 | ലക്കം 11

## പത്രാധിപവീഥി

### ഇന്ത്യയ്ക്കു് ഒരു പൊതുലിപി

ഇന്ത്യയ്ക്കു ഒരു പൊതുഭാഷയും പൊതുലിപിയും വേണമെന്നു നമ്മുടെ ഉത്തരേന്ത്യൻ നേതാക്കന്മാർ നേരത്തെ തീർച്ചയാക്കിയിട്ടുള്ളതാണ്. പൊതുഭാഷയായി ഹിന്ദിയെയും പൊതുലിപിയായി ദേവനാഗരി എഴുത്തിനെയും സ്വീകരിക്കാനാണവർ നിർദ്ദേശിച്ചതു്. ഹിന്ദിപ്രചാരണം, ഏതാണ്ടു രാഷ്ട്രീയത്തിന്റെ ഒരു ഭാഗമായിട്ടംഗീകരിക്കപ്പെട്ടു കഴിഞ്ഞു. ദേവനാഗരി ലിപി പ്രചരിപ്പിക്കുന്നതിന്റെ സാദ്ധ്യതകൾ ആരായുന്നതിനായി ഈ മാസം 28-ം, 29-ം തീയതികളിൽ ലക്നൌവിൽവച്ചൊരു സമ്മേളനവും നടന്നു. ഉപരാഷ്ട്രപതി എസ്. രാധാകൃഷ്ണനാണു സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചതു്. സ്റ്റേറ്റുകളിലെ മുഖ്യമന്ത്രിമാരും, പിന്നെ വടക്കേ ഇന്ത്യയിലെ ചില വിദഗ്ദ്ധന്മാരും ആ സമ്മേളനത്തിനു ക്ഷണിക്കപ്പെട്ടിട്ടുണ്ടായിരുന്നു.

സമ്മേളനത്തിന് നവംബർ 29-ാം- ഇന്ത്യൻ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഒരു സന്ദേശമയച്ചു. അദ്ദേഹം അതിൽ എല്ലാ ഇൻഡ്യൻ ഭാഷകൾക്കും പൊതുവായ ഒരു ലിപി ഉണ്ടായിരിക്കേണ്ടത്യാവശ്യമാണെന്നു ചൂണ്ടിക്കാണിച്ചിരിക്കുന്നു. പല ഭാഷകൾ സംസാരിക്കുന്ന ഇൻഡ്യയിൽ പൊതു ലിപി ഒരേകീകരണ ശക്തിയായിരിക്കുമത്രേ. പല ഭാഷകളും ഒരേ ലിപിയിൽ അച്ചടിക്കുന്നതുകൊണ്ടു മാത്രം ഈ ഏകീകരണം എങ്ങനെ സാധിച്ചുകിട്ടും എന്നദ്ദേഹം പറഞ്ഞു കാണുന്നില്ല. യൂറോപ്പിലെ ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ, റഷ്യൻ, ഇറ്റാലിയൻ, സ്പാനിഷ്, സ്വീഡിഷ്, നാവീജിയൻ, യിഡിഷ് മുതലായി ഇപ്പോൾ വ്യവഹാരത്തിലിരിക്കുന്ന ഭാഷകൾക്കൊക്കെ ഒരേ ഒരു ലിപിയേ ഉള്ളൂ; റോമൻലിപി. എന്നിട്ടും ഇതേവരെ യൂറോപ്പ് ഏകീകരിക്കപ്പെട്ടതായി നമുക്കനുഭവമില്ല. ആ സ്ഥിതിയ്ക്കു് ഭാഷ വെവ്വേറെയും, ലിപി ഒന്നും ആയിരുന്നാൽ അതു് ഒരേകീകരണ സാരംഭമായിരിക്കുമെന്നു പറയുന്നതു് യുക്തിഹീനമാണു്. ലിപി ദേവനാഗരിയാക്കിയാൽ കാലക്രമേണ ഇപ്പോൾ നാഗരി ഉപയോഗിക്കാത്ത പ്രാദേശിക ഭാഷകൾക്കു് പ്രചാരം നിലച്ചു് അവ വ്യവഹാരഭാഷകൾ എന്ന നില കൈവെടിയാനിടവരുമെന്നു പറയുന്നപക്ഷം അതു നമുക്കു മനസ്സിലാക്കാം. ഹിന്ദി ഒഴികെ മററു പ്രാദേശിക ഭാഷകൾ നിയമംമൂലം തടഞ്ഞാലും വന്നുകൂടുന്നഫലം ഏതാണ്ടിതുപോലെതന്നെ ആയിരിക്കും.

എന്നാൽ ഒരു പ്രത്യേക ഭാഷയോ ലിപിയോ ജനങ്ങളുടെ മേൽ നിർബന്ധം ചെലുത്തി കെട്ടിവച്ചാൽ അതു കുഴപ്പങ്ങൾക്കു വഴി തെളിക്കും എന്നും നെഹ്റു പറയുന്നു. ഇത്രകാലംകൊണ്ടു് ഇന്ത്യൻ ഭാഷകൾ മുഴുവൻ ദേവനാഗരി ലിപി

സ്വീകരിച്ചുകൊള്ളണമെന്നു് അവിടെയുള്ള കുറെ പേർ നിശ്ചയിച്ചാൽ, ഇവിടെയും ചിലർ അതു് ഏററുപാടാനും, പ്രചാരവേല ചെയ്യാനും ഒക്കെ കണ്ടേയ്ക്കും. ഈ മാററം അത്രമാത്രം ആവശ്യമാണോ അനുപേക്ഷണീയമാണോ എന്നൊക്കെയാണാദ്യമേ നോക്കേണ്ടതു്. ഒരു പൊതു ലിപി എന്ന തത്വം സ്വീകരിച്ചു കഴിഞ്ഞാൽ ഒരു പൊതു ഭാഷ എന്ന തത്വവും പിറകേ അംഗീകൃതമാവും.

എന്താണു് ഇതിന്റെ, സത്വരമായ ആവശ്യം? ദേവനാഗരി തന്നെ ലിപി ആയ ഹിന്ദിയെ പൊതു ഭാഷയാക്കി കേന്ദ്രഗവമെന്റു നിശ്ചയിച്ചിട്ടുള്ള സ്ഥിതിക്കു് ഹിന്ദിയുടെ പ്രചാരത്തോടു കൂടി ദേവനാഗരി ലിപിയും പ്രചരിച്ചുകൊള്ളുമല്ലോ. അതിനിടയ്ക്കു് ഇപ്പോൾ നിലവിലുള്ള മലയാളം പോലുള്ള മററു ഭാഷകളുടെ എഴുത്തും ദേവനാഗരി ലിപിയിൽ മാററുന്നതുകൊണ്ടു് പ്രത്യേകിച്ചെന്തു സൗകര്യമാണു് വരാൻ പോകുന്നതു്? ഒന്നുണ്ടു്. വിദ്യാഭ്യാസ പരിപാടികളുടെ ആദ്യഘട്ടങ്ങളിൽ, ഇംഗ്ലീഷ് ലിപി, പ്രാദേശിക ഭാഷയുടെ ലിപി, ദേവനാഗരി ലിപി എന്നു മൂന്നുതരം ലിപികൾ മിനക്കെട്ടു പഠിച്ചു് ബാല വിദ്യാർത്ഥികൾ ക്ലേശിക്കേണ്ട എന്നൊരു സൗകര്യമുണ്ടു്. ആ സൗകര്യത്തിനു ബദലായി ഇന്നു നിലവിലുള്ള സകല പ്രാദേശിക ഭാഷാ പുസ്തകങ്ങളും ദേവനാഗരി ലിപിയിൽ അച്ചടിക്കേണ്ടതായും വരും. ദേവനാഗരിയുടെ മേന്മ എന്തു തന്നെ ആയാലും ഇങ്ങനെ ഒരു പരിവർത്തനത്തിനാവശ്യമായി വരുന്ന വമ്പിച്ച അച്ചടിച്ചെലവും നിലവിലുള്ള പുസ്തകങ്ങളുടെ ഉപയോഗശൂന്യത നിമിത്തം വന്നുചേരുന്ന ഭീമമായ ധനനഷ്ടവും, ഒരന്തരാള കാലഘട്ടത്തിൽ, നിരക്ഷരതയെത്തന്നെയും സൃഷ്ടിക്കാൻ പര്യാപ്തമാകുംവിധം വിപുലവും അനിവാര്യവുമായിരിക്കും

എന്നതന്നെയുമല്ല, മൂന്നുതരം ലിപികൾ പഠിച്ചു ക്ലേശിക്കാതെ ബാലവിദ്യാർത്ഥികൾക്കു് അല്പം ക്ലേശക്കുറവു നൽകാനുള്ള ഉദ്ദേശമാണിതിൽ മുന്നിട്ടു നില്ക്കുന്നതെങ്കിൽ, ഇംഗ്ലീഷിനെ ഔദ്യോഗികമായി നാട്ടിൽനിന്നു തുരത്താൻ യത്നിക്കാതിരിക്കുന്ന കാലത്തോളം, അവരെ ഒററ ഒരേ ലിപിമാത്രം പഠിക്കാൻ നിർബന്ധിക്കുന്നതല്ലേ കൂടുതൽ സുഗമമായ പദ്ധതി? അങ്ങനെയാണെന്നുള്ള പക്ഷം, പൊതുലിപിയായി വേണ്ടതു് റോമൻ ലിപിയാണു് ദേവനാഗരി അല്ല എന്ന വസ്തുത സ്പഷ്ടവുമല്ലേ? അതല്ല, പ്രാദേശിക ഭാഷകളെ ആശ്രയിച്ചുള്ള സംസ്കാരങ്ങളെ എല്ലാം നിരാകരിച്ചു് ഹിന്ദി ഭാഷയുടെ സംസ്കാരത്തെ ആസേതുഹിമാചല പര്യന്തം ഒന്നുപോലെ അടിച്ചേല്പിക്കാനുള്ള സംരംഭത്തിന്റെ മുന്നോടിയാണീ ശ്രമമെങ്കിൽ അതിനെ നാം സ്വാഗതം ചെയ്യുന്നതു് വളരെ കരുതലോടെ വേണ്ടിയിരിക്കുന്നു. "ഭാഷയോ, ലിപിയോ ജനങ്ങളുടെ മേൽ നിർബ്ബന്ധം ചെലുത്തി കെട്ടിവയ്ക്കുക എന്നതു കുഴപ്പങ്ങൾക്കു വഴിതെളിക്കും. മാററങ്ങൾക്കു ബന്ധപ്പെട്ട ജനവിഭാഗങ്ങളുടെ ഗണ്യമായ പിൻതുണ അത്യന്താപേക്ഷിതമാണു്." എന്നാണു് നെഹ്റു തന്റെ സന്ദേശത്തിൽ ഇതെപ്പററി പറഞ്ഞു കാണുന്നതു്. ഇതെത്രയോ പരമാർത്ഥമാണുതാനും.

ഇൻഡ്യയിൽ സംസ്കൃതം പണ്ഡിതഭാഷയായിരുന്ന കാലത്തു് ഉത്തര ഇൻഡ്യയിലെ ആറോ ഏഴോ വാമൊഴികൾക്കു് എഴുത്തുവിദ്യയായി ദേവനാഗരി ലിപിയെ സ്വീകരിപ്പിക്കുവാൻ അന്നത്തെ പണ്ഡിതന്മാർക്കു കഴിഞ്ഞു. എന്നാൽ, വിന്ധ്യനു തെക്കോട്ടു വരുംതോറും ആ നിർബന്ധത്തിന്റെ മുറുക്കം ഏററും ഫലിക്കാതെ ആണു് തീർന്നതു്. പ്രത്യേകിച്ചും, ദ്രാവിഡ ഭാഷകൾ സംസ്കൃതത്തിലെ അക്ഷരമാല മുഴുവൻ സ്വീകരിച്ച ഘട്ടങ്ങളിൽപോലും, അവയ്ക്കു സ്വന്തമായ ലിപി വിന്യാസം നല്കുവാനല്ലാതെ ദേവനാഗരിയെ നീക്കുപോക്കു കൂടാതെ കടമെടുക്കാൻ ഒരുമ്പെട്ടില്ല. ഇപ്പോഴും വാമൊഴിയായി മാത്രം അവശേഷിക്കുന്ന 'തുളു'ഭാഷ എഴുതേണ്ടി വരുമ്പോൾ എഴുതപ്പെടുന്നതു് കന്നാടക ലിപിയിലാണു് അല്ലാതെ ദേവനാഗരിയിലല്ല എന്ന വസ്തുത തന്നെ ദാക്ഷിണാത്യന്മാരുടെ ഇക്കാര്യത്തിലെ വഴക്കമില്ലായ്മയ്ക്കു മതിയായ ഉദാഹര

ണമായിരിക്കുന്നു. ഭാരതത്തിൽ മറെറങ്ങുമുണ്ടായിട്ടുള്ളതുപോലെയോ, അതിൽ വളരെ മികച്ചതോതിലോ സംസ്കൃത പണ്ഡിതന്മാർ ദക്ഷിണ ഇൻഡ്യയിൽ ഉണ്ടായിട്ടുണ്ടു്. അവർ പോലും തങ്ങളുടെ സംസ്കൃത നിബന്ധങ്ങളെ പ്രാദേശിക ഭാഷാ ലിപികളിൽ എഴുതിയിടാൻ മടിച്ചിരുന്നില്ല എങ്കിലും, ദേവനാഗരി ലിപിയെ ഇവിടത്തെ ഭാഷകളിൽ സംക്രമിപ്പിക്കുവാൻ യത്നിച്ചില്ല. അതതു ദേശത്തിന്റെ പ്രത്യേകമായ സംസ്കാരം പരിരക്ഷിക്കുന്നതിനു് അതതു ദിക്കിലെ ഭാഷയും അതിന്റെ സ്വായത്തമായ ലിപിയും തന്നെ നല്ലതെന്നവർ കണ്ടിരിക്കണം. സംസ്കൃതഭാഷ പ്രതിനിധാനം ചെയ്യുന്നതെന്തൊക്കെയോ, അതിന്റെ അവസാനത്താവളമായി അദ്യാപിവർത്തിക്കുന്ന തെക്കേ ഇൻഡ്യ ദേവനാഗരി ലിപിയുടെ സ്വീകരണക്കാര്യത്തിൽ ഉത്തരഭാരതത്തിൽനിന്നു കടകവിരുദ്ധമായ ഒരു നിലയാണു് സ്വീകരിച്ചതെന്നുള്ളതു് തുലോം അർത്ഥഗർഭമായ ഒരു ചരിത്രസത്യമാണു്. അതിനെ വിസ്മരിച്ചുകൊണ്ടുള്ള ലിപി പരിഷ്കാര ശ്രമങ്ങളൊന്നും ഇവിടെ വിജയിക്കുവാനും പോകുന്നില്ല.

ഇനി റോമൻ ലിപിയുടെ മഹിമകളെപ്പററി അല്പം പര്യാലോചിക്കാം. യൂറോപ്പ്, അമേരിക്ക, ആസ്ത്രേലിയ എന്നീ മൂന്നു ഭൂഖണ്ഡങ്ങളിലേയും ബഹുഭൂരിപക്ഷം ജനങ്ങളും സ്വീകരിച്ചിട്ടുള്ള ഒരു ലേഖന സമ്പ്രദായമാണതു്. ഇരുപത്തിയാറു് അക്ഷരങ്ങൾ മാത്രമുള്ള റോമൻ അക്ഷരമാല അച്ചടിയന്ത്രം, ടൈപ്പ്റൈററർ, ടെലിപ്രിൻറർയന്ത്രം, കമ്പിത്തപാൽ എന്നിവയുടെ പ്രവർത്തനങ്ങൾക്കു മറേറതു ലിപിയെക്കാളും കൂടുതൽ സൗകര്യമുള്ളതും, സമയലാഭവും വ്യയക്കുറവുമുള്ളതും ആയിരിക്കുന്നു. അനുദിനമെന്നോണം മുന്നേററം പ്രാപിച്ചുവരുന്ന വാർത്താസംഭരണ, വിതരണസ്ഥാപനങ്ങൾക്കു് ഇത്ര പററിയ വേറെ ലിപി ഇല്ലതന്നെ. ആകയാൽ ഇൻഡ്യയ്ക്കു് ഒരു പൊതു ലിപി അപരിത്യാജ്യമെങ്കിൽ, ആലോചനയും ദീർഘ വീക്ഷണവുമുള്ള ഏവരും സ്വാഗതം ചെയ്യേണ്ടതു് ഈ ലിപിവിന്യാസക്രമത്തെയാണെന്നും സ്പഷ്ടമായിരിക്കുന്നു. പക്ഷേ നമുക്കു് ഒരു പൊതു ലിപി അത്രമാത്രം അപരിത്യാജ്യമാണോ എന്നതു് അത്യന്തം അവധാനപൂർവ്വം പരിശോധിക്കേണ്ട ഒരു പ്രശ്നമാണു്. ശ്രീ. സി. രാജഗോപാലാചാര്യർ ഈ ലിപി പ്രശ്നത്തെ പരാമർശിച്ചുകൊണ്ടു പറയുന്നതു്, അച്ചടിയന്ത്രങ്ങളുടെ സൗകര്യത്തിനുവേണ്ടി ലിപികളുടെ സൗന്ദര്യം ബലികഴിക്കരുതെന്നും, ടൈപ്പ്റൈററുകളുടേയും ടെലിപ്രിൻററുകളുടേയും ആവശ്യത്തിനായി അക്ഷരങ്ങൾ അതിർകടന്നു ലഘൂകരിക്കരുതെന്നുമത്രേ. പകർപ്പു നിർമ്മാണോപാധികളായ ഇത്തരം യന്ത്രങ്ങളുടെ നിർമ്മാണം സജ്ജീകരണം, പ്രവർത്തനം എന്നിവയെ ആസ്പദമാക്കിയല്ലെങ്കിൽ, ഒരു പൊതു ലിപിക്കുവേണ്ടിയുള്ള മുറവിളിക്കൂട്ടലിനു് പ്രായോഗികമായ ഉന്നമൊന്നുമില്ല. നിലവിലുള്ള പരസഹസ്രം ഗ്രന്ഥങ്ങൾ മാററി അച്ചടിക്കേണ്ടിവരുമ്പോളുണ്ടാകുന്ന മഹത്തായ ധനനഷ്ടവും സമയനഷ്ടവും സാധൂകരിക്കാൻ വഴിയുമില്ല. ഇതിനെല്ലാത്തിനും പുറമേ, അച്ചടിയിലും വാർത്താവിതരണത്തിലും മററും വേണ്ടിവരുന്ന ഇന്നത്തെ തോതിലുള്ള ശ്രമങ്ങൾ ലഘൂകരിച്ചു കിട്ടുന്നതു്, അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിനു് ഗുണകരമോ വിപരീതമോ എന്നും നോക്കേണ്ടിയിരിക്കുന്നു. വേലക്കുറവും ആൾപ്പെരുപ്പവുമുള്ള നമ്മുടെ ഈ രാജ്യത്തു്, നിലവിലുള്ള എന്തെങ്കിലും വേല ഇല്ലാതായിത്തീരുന്നതുകൊണ്ടു് ജനസാമാന്യത്തിനു യാതൊരു പ്രയോജനവും സിദ്ധിക്കാനില്ല. ഒരു പൊതു ലിപി ഉണ്ടായിക്കിട്ടിയാൽ കൈവരുന്ന ശ്രമ ലഘൂകരണംപോലും, ഇങ്ങനെ, അതു വരുത്തിവയ്ക്കുന്ന മററു കുഴപ്പങ്ങൾക്കു പുറമേ, തത്കാലം ഉള്ള ജോലിയെ ഇല്ലാതാക്കാനുതകുമെന്നുള്ളതുകൊണ്ടും, രാജ്യത്തിന്റെ ഉത്തമ താല്പര്യങ്ങൾക്കനുഗുണമായിരിക്കയില്ല എന്നു കാണുവാൻ വിഷമമില്ല.

## 2. “കേരളകലാസംസത്തു്”

ഈ പേരിൽ ഒരു സാംസ്കാരികസംഘടന ഈ മാസം 29-ാംനു- തിരുവനന്തപുരത്തു് ഉദ്

ഘാടനം ചെയ്യപ്പെട്ടിരിക്കുന്നു. സ്റ്റേററ് തലസ്ഥാനവും, സർവ്വകലാശാലാകേന്ദ്രവുമായ ഈ നഗരത്തിൽ, സാംസ്കാരികാഭിവൃദ്ധിക്കായി പ്രവർത്തനം നടത്തുന്ന സ്ഥാപനങ്ങൾ വിരളമാണ്. കഴിഞ്ഞ കാലങ്ങളിൽ ഉന്നതങ്ങളായ ഉദ്ദേശങ്ങളോടും ആദർശങ്ങളോടും കൂടി, കലാപോഷണത്തിനും, ഭാഷാഭിവൃദ്ധിക്കുമായി അനേകം സംഘങ്ങൾ ഇവിടെ ഉദയം ചെയ്തിട്ടുണ്ടെങ്കിലും, അവയിലൊന്നുപോലും, ബാലാരിഷ്ടകളെ അതിജീവിച്ചു ലബ്ധപ്രതിഷ്ഠങ്ങളാകാൻ സംഗതിയായിട്ടില്ല. പ്രഗത്ഭ പണ്ഡിതന്മാരും, കലാകാരന്മാരും, സാഹിത്യപ്രണയികളും ധാരാളമുള്ള ഒരു സ്ഥലത്ത് സംഘടനകളുടെ യുഗമായ ഈ കാലഘട്ടത്തിൽ ഇപ്രകാരമൊരു വിപര്യയം സംഭവിക്കുന്നതെന്തുകൊണ്ടെന്നോ, അങ്ങനെ സംഭവിക്കേണ്ടതിന്റെ ആവശ്യമെന്തെന്നോ, ഇനിയും അറിയപ്പെടേണ്ടതായിട്ടാണിരിക്കുന്നത്. അതെങ്ങനെ ആയാലും ഇപ്പോൾ സ്ഥാപിതമായിരിക്കുന്ന "കേരളകലാസംസത്തി"ന് തന്റെ മുൻഗാമികളുടെ അനുഭവങ്ങൾ മുൻനിർത്തി ഒഴിവാക്കേണ്ടത് ഒഴിവാക്കിയും അടുപ്പിക്കേണ്ടതു ചേർത്തിണക്കിയും പലതും പ്രവർത്തിക്കുവാനുണ്ടായിരിക്കുമെന്നുള്ളതിൽ സംശയമില്ല.

ഒരു സംഘടന അഭംഗുരമായി തുടർന്നു പോകണമെങ്കിൽ അതിനു വേണ്ടത് അതിലുൾപ്പെട്ടിരിക്കുന്ന അംഗങ്ങളുടെ അന്യോന്യരഞ്ജനയും അവർ പ്രതിനിധീകരിക്കുന്ന അടിസ്ഥാനതത്വങ്ങളുടെ അഭ്യന്തരമായ ഊർജ്ജിതവും, പ്രതിഭയും പ്രാശസ്ത്യവും പ്രസന്നതയും ഉൾക്കൊള്ളുന്ന നേതൃത്വവും മററുമൊക്കെയാണല്ലോ. കേരളഭാഷയേയും കേരളീയ കലകളേയും ആവിഷ്കരിക്കാനും പുലർത്തുവാനും പരിഷ്കരിക്കാനും പുഷ്ടിപ്പെടുത്തുവാനുമായുള്ള തീവ്രതാല്പര്യമാണത്രേ ഈ സംഘടനയുടെ ആവിർഭാവത്തിന്റെ അടിസ്ഥാനതത്വം. അതിന്റെ നായകത്വം ഏറെറടുത്തിരിക്കുന്നത്, തിരുവനന്തപുരം സംസ്കൃതകാളേജ് പ്രിൻസിപ്പാൾ ശ്രീ. എൻ. ഗോപാലപിള്ളയുമാണ്. ശ്രീ. പിള്ളയുടെ പാണ്ഡിത്യത്തേയോ പ്രതിഭാവിലാസത്തേയോ വാക്പാടവത്തേയോ കുറിച്ചു മലയാളമറിയാവുന്നവരെ പറഞ്ഞു ബോദ്ധ്യപ്പെടുത്തേണ്ട ആവശ്യം ഞങ്ങൾ കാണുന്നില്ല. അദ്ദേഹം നിസ്തന്ദ്രനായി പ്രവർത്തിക്കുന്നപക്ഷം ഇതുമാതിരിയുള്ള ഏതു സംഘടനയും പേരിലും, പെരുമയിലും, നടപടികളിലും നാണ്യതയിലും ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടു മുന്നേറുമെന്നുള്ളതും നിസ്തർക്കമാണ്.

സംസത്തിന്റെ സ്ഥാപകാംഗങ്ങളായി ഇപ്പോൾ പേർ വെളിപ്പെടുത്തിയിട്ടുള്ള മററു മാന്യന്മാരും അവരവരുടെ സ്വന്തം നിലകളിലും കഴിവുകൾ അനുസരിച്ചും കേരളത്തിലെ സാംസ്കാരികരംഗത്ത് കുറഞ്ഞൊരുകാലമായി പ്രവർത്തനം നടത്തിപ്പോരുന്നവരാണ്. ശ്രീമാന്മാർ കെ. ദാമോദരൻ, ഡാക്ടർ ഭാസ്കരൻനായർ, ശൂരനാട്ടു കുഞ്ഞൻപിള്ള, ഡാ. പി. കെ. നാരായണപിള്ള എന്നിവർ കേരളചരിത്രം, കലശാസ്ത്രം, ഇതിഹാസം, ഗവേഷണം എന്നിങ്ങനെയുള്ള പ്രത്യേക വകുപ്പുകളിൽ തികഞ്ഞ പണ്ഡിതന്മാരും ധിഷണാശാലികളുമാണെന്ന നിഷ്പക്ഷബുദ്ധികൾ ഏവരും സമ്മതിച്ചിട്ടുള്ള ഒരു വസ്തുതയാണ്. സംഘടനയിലെ ഏകവനിതാമെമ്പറായ ശ്രീ. ചൊന്നിയൂർ മീനാക്ഷിഅമ്മ, തിരുവിതാംകൂർ സർവ്വകലാശാലാകോളേജിലെ മലയാളം ശാഖയുടെ ചീഫ് പ്രൊഫസറും, ഭാഷയിൽ രണ്ടുമൂന്നു നല്ല ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള മഹതിയുമാണ്. ശ്രീമാന്മാർ മഹാകവി വെണ്ണിക്കുളം, പി. ദാമോദരൻപിള്ള, പി. കെ. പരമേശ്വരൻനായർ, ബാലരാമപ്പണിക്കർ, എം. പി. അപ്പൻ, നാലാങ്കൽ കൃഷ്ണപിള്ള എന്നിവരുടെ സാഹിത്യപരവും കലാപരവുമായ പ്രവർത്തനങ്ങൾ മലയാളവായനക്കാരെ പുത്തനായി പറഞ്ഞറിയിക്കേണ്ട ആവശ്യമുള്ളവയല്ല. സംസത്തിന്റെ ഖജാൻജിയായ ശ്രീ. ബി. പത്മനാഭപിള്ള സർവകലാശാലാ പ്രസിദ്ധീകരണ വകുപ്പിന്റെ ഉപാദ്ധ്യക്ഷനും, കുറെ കൊല്ലം മുമ്പ് ഇവിടെ സ്ഥാപിച്ചു വിജയകരമായി പ്രവർത്തനം നടത്തിവന്നിരുന്ന

(ശേഷം 33-ാം പേജിൽ)

# വി. സി. ബാലകൃഷ്ണപ്പണിക്കർ (കൊ. 1064–1088)

എം. ആർ. ബാലകൃഷ്ണവാരിയർ എം. ഏ.

ഭാഷാകവിതാമണ്ഡലത്തിൽ ഒരുല്ക്കയെന്നപോലെ മിന്നിമാഞ്ഞ കവിയായിരുന്നു പണിക്കർ. ഇരുപത്തഞ്ചു വയസ്സു തികയുന്നതിനു മുമ്പ് അകാലചരമം പ്രാപിച്ച വി. സി. കവിയായി ഉദയംചെയ്തതു് ഉച്ചസ്ഥാനത്താണു്. വാസനാസമ്പന്നനായ ആ യുവാവിനു് കവിതാപാടവം ബാല്യത്തിൽതന്നെ മുളച്ചുതഴച്ചു. വിദ്വാൻ ഏട്ടൻ തമ്പുരാന്റെ ശിഷ്യനായി സംസ്കൃതത്തിൽ സാമാന്യവ്യുല്പത്തിയും ഇംഗ്ലീഷിൽ അല്പപരിചയവും സമ്പാദിച്ച പണിക്കർ പതിനെട്ടു വയസ്സു തികയുന്നതിനുമുമ്പുതന്നെ അന്നത്തെ സാഹിത്യകാരന്മാരുടെ മുന്നണിയിൽ എത്തിച്ചേർന്നു. സ്വശക്തിയിലും പ്രവണതകളിലും പൂർണ്ണവിശ്വാസം ഉണ്ടായിരുന്ന ബാലൻ പത്രപ്രവർത്തനത്തിലാണു് ആദ്യമായി കാലുകുത്തിയതു്. കോഴിക്കോടൻ 'മനോരമ'യിൽ അല്പകാലം പയററിയശേഷം, തൃശ്ശൂരിൽനിന്നു് നടത്തിയിരുന്ന കേരളചിന്താമണിയുടെ പത്രാധിപത്യം സ്വീകരിച്ചു. മൂന്നു കൊല്ലത്തോളം ആ നിലയിൽ തുടർന്നു് കൊച്ചിയിലെ പല ഉദ്യോഗസ്ഥന്മാരുടേയും അധർമ്മചേഷ്ടിതങ്ങളെ നിശിതമായും ധീരമായും വിമർശിച്ചു് തന്റെ പേനയുടെ ശക്തിയും ഉശിരും പ്രകടമാക്കി. ഈ ബാലപത്രാധിപരുടെ പ്രസന്നോജ്ജ്വലമായ ഗദ്യശൈലിയുടെ മൂർച്ച് പല ഉദ്യോഗസ്ഥ ദുഷ്പ്രഭുക്കൾക്കും മനഃശല്യത്തിനും സങ്കടത്തിനും കാരണമായി. വീ. സി. യുടെ അത്യുൽക്കടമായ ദേശീയബോധം ഉടലെടുത്തതും ഇക്കാലത്താണു്. ബംഗാൾ വിഭജനത്തിൽനിന്നും ഉയർന്നുപൊങ്ങിയ ദേശീയ പ്രബുദ്ധതയുടെ അലകൾ ഈ ബാലഹൃദയത്തെയും ഉന്മേഷിപ്പിച്ചു. ജനഹിതത്തിൽ അധിഷ്ഠിതമായ ഭരണത്തിനുവേണ്ടി ആവേശത്തോടുകൂടി പത്രപംക്തികളിലും പ്രസംഗവേദികളിലും നിന്നു് ആഹ്വാനം മുഴക്കിത്തുടങ്ങി. പിന്നീടു് മലബാറിലേക്കു മടങ്ങി തിരൂരിൽനിന്നു് 'മലബാറി' എന്നൊരു പത്രം ആരംഭിച്ചു് അതിന്റെ ആധിപത്യം കയ്യേററു. പഴയ ധീരമായ നയം തന്നെ പത്രാധിപരായി തുടർന്നു് ദേശീയാദർശപ്രചരണത്തിനു് അളവററ സഹായം ചെയ്തു. ഇതിനിടയ്ക്കു് പണിക്കർ കഠിനാദ്ധ്വാനത്തിന്റെ ഫലമായി ക്ഷയരോഗ ബാധിതനായിത്തീർന്നു. ദേഹസ്ഥിതിനോക്കാതെ അവിശ്രാന്തം പ്രവർത്തിച്ചപ്പോൾ പെട്ടെന്നു് ശയ്യാവലംബിയാകയും പ്രസിദ്ധഭിഷഗ്വരനായ പി. എസ്സ്. വാരിയരുടെ സമർത്ഥ ചികിത്സയാൽ തല്ക്കാലത്തേക്കു് സുഖം പ്രാപിക്കയും ചെയ്തു. സ്വദേശമായ കുഗ്രാമത്തിൽ അല്പകാലം വിശ്രമിച്ചശേഷം വീണ്ടും കൊച്ചിയിലെത്തി 'ചക്രവർത്തി'യുടെ പത്രാധിപത്യം ഏറെറടുത്തു. ഒന്നരക്കൊല്ലത്തോളം അവിടെ കഴിച്ചപ്പോഴേക്കു് പഴയരോഗം പൂർവ്വാധികം ശക്തിയോടെ വീണ്ടും തലപൊക്കി. അതു് ക്രമേണ വർദ്ധിച്ചു് ഏതാനും മാസങ്ങൾക്കുള്ളിൽ ഇരുപത്തഞ്ചുവയസ്സു് തികയുന്നതിനു മുമ്പു് ആ അത്ഭുതജീവിതം പൊലിഞ്ഞു തകരുകയാണുണ്ടായതു്.

ഈ ഹ്രസ്വജീവിതത്തിൽ അതിമേധാവിയും പ്രതിഭാസമ്പന്നനുമായ വീ. സീ. കാവ്യാദ്ധ്വാവിൽ ഏറെദൂരം സഞ്ചരിച്ചു് പലതും നേടി. ഭാഷയുടെ അന്നത്തെ നിലയ്ക്കു് അവ ആരിലും അത്ഭുതമുളവാക്കുന്ന പണ്ടങ്ങളുമായിരുന്നു. പണിക്കരുടെ ആദ്യകവനങ്ങൾ മിക്കവാറും ഭക്തിരസദ്യോതകങ്ങളും ജീവിതവൈരാഗ്യനിർഭരങ്ങളുമാണു്. യുവഹൃദയങ്ങളിൽ സാധാരണമായി അലതല്ലുന്നതു് പ്രണയവികാരങ്ങളുടെ തീവ്രമായ ആവേശമാണല്ലൊ. പണിക്കരാകട്ടെ, ലൌകികാഡംബരങ്ങളിലും സുഖസന്തോഷങ്ങളിലും പരാങ്മുഖനായി ഈശ്വരചൈതന്യത്തിൽ ലീനമനസ്സനായിട്ടാണു് കവിതാരംഗത്തിലേക്കു് കാലുവെക്കുന്നതും. 'കുമാരസ്തോത്രമാല' മുതലായ സ്തോത്രരൂപത്തിലുള്ള ആദ്യകവിതകളിലെ അനുസ്യൂതമായ അന്തരീക്ഷം ഇതുതന്നെ, മനം കുളർപ്പി

ക്കുന്ന ലൌകിക സുഖങ്ങളോടുള്ള വിരക്തി അദ്ദേഹത്തിൻെറ മിക്ക കൃതികളിലും നിഴലാടിയിട്ടുമുണ്ട്. എന്നുതന്നെയല്ല, ജീവിതാരാമത്തിലെ സുഗന്ധ പുഷ്പങ്ങൾ തേടി മധുവുണ്ണുവാൻ, മുരണ്ടു നടക്കാനുള്ള ഒരുമ്പാടേയില്ല. ജീവിത വീക്ഷണത്തിൽ ഏതാണ്ടൊരു ചിന്താകുലത്വം പണിക്കരുടെ കവിതയുടെ മായാത്ത മുദ്രയാണ്. വൈരാഗ്യത്തിൻെറ വക്കുവരെ അതിൻെറ വേലിയേറ്റം കാണാം. യുവസഹജമായ വികാരത്തിളപ്പല്ല, അനുഭവജന്യമായ വിചാരപരത്വമാണ് അതിൻെറ ജീവൻ. തത്വചിന്തോന്മുഖമായ കവിതയായതാണ് അതിൻെറ പുതുമ. വികാരത്തിൽ തുടങ്ങി വിചാരത്തിലെത്തിച്ചേരുന്ന കവിത, അതാണ് വീ. സീ. യുടെ മെച്ചം.

വീക്ഷണത്തിലും ഉള്ളടക്കത്തിലും മാത്രമല്ല ഈ നവീനത്വം ദൃശ്യമാകുന്നതും. പഴയ കവിസങ്കേതങ്ങളുടെ അടിമത്വത്തിൽ ആ സ്വാതന്ത്ര്യബുദ്ധി നില്ക്കുന്നതിന് അഭിലഷിക്കയില്ല. അലങ്കാരാഭ്യാസങ്ങളിൽ ഒട്ടുംതന്നെ ഔത്സുക്യം പ്രദർശിപ്പിക്കുന്നതുമില്ല. ഔചിത്യപൂർവ്വമായ അലങ്കാരപ്രയോഗം ആവശ്യത്തിനുമാത്രമേ തേടുകയുള്ളൂ. ആഭരണങ്ങളുടെ കനംകൊണ്ട് ആ കാവ്യലക്ഷ്മി അവനമ്രയാകുന്നില്ല. അവയുടെ വൈവിധ്യംകൊണ്ട് വിഭ്രമജനകവുമല്ല. രചനയുടെ സൌഷ്ഠവം ആരേയും ആകർഷിക്കും. വെണ്മണിക്കവിതയിലെ നിരർത്ഥക പദപ്രയോഗം പണിക്കരുടെ കവിതയിൽ പ്രായേണ വിരളം തന്നെ. അർത്ഥമില്ലാത്ത ഓരോവാക്കുകൊണ്ടു പോലും വിടവടയ്ക്കാനോ മേനിപിടിപ്പിക്കുവാനോ മുതിരുന്നില്ലെന്നുള്ളതു് ഈ ബാലകവിയിൽ ആരേയും അത്ഭുതപ്പെടുത്തും. കൌമാരകൃതികളിൽപോലും രചനയെ സംബന്ധിച്ചേടത്തോളം കൃതഹസ്തത പ്രദർശിപ്പിക്കുന്നതാണ് ഈ കവിയുടെ മേന്മ. മധുര മണിപ്രവാളത്തിൻെറ മോഹനലാസ്യത്തിൽ പുളകം കൊള്ളാത്തവരാരാണ്? 'നാഗാനന്ദം മണിപ്രവാള'വും, 'ദേവീസ്തവവും' 'വാസുദേവദുർഗ്ഗാഷ്ടക'ങ്ങളും 'മങ്കിഗീത'യും മററും ബാല്യകൃതികളാണെന്നുള്ള പ്രതീതി ആരിലും ഉണ്ടാക്കുകയില്ല. അവയുടെ രചനാസൌകുമാര്യവും വാഗർത്ഥങ്ങളുടെ അനുരഞ്ജന സാമർത്ഥ്യവും അത്രമാത്രം ഹൃദയാകർഷകമാണ്. അവയുടെ ഉള്ളടക്കത്തിലും പ്രതിപാദനത്തിലും പ്രകടമാകുന്ന തൻേറടവും അഴകും പക്വതയും ശയ്യാഗുണവും നമ്മെ ആശ്ചര്യസ്തിമിതരാക്കാതെയിരിക്കയില്ല.

'കാദംബക്കാട്ടിലത്യുജ്ജ്വലകനകമണീ
മണ്ഡപത്തിങ്കലാവി—
ർമ്മോദം മാണിക്യവീണാ മധുരരവമിണ
ങ്ങുന്ന ഗാനങ്ങൾ പാടി
വേദജ്ഞന്മാർക്കുപോലും വെളിവിലറിയു
വാനാവതല്ലാത്തവിദ്യാ
ച്ഛേദം ചെയ്തുല്ലസിക്കും പരമശിവ പരാ
ശക്തി പാലിക്കണം നീ'

എന്നു തുടങ്ങിയ പദ്യങ്ങളിൽ പണിക്കരുടെ സ്വായത്തമായ കാവ്യശയ്യയുടെ ചാതുര്യം ദർശിക്കാം.

പണിക്കരുടെ 'മങ്കിഗീത' ഒരു ദ്രുതകവനമാണെങ്കിലും അതിൽ പ്രത്യക്ഷപ്പെടുന്നതു് സ്വതസ്സിദ്ധമായ കവനനൈപുണ്യം തന്നെയാണ്. ഒരു യാമംകൊണ്ട് എഴുതിത്തീർത്ത ആ ചേതോഹരമായ വൈരാഗ്യഗീതയിൽ ഭാവനയുടെ മിഴിവുകുറവോ അശിക്ഷിതത്വത്തിൻെറ അപ്രാഗത്ഭ്യമോ കണികാണുവാൻ പോലുമില്ല. 'മാനവിക്രമീയം' തൻെറ ഗുരുവിൻെറ അപദാനങ്ങളെ പ്രതാപരുദ്രീയത്തിൻെറ മാതൃകയിൽ പ്രകീർത്തിച്ചു രചിച്ച ഒരു കവന തല്ലജമാണ്. 'കുമാരചരിത്ര'വും 'ഇന്ദുമതീസ്വയംവര'വും അക്കാലത്തെ നാടകഭ്രമത്തിൻെറ അലതല്ലിയതിൻെറ ഫലവുമത്രേ. 'സാമ്രാജ്യഗാഥ'; 'ഭൂപാലമംഗളം', 'ഹാനോവർ വംശാവലി' മുതലായ ഖണ്ഡകൃതികളും മററും പത്ര പംക്തികളുടെ ആവശ്യത്തിലേക്കായി ഓരോ അവസരങ്ങളിൽ രചിച്ചവയാണ്. ഇവയിലെല്ലാം പണിക്കരുടെ കാവ്യാംഗനയുടെ തനിരൂപം ആർക്കും കാണാം. പക്ഷേ പത്തൊമ്പതാം വയസ്സിൽ വിരചിച്ച 'വിലാപ'ത്തിലും 'വിശ്വരൂപ'ത്തിലുമത്രേ ആ കവിജ്യോതിസ്സിൻെറ ഉച്ചസ്ഥാനം. അവയാണ്

വീ. സി. യുടെ കാവ്യകലയുടെ യശസ്തംഭങ്ങൾ. ഒരു 'വിലാപ'ത്തിൽ കവിയുടെ ഹൃത്തലത്തിലലച്ച ഒരു തീവ്രവികാരം വിജനതയിൽ വേലിയേററംകൊണ്ടു് ബഹിൎഗ്ഗമിക്കയാണു്. അതിൻെറ ആധാരം ഒരു യഥാൎത്ഥവിയോഗമാണെന്നു മാത്രമല്ല, അതിൽ പതഞ്ഞു പൊങ്ങിവരുന്ന വികാരവിചാരങ്ങൾ സ്വാനുഭവത്തിൽ മുളച്ചു വളൎന്നുമത്രേ. മലയാളത്തിലെ വിധുരവിലാപ കാവ്യങ്ങളുടെ മുന്നണിയിൽ അതു നിലകൊള്ളുന്നു.

നടപ്പുദീനത്താൽ അന്തരിച്ചുപോയ തൻെറ ദയിതയുടെ പൂമേനി താങ്ങിക്കൊണ്ടു് വൎഷകാലത്തിലെ ഒരു നട്ടപ്പാതിരയ്ക്കു് വിളക്കിൻെറ അരികിൽ ഇരിക്കുന്ന നായകൻ വിലപിക്കുന്നതാണു് ഇതിലെ പ്രതിപാദ്യം. ആദ്യത്തെ ആറു ശ്ലോകങ്ങളിൽ ആ ദുഃഖപൂൎണ്ണസംഭവത്തിൻെറ പശ്ചാത്തല വൎണ്ണനയാണു്. മഴക്കാലപ്പാതിരയിൽ മൃതദേഹത്തെ തഴുകി കണ്ണീരിൽ ആറാടി നീറുന്ന കദനത്തിൽ കഴിച്ചിരുന്ന ദയിതൻെറ ദയനീയാവസ്ഥ കവി വൎണ്ണിക്കുന്നു. ആ വൎഷാനിശീഥത്തിലെ ഏകാന്ത ഭീകരതയെ കൂമൻെറ മൂളലും കുററിച്ചൂളാൻെറ കൂകലും വൎദ്ധിപ്പിച്ചതേയുള്ളു. പലവിധ വികാരതരംഗങ്ങൾക്കു് വിധേയനായ വിധുരൻ 'രക്തനാഡീസ്തോമം സ്തംഭിക്കയാ'ൽ പരിസരങ്ങളെക്കുറിച്ചു് വിഷാദമൂൎച്ഛയിൽ ഒന്നും അറിയുന്നില്ല. കലങ്ങിയ മിഴികളോടും മങ്ങിവീങ്ങിയ കപാലത്തോടുംകൂടി ഒരു വെറും നിൎജ്ജീവമായ പാവയെപ്പോലെ നിശ്ചലനായിരുന്ന ആ യുവാവു് ആൎത്തിത്തികവുകൊണ്ടു് നഷ്ടചേതനനായി പെരുമാറിയവിധം കവി സ്വാഭാവികതയോടെ വൎണ്ണിക്കുന്നു. മൃതയായ സാധ്വിക്കു് മംഗളം ആശംസിച്ചുകൊണ്ടാണു് വിലാപത്തിൻെറ തുടക്കം. അവളുടെ അന്ത്യയാത്ര ആനന്ദപ്രദമാകുന്നതിനും വാനോർ വനിതകളുടെ അഗ്രാസനത്തിൽ അവൾ മിന്നുന്നതിനും നന്ദനത്തോപ്പിൽ എന്നും വിഹരിക്കുന്നതിനും സംഗതിവരുമെന്നാണു് നായകനായ കവിയുടെ ആശംസ. പക്ഷേ 'മരിച്ചാലേശാൻ പോകുന്ന യാഥാൎത്ഥ്യസ്ഥിതികളെ'പ്പററിയുള്ള ജ്ഞാനം മാനവബുദ്ധിക്കു് അപ്രാപ്യമാകയാൽ അതുവരെ കഴിച്ചുകൂട്ടിയ പ്രണയസുരഭിലമായ ജീവിതം, അടുത്ത ജന്മമുണ്ടെങ്കിൽ, ഒന്നുകൂടി അനുഭവിച്ചു് 'അമിതപരചിദാനന്ദകന്ദം' ഭുജിക്കാമെന്നു് പ്രത്യാശിക്കുന്നു. ധൈൎയ്യം, യുദ്ധപ്രവണത, സരളവാഗ്വിലാസം എന്നീ നിസ്തുല സ്ത്രീ ഗുണങ്ങളുടെ വിളനിലമായിരുന്ന അവളുടെ സൽഗുണാതിരേകം മുഴുവനും വികസിച്ചു് വെളിപ്പെടാതെ, 'കടക്കം വാതാവേശാൽ പ്രപഞ്ചത്തിരയടിയിലകപ്പെട്ട' ചോട്ടിലായ അവളുടെ ദുൎവ്വിധിവൈപരീത്യത്തെക്കുറിച്ചു് അയാൾ വിലപിക്കുന്നു. ദിവ്യപ്രകൃതിയുടെ വിശേഷോത്തരങ്ങളായ വികാരങ്ങളെ അറിയുന്നതിനുള്ള വൈഷമ്യവും എല്ലാത്തിനും മീതെ വിജയിക്കുന്ന മഹാശക്തിയുടെ അലംഘനീയനിയമവും, ലാവണ്യം, കീൎത്തി, മനസ്ഥിതി, പ്രതാപം എന്നിവ അവസാനത്തിൽ മൂലപ്രകൃതിയിൽ ലയിച്ചുണ്ടാകുന്ന പൎയ്യവസാനവും മററും സമൎത്ഥിച്ചുകൊണ്ടു് വിലാപം തുടരുന്നു. 'കദനത്തിൻെറ കയത്തിൽ നീന്തിക്കുഴയുകയും ഇടയ്ക്കു് തത്വചിന്തകളുടെ പൊങ്ങുതടികളിൽ കടന്നു പിടിച്ചു് ആശ്വസിക്കുവാൻ ശ്രമിക്കയും എന്നാൽ കരപററാൻ കഴിയാതെ വീണ്ടും അഴലിൻെറ ആഴത്തിലേക്കു് മറിഞ്ഞു താഴുകയും' ആണു് വിധുരൻ ചെയ്യുന്നതു്. പ്രപഞ്ചത്തിലെ സുന്ദരവസ്തുക്കളുടെ നശ്വരഭാവം ബാലാദിത്യൻ അരിമയൊടു തലോടുന്ന പനിനീൎപ്പൂവും മല്ലീമതല്ലിയും കാണിക്കുന്നതിനെ അറിഞ്ഞു മനസ്സിലാക്കി 'നാദാന്ത ബ്രഹ്മനിഷ്ഠാ വഴിയിലകമുറച്ചേവമോൎത്താലും, വേദാന്തക്കൺവെളിച്ചം വിരഹമഷിപിടിച്ചും' മങ്ങിപ്പോകുമെന്നു് സ്വയം സമ്മതിക്കുകയും 'ഭവച്ചങ്ങല വലയിലകപ്പെട്ടു് കാലാലയത്തിൻ വാതിക്കൽപോയ് തിരിയെ മുട്ടുന്നാ' ജീവിതം ഭാരഭൂതമായി കരൾക്കെട്ടു് പൊട്ടിത്തകരുന്ന പതനത്തിലെത്തിയതായി വിലപിക്കുകയും ചെയ്യുന്നു. നൈസൎഗ്ഗിക മധുരിമയെ കളിത്തോഴിയാക്കി ഭുവനരംഗത്തിൽ വിളങ്ങിയിരുന്ന ആ ആത്മപ്രസാദത്തിൻെറ മൂൎത്തീകരണം അന്തൎദ്ധാനം ചെയ്തതോടുകൂടി ജീവിതാ

യോധന മുറിവുകൾ ഏറ്റ് വാടിവലഞ്ഞ് പ്രേതത്തെപ്പോലെ ഓറയായ് നടക്കേണ്ട വിധുരനെ ഓമനക്കാറ്റ് പുൽകുന്ന കൈതപ്പൂവ് അപഹസിക്കാതിരിക്കയില്ലെന്ന് ഭയപ്പെടുന്നു. പക്ഷിവ്രജത്തിന്റെ മധുരഗാനവും ദിനമണിയുടെ സ്നേഹനിർഭരമായ പുൽകലും ആ ദീർഘനിദ്രക്കു ഊനം വരുത്താതെ നിയതി നിയോഗത്തിനാൽ മുദ്രിതങ്ങളായ അവളുടെ കണ്ണുകൾ ആ നിതാന്തിമുക്തി അനുഭവിച്ചുകൊള്ളുമെന്ന് കാമുകൻ വിശ്വസിക്കുകയും ചെയ്യുന്നതോടുകൂടി വിലാപം അവസാനിക്കുന്നു.

പണിക്കരുടെ വിലാപകാവ്യത്തിനുള്ള മെച്ചം അതിന്റെ ഹൃദ്യമായ സ്വാഭാവികതയും അകൃത്രിമത്വവുമാണ്. 'വിരഹവിഷാദംബുധം ക്കോളിളക്കം' നിശ്ശേഷമായ നൈരാശ്യത്തിലിചെന്ന് നിപതിക്കുന്നുവെന്ന് പറവാൻ മേലാ. നിയതിയുടെ കടുംകൈകൊണ്ടു പിടയ്ക്കുന്ന ഹൃദയത്തിന്റെ തേങ്ങലും രോദനവും ത്രസനവും അതിൽ കേൾക്കാം. തീവ്രദുഃഖാകുലമായ വിലാപത്തിൽ നിന്ന് തത്വചിന്തകൊണ്ട് ആശ്വാസവും ഉപശാന്തിയും ലഭിക്കാതെ വലയുന്ന കാഴ്ചയാണ് ഇതിൽ. ഉന്നയിക്കുന്ന തത്വശകലങ്ങൾ സാധാരണങ്ങളാണെന്നുവരികിലും അവയെ ആവിഷ്കരിക്കുന്ന രീതിയിൽ പുതുമയും തന്റേടവും കാണാം. ദുഃഖാഭിഘാതത്താലുണ്ടാകുന്നതു് വെറും നൈരാശ്യവും നാസ്തികതയും അല്ല. ആ ഹൃദയദൌർബല്യത്തിലേക്കു പണിക്കർ വഴുതി വീഴുന്നുമില്ല. വീഴുന്നുവെങ്കിൽ ക്ഷണമാത്രമായിട്ടേയുള്ളുതാനും. അതു് സ്ഥായിഭാവമായി വികസിച്ചു വളരുന്നില്ല തന്നെ. തത്വവിജ്ഞാന ശകലങ്ങളിൽ തത്തിപ്പിടിച്ച് താപോപശാന്തി കൈവരുത്തുവാൻ കഴിയാതെ ദുഃഖാർണ്ണവത്തിൽ കുഴഞ്ഞു വീഴാനും തകർന്നു താഴാനും ഇടയാകുന്നില്ല. ഈ വിലാപത്തിൽ കരുണരസത്തിന്റെ സ്ഥായിയായ സർവ്വാധിപത്യത്തിന് ഒടിടിവും ഉണ്ടാകുന്നുമില്ല. പണിക്കരുടെ ഈ സുന്ദരകൃതി ഭാഷാകവിതയുടെ ഒരു നവീന ദശയിലേക്കുള്ള കാൽവയ്പാണ്.

'വിശ്വരൂപം' വീ. സി. യുടെ കവനകലയുടെ ഉന്നതശൃംഗത്തെ പ്രദർശിപ്പിക്കുന്നുവെന്നതിനു സംശയമില്ല. സൂര്യാസ്തമയം മുതൽ പ്രഭാതം വരെ സാഗരതീരത്തിൽ വിഹരിക്കുന്ന കവിഹൃദയത്തിന്റെ ദിവ്യാനുഭൂതികളുടെ സമാഹാരമാണ് ആ കവനതല്ലജം. പ്രകൃതിയുടെ ദിവ്യസൌന്ദര്യം പകർന്നു കൊടുക്കുന്ന ഒരു കനക ചഷകമാണ് അതു്. അതിലെ അസ്തമയ വർണ്ണനയുടെ അകൃത്രിമലാവണ്യം ഏതനുവാചകനേയും പുളകം കൊള്ളിക്കും:—

'കല്ലോലമാലകളടിച്ചടി വിട്ടുയർന്നു
വാരാശിഗുപ്ത നവരത്ന നിറക്കുടങ്ങൾ
വാനത്തടിഞ്ഞുടലുടഞ്ഞുതിരുന്നനേരം
ജാജ്വല്യമാനമണിരാശി പരന്നതാമോ?

ആദിത്യദീപമെരിയുന്നതു കണ്ടുചുറ്റും
മോഹിച്ചു ചിത്രശലഭങ്ങളണഞ്ഞതാമോ?
അല്ലെങ്കിലസ്തമയ പർവ്വതമസ്തകത്തിൽ
ഗോമേദകച്ചെറുപുഴുക്കളിഴഞ്ഞിടുന്നോ?

നവനവങ്ങളായ ഉല്ലേഖങ്ങളാലും ചിന്താദീപ്തിയാലും ഭാവമധുരമായ കവിതയിൽ പ്രകൃതിയുടെ മനോഹാരിത്വം പ്രതിബിംബിപ്പിച്ചിരിക്കുന്നതു തന്നെ അന്നത്തെ ഭാഷാകവിതയിൽ പുതുമയുള്ള കാഴ്ചയാണ്. കവിയുടെ ഭാവന മനക്കരുന്നുലഞ്ഞു നിരൂപിച്ചു ചിന്താസരണിയിൽകൂടി വേദാന്തത്തിന്റെ ഏകത്വത്തിലേക്കുതന്നെ ഉയരുന്നു:—

'ഒന്നുള്ളതാണതിനു നാശവുമില്ലതോറ്റ
ചേന്നോന്നുമുണ്ടൊരു മഹത്തരശക്തിനില്ലം
സത്താകുമാവലിയശക്തി സമസ്തലോക
വിത്താണതിൻ പ്രകൃതിയാൽകൃതമിപ്രപഞ്ചം

ആ വമ്പെഴും പ്രകൃതി തൻ പ്രഥമം വികാര
മോങ്കാരമാം പരിചമായ രസാനുമേയം
ആകാശമൂഴി ജലമഗ്നിമരുത്തിവയ്യോ
രാധാരമദ്ഭുതകരം പരമുല്ലസിപ്പൂ'

അതിദുർഗ്ഗമമായ വേദാന്തചിന്തയിൽകൂടി മഞ്ജുളപദവിന്യാസത്തോടെ നൃത്തംചെയ്യുന്ന കവനകല 'വിശ്വരൂപ'ത്തിൽ എവിടേയും കാണാം. അതുല്യപദാർത്ഥമെല്ലാം ഒത്തും മുദ്ധ്വ

# മതവും ശാസ്ത്രവും

## അവയെ റസ്സൽ എങ്ങനെ വീക്ഷിക്കുന്നു?

വക്കം അബ്ദുൽഖാദർ

ആധുനികചിന്താലോകത്തു് ബെർട്രൻഡ് റസ്സലിനുള്ള പ്രാധാന്യം ബഹുമുഖമാണു്. മനുഷ്യജീവിതത്തിന്റെ സിദ്ധാന്തപരവും പ്രായോഗികവും ആയ എല്ലാ വശങ്ങളോടും ഇത്ര ഗാഢമായി ബന്ധപ്പെട്ടുനില്ക്കുന്ന മറെറാരു ചിന്തകനെ ഈ കാലത്തു് നാം അറിയുന്നില്ല. ഗണിതം, തത്വജ്ഞാനീയം, ശാസ്ത്രവിചിന്തനം, വിദ്യാഭ്യാസം, സമുദായതന്ത്രം, രാജ്യതന്ത്രം, മനശ്ശാസ്ത്രം, ചരിത്രം, നീതിശാസ്ത്രം എന്നിവയുടെ അംഗങ്ങളിലെല്ലാം റസ്സൽ തന്റെ സമുന്നതമായ വ്യക്തിത്വത്തെ സ്ഥാപിച്ചിട്ടുണ്ടു്. അവയിൽ അദ്ദേഹം പ്രാമാണികത്വവും നേടിയിട്ടുണ്ടു്. റസ്സലിന്റെ ചിന്തകളിലും ദർശനങ്ങളിലും ബുദ്ധിയും ഹൃദയവും ആനുപാതികമായി സമഞ്ജസമായി അവയുടെ പങ്കു് നിർവഹിക്കുന്നതു കാണാം; അദ്ദേഹത്തിന്റെ ചിന്ത പ്രസന്നവും, ലളിതവും, ഗംഭീ

---

നികളാൽ അതിരമ്യമായും നാനാരസാത്മകതപൂണ്ടും ഉയർന്നു മിന്നുന്നതായി കവി കണ്ട കടപ്പുറംപോലെ തന്നെയാണു് അദ്ദേഹത്തിന്റെ കവിതയും. പ്രകൃതി പണിക്കരുടെ കൈയ്യിൽ പിന്നേയും 'സാഹിത്യസാരമവതാരമിയന്നു' എന്നു പറയുന്നതു് പരമാർത്ഥമാണുതാനും.

ഗദ്യകാരനായും പണിക്കരുടെ കഴിവു് അസാമാന്യംതന്നെ. നല്ല ചുട്ടും ചുണയുമുള്ള മുഖപ്രസംഗങ്ങളും തീപ്പൊരി ലേഖനങ്ങളും നിരന്തരം എഴുതിക്കൊണ്ടിരുന്ന അദ്ദേഹത്തിന്റെ ഗദ്യശൈലി അന്നത്തെ നിലയ്ക്കു'' ഒരു വലിയ നേട്ടമാണു്. പദ്യത്തിലേക്കാൾ കൂടുതൽ പ്രവർത്തിച്ചതും ഗദ്യത്തിലാണു്. 'മാലനീദേവി' എന്ന കഥയും 'ജന്മകവികൾ' എന്നു തുടങ്ങിയ ഉപന്യാസങ്ങളും അദ്ദേഹത്തിന്റെ ഗദ്യരീതിയുടെ ഉൽകൃഷ്ടതയെ വെളിപ്പെടുത്തുന്നവയാണു്. കവിയായും ഗദ്യകാരനായും മലയാളസാഹിത്യത്തിന്റെ നവോത്ഥാനത്തിൽ പണിക്കർ വഹിച്ച പങ്കു് നിസ്സാരമല്ല. ഇരുപത്തഞ്ചു വയസ്സിനു മുമ്പു് ഇതൊക്കെ സാധിച്ചതു് ഒരു നേട്ടം തന്നെയാണു്. പണിക്കരുടെ ചിന്താസ്വാതന്ത്ര്യവും തനിക്കു താൻ പോന്നമട്ടും പ്രഗൽഭനായ പത്രാധിപരായി തീരുന്നതിനും സഹായമായി. കേരളസാഹിത്യചക്രവർത്തിയായി ബഹുമാനിതനായിരുന്ന കേരളവർമ്മയ്ക്കു് 'മലബാറി'പ്പത്രം ഉപേക്ഷിച്ചപ്പോൾ:—

മൂന്നാണങ്ങേയ്ക്കു പണ്ടേ ദയിതകൾ, അവരിൽ
 സ്വസ്ഥയായേക; കഷ്ടം!
പിന്നീടുള്ളോൾ പുകൾപ്പെണ്ണു, വിളപര
 പുരാന്തങ്ങളിസ്സഞ്ചരിപ്പൂ;
ഭാഷായോഷിത്തുപെററി പ്രജകൾ വളരെ
 യായിങ്ങനർത്ഥത്തിലായീ;
വാർദ്ധക്യം കൊണ്ടവററിൽ ചിലതിനു ചെ
 ലവേകാനുമാകാതെയായോ?

എന്ന സരസപദ്യം നിന്ദയും സ്തുതിയും കലർത്തിവിട്ടതു് ആ സ്വാതന്ത്ര്യത്തിന്റെ വിളയാട്ടം മാത്രമാണു്. യൗവ്വനത്തിന്റെ തിളപ്പിൽ ചിന്താപരത്വവും വൈരാഗ്യബുദ്ധിയും ജീവിതസുഖങ്ങളോടു വിരക്തിയും കവനകലാചാതുര്യവും എല്ലാം ഒത്തുചേർന്നതു് ആശ്ചര്യകരമാണു്. വാസനാസമ്പന്നനായ ഈ യുവകവി മഹാകാവ്യമെഴുതാതെ ഖണ്ഡകാവ്യങ്ങളിൽ മാത്രം ആരമിച്ചു് മഹാകവിപ്പട്ടത്തിനു് അർഹനായ അത്ഭുതപുരുഷനത്രേ.

രവും, അപഗ്രഥനപരവും ആകുന്നു. അദ്ദേഹത്തിന്റെ പ്രതിഭയുടെ വിലാസം ബുദ്ധിശക്തിയുടെ സൂക്ഷ്മതകളിൽ കടക്കുവാൻ കഴിവുള്ളവർക്കേ പൂർണ്ണമായി ദർശിക്കുവാൻ സാധിക്കുന്നുള്ളു. ഏററവും സാധാരണനെയും ഏററവും അസാധാരണനെയും ആകർഷിക്കുന്ന പ്രമുഖചിന്തകനാണു് റസ്സൽ.

ശാസ്ത്രത്തിന്റെ പ്രാധാന്യത്തെ വെളിപ്പെടുത്തി, ശാസ്ത്രീയ വിചിന്തനത്തിനു് നവോത്തേജനവും പ്രോത്സാഹനവും നൽകിയിട്ടുള്ളവരിലാരും റസ്സലിനെ കവിഞ്ഞു നില്ക്കുന്നില്ല. വിഭിന്നങ്ങളായ വീക്ഷണകോടികളെ അവലംബിച്ചു് ശാസ്ത്രത്തെ ആരാധിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്ന രണ്ടിനക്കാരുടെയും നിലപാടുകളെ പരിഷ്കരിക്കുവാനും തിരുത്തുവാനും അദ്ദേഹം തന്റെ അതിസമർത്ഥവും സൂക്ഷ്മവും ആയ വിചിന്തനങ്ങളിൽക്കൂടി ശ്രമിച്ചിട്ടുണ്ടു്.

റസ്സലിന്റെ കൃതികളിലെല്ലാം അദ്ദേഹത്തിന്റെ ശാസ്ത്രീയ ചിന്ത കലർന്നിട്ടുണ്ടു്. ഒന്നാംകിടയിലുള്ള ശാസ്ത്രീയ ചിന്തകനാണെങ്കിലും അദ്ദേഹം ശാസ്ത്രത്തെ ആരാധിക്കുന്ന മനോഭാവക്കാരനല്ല. ശാസ്ത്രബുദ്ധിയെ മാത്രം ജീവിതത്തിൽ വഴികാട്ടിയായി അംഗീകരിക്കുന്ന സമ്പ്രദായത്തെ അദ്ദേഹം വിമർശിച്ചിട്ടുണ്ടു്. ശാസ്ത്രത്തിനു് മഹത്തായ കഴിവുകളെ എന്നപോലെ അതിന്റെ കഴിവുകേടുകളെയും പരിമിതികളെയും അദ്ദേഹം കാണുന്നുണ്ടു്.

## ശാസ്ത്രവും കലയും

ഇന്നു് നിലനിന്നു് വരുന്നതുപോലുള്ള ശാസ്ത്രത്തോടു് ഒരു വിധത്തിൽ നമുക്കു യോജിക്കാം; മററൊരു വിധത്തിൽ, യോജിക്കാൻ കഴികയില്ല. നമ്മുടെ വളർച്ചയ്ക്കു് ആവശ്യമായ സാഹചര്യങ്ങളെ കൈകാര്യം ചെയ്യുന്നതിനു് നമുക്കു കഴിവു നൽകുന്നതിനാൽ ശാസ്ത്രത്തോടു് നമുക്കു യോജിക്കാം. ബുദ്ധിപരമായ സംതൃപ്തി നൽകുന്ന കാരണത്താൽ ശാസ്ത്രവുമായി ഒരു ന്യൂനപക്ഷക്കാർക്കു് (അവർ ന്യൂനപക്ഷക്കാരാണെങ്കിലും പ്രധാനന്മാരാണെന്നു് ഞാൻ വിശ്വസിക്കുന്നു) യോജിച്ചു പോവാം. മനുഷ്യപ്രവർത്തനങ്ങളെ സംബന്ധിച്ചു സിദ്ധാന്തപരമായി മുൻകൂട്ടി വിധി പ്രസ്താവിക്കാനുള്ള അധികാരം നൽകുന്ന നിയതിവാദത്തെ അവലംബിക്കുന്നതുകൊണ്ടു് ശാസ്ത്രം ഒരു പ്രകാരത്തിൽ നമുക്കു യോജിച്ചതല്ല. ഇത്തരത്തിൽ ശാസ്ത്രം മനുഷ്യന്റെ കഴിവിനെ കുറയ്ക്കുകയാണു് ചെയ്യുന്നതു്.

ഇക്കാലത്തു് ശാസ്ത്രത്തെ സംബന്ധിച്ചു പറയുവാനുള്ള പ്രാമാണ്യത, അതു നമ്മുടെ വിചാരങ്ങളിലും പ്രത്യാശകളിലും ശീലങ്ങളിലും ചെലുത്തിക്കൊണ്ടിരിക്കുന്ന സ്വാധീനശക്തി തുടരെ വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്നതാകുന്നു. പ്രകൃതിശക്തികളെ കൈകാര്യം ചെയ്യുന്നതിൽ ശാസ്ത്രത്തിനു് കലയ്ക്കുള്ളതിനെക്കാൾ സാമൂഹ്യപ്രാധാന്യമുണ്ടു്. സത്യത്തെ തിരയുന്ന പ്രസ്ഥാനമെന്ന നിലയിൽ ശാസ്ത്രം കലയ്ക്കുപരിയായി വർത്തിക്കുന്ന ഒന്നല്ലെങ്കിലും അതു് കലയ്ക്കു തുല്യമായിരിക്കുന്നു. ഒരു സാങ്കേതികമാർഗ്ഗമെന്ന നിലയിൽ ശാസ്ത്രത്തിനു കലയ്ക്കില്ലാത്ത കലയ്ക്കു് പ്രാപിക്കാൻ കഴിയാത്ത സാമൂഹ്യപ്രാധാന്യമുണ്ടു്.

## ശാസ്ത്രവും മൂല്യങ്ങളും

ജീവിതത്തിനു മൂല്യങ്ങൾ സൃഷ്ടിക്കാൻ ശാസ്ത്രത്തിനു് കഴിയുന്നില്ലെന്ന കാരണം പറഞ്ഞു് അതിന്റെ പ്രാധാന്യത്തെ ചോദ്യം ചെയ്യുന്നവരുടെ വാദങ്ങൾക്കു് റസ്സൽ മറുപടി പറഞ്ഞിട്ടുണ്ടു്. സത്യത്തെ ഗ്രഹിക്കുന്നതിനു് ശാസ്ത്രത്തിനുള്ള അപ്രാപ്തിയെപ്പററി പ്രസ്താവിച്ചുകൊണ്ടു് ശാസ്ത്രത്തെ പിൻതള്ളുവാൻ ഉദ്യമിച്ചിട്ടുള്ളവരുടെ വാദങ്ങൾക്കും അദ്ദേഹം സമാധാനം പറയാതിരുന്നിട്ടില്ല.

"മൂല്യങ്ങളെ സംബന്ധിച്ച പ്രശ്നങ്ങൾക്കു പരിഹാരം കാണുവാൻ കഴികയില്ലെന്നുള്ളതു ശരിയാണു്. അത്തരം പ്രശ്നങ്ങൾ ബുദ്ധികൊണ്ടു തീരുമാനിക്കപ്പെടേണ്ടവയല്ല. അവ സത്യാസത്യങ്ങളുടെ സാമ്രാജ്യത്തിനു പുറത്തുള്ളവയാണു്. ആർജ്ജിക്കപ്പെടാവുന്ന വിജ്ഞാനം ഏതു തരത്തിലുള്ളതായിരുന്നാലും അതു ശാസ്ത്രീയ

സമ്പ്രദായത്തിൽക്കൂടിത്തന്നെ ആർജ്ജിക്കപ്പെടണം. ശാസ്ത്രത്തിനു കണ്ടുപിടിക്കാൻ കഴിയാത്തതിനെ മനുഷ്യവർഗ്ഗത്തിനു കണ്ടുപിടിക്കാൻ സാധിക്കയില്ല" ഇതു കടന്ന ഒരു പ്രസ്താവമാണെന്നു പറഞ്ഞേ തീരൂ. ആത്മീയാനുഭൂതികളിൽ റസ്സലിനുള്ള പരിമിതിയെയാണു് അദ്ദേഹത്തിന്റെ ഈ അഭിപ്രായം വെളിപ്പെടുത്തുന്നതു്.

## ശാസ്ത്രീയസ്പിരിട്ടു്

ശാസ്ത്രീയസ്പിരിട്ടു് എന്നു പറയപ്പെടുന്നതു ശാസ്ത്രീയമനോഭാവത്തിൽനിന്നു വ്യത്യസ്തമാണു്. ശാസ്ത്രത്തോടുള്ള ആരാധനാപരമായ ഒരു സമീപനമല്ല അതു്. സത്യം കണ്ടുപിടിക്കപ്പെട്ടുകഴിഞ്ഞുവെന്നു മതം വാദിക്കുമ്പോൾ സത്യം കണ്ടുപിടിക്കപ്പെടേണ്ടിയിരിക്കുന്നുവെന്നു് ശാസ്ത്രം വാദിക്കുന്നു. കേവലയാഥാർത്ഥ്യത്തിലോ സത്യത്തിന്റെ അന്തിമത്വത്തിലോ ശാസ്ത്രം വിശ്വസിക്കുന്നില്ല. ഈ നയത്തെ അല്ലെങ്കിൽ മനോഭാവത്തെയാണു സയൻറിഫിക് സ്പിരിട്ടു് എന്നു റസ്സൽ വിളിക്കുന്നതു്.

സത്യത്തെ പൂർണ്ണമായി ശാസ്ത്രം ഗ്രഹിക്കുന്നുവെന്നോ ഏററവും ശ്രേഷ്ഠമായ പരിജ്ഞാനം പൂർണ്ണമായും സത്യമാണെന്നോ ശാസ്ത്രീയമനസ്സു് കരുതുന്നില്ല. ഏതവസരത്തിലെങ്കിലും ഏതു സിദ്ധാന്തവും ഭേദഗതികൾക്കും തിരുത്തലുകൾക്കും വിധേയമായിത്തീരുമെന്നു ശാസ്ത്രീയമനസ്സു് വിചാരിക്കുന്നു. ആവശ്യമെന്നു കാണപ്പെടുന്ന തിരുത്തലുകൾക്കു് പര്യവേക്ഷണസ്വാതന്ത്ര്യവും പര്യാലോചനാസ്വാതന്ത്ര്യവും അനുപേക്ഷണീയമാണു്.

## ചിന്താസ്വാതന്ത്ര്യവും സ്വതന്ത്രചിന്തയും

ബുദ്ധിപൂർവമായ ജീവിതവീക്ഷണങ്ങളെ അംഗീകരിക്കുന്നതിനു് ഏററവും യുക്തിയുക്തമായും ശക്തമായും വാദിച്ചുകൊണ്ടിരിക്കുന്ന ചിന്തകനാണു് റസ്സൽ. സ്വതന്ത്രചിന്തയുടെയും യുക്തിവാദത്തിന്റെയും പുരോഗതിക്കുവേണ്ടി അദ്ദേഹം നിർവഹിച്ചിട്ടുള്ള സേവനങ്ങൾ എത്രത്തോളമാണെന്നു എളുപ്പത്തിൽ എടുത്തുകാണിക്കുക സാദ്ധ്യമല്ല. ശാസ്ത്രീയസ്പിരിട്ടിന്റെ അധിഷ്ഠാനത്തിൽ നിന്നുകൊണ്ടു് അദ്ദേഹം ഇന്നത്തെ വ്യക്തിയുടേയും സമുദായത്തിന്റേയും ജീവിതാവലോകനങ്ങളെയും ആചാരസമ്പ്രദായങ്ങളെയും മൗലികമായി പരിഷ്ക്കരിക്കാനും പരിവത്തിപ്പിക്കാനും യത്നിച്ചിട്ടുണ്ടു്. ചിന്താസ്വാതന്ത്ര്യത്തെയും ഹേതുവത്ക്കരണത്തെയും ശാസ്ത്രീയബുദ്ധിയേയും മർദ്ദിക്കുന്ന വ്യക്തിഗതവും സംഘടിതവുമായ എല്ലാ ശ്രമങ്ങളെയും റസ്സൽ ശക്തമായി അധിക്ഷേപിക്കുന്നു. വ്യക്തികളും സമുദായങ്ങളും ഗവമ്മെൻറുകളും സ്വതന്ത്രചിന്തയ്ക്കും ശാസ്ത്രത്തിനും എതിരായി പ്രവത്തിക്കുന്ന വഷളത്തങ്ങളെല്ലാം വിളിച്ചുവരുത്തുന്ന ആപത്തുകളെയും അദ്ദേഹം വെളിപ്പെടുത്തിയിട്ടുണ്ടു്. മൂന്നുനാലു കൃതികളിൽ റസ്സൽ യുക്തിക്കും സ്വതന്ത്രചിന്തയ്ക്കും ജീവിതത്തിൽ മഹത്തായ പദവി സൃഷ്ടിച്ചുകൊടുക്കാൻ പ്രത്യേക ശ്രമങ്ങൾ നടത്തിയിട്ടുണ്ടു്.

ബുദ്ധിപരമായ സ്വാതന്ത്ര്യത്തെ ഭീഷണിപ്പെടുത്തുന്നതിൽ 1660-നു് ശേഷം ഏററവും മുന്നിട്ടു നിൽക്കുന്നതു് നാം തരണം ചെയ്യുന്ന ഈ കാലഘട്ടമാകുന്നു. അരാജകത്വത്തിന്റെയും കലാപത്തിന്റെയും ഫലങ്ങളായ ആധുനിക വിപത്തുകളെ സൃഷ്ടിക്കുന്ന ഭരണകൂടങ്ങളിൽനിന്നാണു് ഈ ഭീഷണി പുറപ്പെടുന്നതു്. ബുദ്ധിപരമായ സ്വാതന്ത്ര്യത്തിനു് പ്രാധാന്യം നൽകുന്നവർ ന്യൂനപക്ഷക്കാരാണു്. എന്നാൽ ഭാവിയെ സംബന്ധിച്ചു നോക്കുമ്പോൾ ഏററവും പ്രധാനന്മാർ ഈ ന്യൂനപക്ഷത്തിലാണുള്ളതു്. മനുഷ്യചരിത്രത്തിൽ കാപ്പർണിക്കസ്, ഗലിലിയോ, ഡാർവിൻ എന്നിവക്കുള്ള പ്രാധാന്യം എത്രമാത്രമാണെന്നു നാം മനസ്സിലാക്കിക്കഴിഞ്ഞു. ഇവരെപ്പോലുള്ള വ്യക്തികളെ മാവികാലം ഉൽപ്പാദിപ്പിക്കയില്ലെന്നു വിചാരിച്ചുകൂടാ. ഇത്തരക്കാരെ അവരുടെ കടമ നിർവഹിക്കുന്നതിനു് അനുവദിക്കാത്തപക്ഷം മനുഷ്യവർഗ്ഗം പുരോഗമിക്കാതെ കെട്ടിക്കിടന്നുപോവും. പ്രദീപ്തമായ ഒരു പുരാതന ദശയെ തുടന്നു് അന്ധയുഗം വന്നതുപോലെ

മറെറാരു അന്ധയുഗം വീണ്ടും വരുന്നതാണ്. അധികാരം കൈവശം വച്ചുകൊണ്ടിരിക്കുന്നവക്ക് പുതിയ സത്യം അസുഖകരമായിരിക്കും.

## ശാസ്ത്രവും മതവും

ശാസ്ത്രത്തെയും മതത്തെയും സംബന്ധിച്ച് വളരെവളരെ വാദങ്ങളും കലഹങ്ങളും നടന്നിട്ടുണ്ട്. ശാസ്ത്രത്തിന്റെ യുക്തിക്കും മതത്തിന്റെ വിശ്വാസത്തിനും മനുഷ്യജീവിതത്തിലുള്ള പ്രാധാന്യത്തെ പൂർണ്ണമായി ഗ്രഹിച്ചുകൊണ്ട് അവയെപ്പററി സമചിത്തതയോടുകൂടി ചിന്തിക്കാൻ കഴിഞ്ഞിട്ടുള്ള അപൂർവം ചിന്തകന്മാരിൽ ഒരാളാണ് റസ്സൽ.

"ലോകത്തെ സംബന്ധിച്ച പ്രത്യേക വസ്തുതകളെ ഒന്നാമതായും അവയെ പരസ്പരം ബന്ധിക്കുന്ന നിയമങ്ങളെ അതിനുശേഷവും കണ്ടുപിടിച്ച് ഭാവി സംഭവങ്ങളെ ദീർഘദർശനം ചെയ്യുന്നതിനു സാദ്ധ്യത നൽകുന്ന ഒരു ഉദ്യമമാണു ശാസ്ത്രം. ഈ ഉദ്യമം നിരീക്ഷണത്തെയും യുക്തിയേയും അധിഷ്ഠാനമാക്കുന്നു.

സാമൂഹ്യമായി നോക്കുമ്പോൾ മതം ശാസ്ത്രത്തെക്കാൾ സങ്കീർണ്ണമായിട്ടുള്ള ഒരു പ്രതിഭാസമാകുന്നു. ചരിത്രപ്രസിദ്ധമായ മതങ്ങളിൽ ഓരോന്നിനും മൂന്നു അവസ്ഥയുണ്ട്. 1. ആരാധനാലയം (പള്ളി) 2. വിശ്വാസം, 4. വ്യക്തിഗതമായ സദാചാരങ്ങളുടെ നിയമസംഹിത.

ശാസ്ത്രം മതത്തിന്റെ നേക്ക് നടത്തുന്ന എതിർപ്പ് എന്താണെന്ന് മനസ്സിലാക്കണമെങ്കിൽ ഈ എതിരിനെ ന്യായവത്ക്കരിക്കുന്ന ആശയങ്ങളുടെ പദ്ധതിയിലേയ്ക്കു നാം ഭാവനാപരമായി പ്രവേശിക്കണം.

അനശ്വരവും കേവലവും ആയ സത്യത്തെ സംബന്ധിച്ച കാര്യങ്ങൾ അവകാശപ്പെടുന്നതിൽ മതപരമായ വിശ്വാസം ശാസ്ത്രസിദ്ധാന്തത്തിൽനിന്നു വ്യത്യസ്തമാണ്. ശാസ്ത്രം അതിന്റെ സിദ്ധാന്തങ്ങളിൽ ആവശ്യമെന്നു കാണപ്പെടുന്ന ഭേദഗതികൾ വരുത്തുവാൻ എപ്പോഴും സന്നദ്ധതയുള്ള മനോഭാവത്തെയാണു സംരക്ഷിക്കുന്നത്.

മതം വിശ്വാസത്തോടും ആരാധനാലയങ്ങളോടും വ്യക്തിഗതമായ ജീവിതത്തോടും ബന്ധപ്പെട്ടിരിക്കുന്നു. ഏററവും ശ്രേഷ്ഠന്മാരായ സിദ്ധന്മാരുടെയും മിസ്റ്റിക്കുകളുടെയും ഇടയിൽ ബുദ്ധിപൂർവ്വമല്ലാത്ത സിദ്ധാന്തങ്ങളെയും ജീവിതോദ്ദേശത്തെക്കുറിച്ചുള്ള ഒരുതരം അനുഭൂതികളെയും സംബന്ധിച്ച് ഒരേ തരത്തിലുള്ള വിശ്വാസമാണ് നിലനില്ക്കുന്നത്. വിധിയെ അധികരിച്ച പ്രശ്നങ്ങളെ അഗാധമായി അനുഭവിക്കയും മനുഷ്യവർഗ്ഗത്തിന്റെ ദുരിതങ്ങളെയും സങ്കടങ്ങളെയും ലഘൂകരിക്കാൻ ആർത്തി പ്രകടിപ്പിക്കയും ചെയ്യുന്ന ആളുകൾ മതമനോഭാവക്കാരായിട്ടാണ് ഗണിക്കപ്പെടുന്നത്. മതം ഒരുവക അനുഭൂതിയിൽ മാത്രം അടങ്ങിയിരിക്കുന്ന ഒന്നായിരിക്കുവോളം അതിനെ സ്പർശിക്കുക ശാസ്ത്രത്തിനു് സാദ്ധ്യമല്ല.

ഭൂമിയിലെ ജീവിതത്തെ പുരോഗമിപ്പിക്കുന്നതിനുള്ള ഒരു സ്വാധീനശക്തി എന്ന നിലയിലാണ് മതത്തിനു് അനുകൂലമായി ഇന്നു വാദങ്ങൾ ഉന്നയിക്കപ്പെടുന്നതു്. പരലോകജീവിതത്തിനു് വേണ്ടിയുള്ള ഒരു ഒരുക്കമാണ് ഇഹലോകജീവിതം എന്ന വിശ്വാസത്തിനു് ഇന്നു വളരെ സ്വാധീനശക്തിയില്ല.

ആത്മാവിന്റെ അനശ്വരതയെപ്പററി ശാസ്ത്രത്തിനു് ഒന്നും തീർച്ചപ്പെടുത്തി പറയുക സാദ്ധ്യമല്ല. മരണാനന്തരം ആത്മാവ് നിലനില്ക്കുന്നുവെന്ന് കാണിക്കാൻ ഒരുതരം ശാസ്ത്രീയ വാദങ്ങൾ ഉന്നയിക്കപ്പെടുന്നുണ്ട്. മനഃശാസ്ത്രപരമായി നടത്തപ്പെട്ടിട്ടുള്ള ഗവേഷണങ്ങളോടും പരീക്ഷണങ്ങളോടുമാണ് ഇത്തരം വാദങ്ങൾ ബന്ധപ്പെട്ടിരിക്കുന്നതു്.

ആത്മാവിനെപ്പററി പറയുമ്പോഴാണ് ശാസ്ത്രത്തിനു് വിഷമത നേരിടുന്നതു്. മതിയായ കാരണത്താൽ ഊർജ്ജതന്ത്രം പരമാണു

# സോമർസെററ് മോം

പി. മാലതി—വടക്കാഞ്ചേരി.

തികച്ചും യാദൃച്ഛികമായാണ് മോമിന്റെ ഒരു പുസ്തകം വായിക്കാൻ കിട്ടിയത്. അതും ഏററവും പ്രസിദ്ധി നേടിയ നോവൽ ആയ റേസേർസ് എഡ്ജ്.

പുസ്തകം വായിച്ചു തീൎന്നപ്പോൾ പലതും തോന്നി. ഒരൊററ ദിവസംകൊണ്ടു ഭൂപ്രദക്ഷിണവും മററും ഇന്ന് സാദ്ധ്യമായിട്ടുണ്ടെങ്കിലും പൌരസ്ത്യരും പാശ്ചാത്യരും ജീവിതരീതിയിൽ ധ്രുവങ്ങൾ തമ്മിലുള്ള അന്തരമാണ് വെച്ചു പുലൎത്തുന്നത്; സംശയമില്ല. തികച്ചും ഭാരതീയ ചിന്താഗതിയിൽ വളൎന്നു വന്നിട്ടുള്ള ഒരാൾക്ക് തെല്ലൊരവജ്ഞയാണ് പാശ്ചാത്യന്റെ കുടുംബജീവിതം കാണുമ്പോൾ തോന്നുക. കാരണമുണ്ട്; കുറച്ചുകൂടി കെട്ടുറപ്പും സന്മാൎഗ്ഗനിഷ്ഠവുമായ ജീവിതമാണ് നാം നയിക്കുന്നതെന്ന് തോന്നുന്നു.

ധനികവൎഗ്ഗത്തിന്റേയും ഇടത്തരക്കാരുടേയും നല്ലൊരു ചിത്രീകരണം റേസേഴ്സ് എഡ്ജ് എന്ന പുസ്തകത്തിൽ മോം നമുക്കു കാണിച്ചു തരുന്നു. പാൎട്ടികൾക്കു പോവുക, ഡിന്നറിനു ക്ഷണിക്കുക, അന്നന്നാളത്തെ പരിഷ്ക്കാരമനുസരിച്ച് ഏററവും പുതിയ രീതിയിലുള്ള ആഡംബരോപാധികൾ ഉപയോഗിക്കുക— അങ്ങിനെ പോകുന്നു ധനികരുടെ അലസ

---

വിനെ സംഭവപരമ്പരയായി മാററിയിട്ടുണ്ട്. അതുപോലുള്ള ഹേതുക്കളാൽ മനസ്സ് എന്നത് ഗാഢമായ പരസ്പരബന്ധമുള്ള സംഭവങ്ങളുടെ ഒരു സംഘടനയാണെന്നും മനഃശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിരിക്കുന്നു. പദാൎത്ഥമെന്നത് സംഭവങ്ങളുടെ സംയോഗമാണ്. അതിനാൽ എവിടെ സംഭവങ്ങളുണ്ടോ അവിടെ പദാൎത്ഥവുമുണ്ട്. 'പെഴ്സണാലിററി' എന്നുള്ളതു് ഒരു സംഘടനയോ സംയോഗമോ ആകുന്നു. പ്രത്യേകമായ സംഭവങ്ങൾ പ്രത്യേക മാൎഗ്ഗത്തിൽ സംഘടിക്കുമ്പോൾ സംഭവിക്കുന്നഒന്നാണ് 'പെർസൺ'.

മനഃശാസ്ത്രത്തിന്റേയും ശരീരശാസ്ത്രത്തിന്റേയും ഇന്നത്തെ അവസ്ഥകൊണ്ട് ആത്മാവിന്റെ അനശ്വരതയെ സംബന്ധിച്ച വിശ്വാസത്തിന് ശാസ്ത്രത്തിൽ നിന്നു യാതൊരു പിന്തുണയും ലഭിക്കുന്നില്ല.

യോഗാത്മക വിജ്ഞാനത്തിന്റെ സാധുതയെപ്പററിയും റസ്സൽ ഗാഢമായി ചിന്തിച്ചിട്ടുള്ളതിന് ധാരാളം തെളിവുകളുണ്ട്. 'മിസ്റ്റിസിസവും യുക്തിയും' 'സയൻസും മതവും' എന്നീ കൃതികളിൽ അദ്ദേഹം യുക്തിയേയും 'മതാധിഷ്ഠാനത്തെയും' സംബന്ധിച്ച് വിജ്ഞേയവും ചിന്തോദ്ദീപകവും ആയ ചർച്ചകളാണ് നടത്തുന്നത്. മിസ്റ്റിക്കുകളുടെ അനുഭൂതിയേയും അവർ പ്രഖ്യാപിക്കുന്ന പരമമായ യാഥാൎത്ഥ്യത്തെയും അദ്ദേഹം പാടേ നിഷേധിക്കുന്നില്ലെങ്കിലും മിസ്റ്റിസിസത്തിന്റെ വളൎച്ചയെ നിരുത്സാഹപ്പെടുത്തുന്നു.

വരണ്ടതും ഭാവനാശൂന്യവും ദാർശനികവിലാസരഹിതവും ആയ ഒരുതരം ഭൗതികവാദത്തെയല്ല റസ്സൽ ഉന്നയിക്കുന്നതെന്ന് അദ്ദേഹത്തിന്റെ കൃതികൾ സ്പഷ്ടമാക്കുന്നു. ഒരു സ്വതന്ത്രന്റെ ആരാധന എന്ന റസ്സലിന്റെ പ്രബന്ധം മിസ്റ്റിക് മനോഭാവത്തിന്റെയും കറകളഞ്ഞ കലാപ്രതിഭയുടെയും പ്രഭാകന്ദളങ്ങളെ വീശുന്ന ഒരു ദർശനമാണ്.

ജീവിതം. തങ്ങളുടേതായി ലക്ഷക്കണക്കിന് ഡാളറുകൾ ബാങ്കിലില്ലാത്ത ഇടത്തരക്കാർ വേല ചെയ്തു ജീവിക്കുന്നു. അതിലവർ നമ്മെപ്പോലെ മാനഹാനി കാണുന്നില്ലെന്നതു് ഒരു നേട്ടമാണ്. പക്ഷേ, അക്കൂട്ടത്തിലെ സ്ത്രീകളുടെ ജീവിതം സ്വാഭാവികമായി എന്റെ ശ്രദ്ധയെ പിടിച്ചു നിർത്തി. സർവ്വതന്ത്രസ്വതന്ത്രകളായ പാശ്ചാത്യ വനിതകളെക്കുറിച്ചു് നാം അസൂയപ്പെടാറുണ്ടല്ലോ. എന്നാലാ ഇടത്തരക്കാരികളുടെ ജീവിതം സഹതാപത്തിനാണ് പാത്രമാവുന്നതു്. ആ പുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങളിൽ ചിലർ അതു് വെളിപ്പെടുത്തുന്നു. ഒരു കൊച്ചു ഗൃഹം, സ്നേഹിക്കുന്ന ഭർത്താവു്, വാത്സല്യധാമങ്ങളായ പിഞ്ചുകിടാങ്ങൾ, വലിയ കഷ്ടപ്പാടില്ലാത്ത നിത്യജീവിതം ഇതെല്ലാം സ്വപ്നം കണ്ടുകൊണ്ടാണ് ഓരോ ബാലികയും യുവത്വത്തിലേക്കു കാലൂന്നുക. ധനികരുടെ ആഡംബര സമ്മിശ്രമായ അലസജീവിതം അവരെ വഴിപിഴപ്പിക്കാൻ പര്യാപ്തമാവുന്നു. അതിന്റെ പുറകെ ഓടി തങ്ങളുടെ കുടുംബജീവിതം തകരുന്നതു അവരറിയുന്നില്ല. മോമിന്റെ ഈ പുസ്തകത്തിലെ സൂസനും സോഫിയും അതിനുദാഹരണങ്ങളാണ്.

മുതലാളിത്തത്തിന്റെ ക്ഷണികത—കെട്ടുറപ്പില്ലായ്മ—ഒരു മനുഷ്യന്റെ ജീവിതത്തെ തകിടം മറിക്കാൻ പര്യാപ്തമാണ്. കോടീശ്വരനായ ശ്രേഷ്ഠങ്ങളായ അനുഭവങ്ങളിലൂടെ മോം നമുക്കതു് ചൂണ്ടിക്കാണിച്ചു തരുന്നു. മോമിന്റെ കഥാപാത്രങ്ങൾ രംഗത്തുനിന്നു പിന്മാറിയാലും തങ്ങളുടെ വ്യക്തിത്വം ഓർമ്മയിൽ തങ്ങിനില്ക്കും. ഇസബെല്ലും ലാറിയും എല്ലാം പുസ്തകം മടക്കിവെച്ചിട്ടും നമ്മുടെ മനോമണ്ഡലത്തിൽ തെളിഞ്ഞു നില്ക്കും. സ്നേഹത്തിന്റെ പ്രതിരൂപങ്ങളാണവരിരുവരും. പക്ഷേ, പണം അവരെ ജീവിതത്തിൽ ഇണക്കിയില്ല. അങ്ങിനെ മററുള്ളവരിൽ നിന്നും തികച്ചും വ്യത്യസ്തമനോഭാവക്കാരനായിത്തീർന്ന ലാറി ഒരു തത്വാന്വേഷിയായി പരിണമിക്കുന്നു. മോം ആ കഥാപാത്രത്തെ ഇന്ത്യയിലേക്കുതന്നെ കൊണ്ടുവന്നിട്ടുണ്ടു്.

ഇന്നു ജീവിച്ചിരുപ്പുള്ള എഴുത്തുകാരിൽ ഏററവുമധികം ജനസമ്മിതി നേടിയിട്ടുള്ള ആൾ സോമർസെററ് മോം ആണെന്നുള്ളതിൽ രണ്ടുപക്ഷമില്ല. നോവൽ സാഹിത്യത്തിൽ അഗ്രിമനായ അദ്ദേഹത്തിന്റെ പുസ്തകങ്ങൾ ആകർഷകങ്ങളും അനുവാചകലോകത്തിനു് ലഭിച്ചിട്ടുള്ള ഒന്നാന്തരം സമ്മാനങ്ങളുമാണ്. സ്വന്തം വ്യക്തിജീവിതത്തിൽ നിന്നും പെറുക്കിയെടുത്ത സംഭവങ്ങളെ കലാസൌന്ദര്യത്തോടെ അദ്ദേഹം കടലാസിൽ പകർത്തി. സ്വന്തം അനുഭവങ്ങൾ തന്നെ കഥാമൂല്യവും ആശയവുമായിത്തീർന്നു മോമിന്റെ കയ്യിൽ. അതുകൊണ്ടു് അവയുടേതായ ചൂടും പുതുമയും എന്നുമൊട്ടു നശിക്കയുമില്ല. സ്വന്തം കാഴ്ചപ്പാടിലൂടെ മനുഷ്യന്റെ വിരുദ്ധ സ്വഭാവങ്ങളെ നോക്കി പഠിച്ചു് എഴുതപ്പെട്ട കഥകളും മോമിന്റെ ഒന്നാന്തരം രചനകളാണ്.

1874-ൽ പാരീസിലാണു് സോമർസെററ് മോം ജനിച്ചതു്. അച്ഛൻ ഒരു വക്കീലായിരുന്നു—അമ്മ വലിയ പ്രശസ്തി നേടിയിട്ടില്ലാത്ത എഴുത്തുകാരിയും. മോമിനു് എട്ടു വയസ്സായിരിക്കുമ്പോൾ തന്നെ അമ്മ മരിച്ചു. രണ്ടു കൊല്ലത്തിനുശേഷം അച്ഛനും അമ്മയെ അനുഗമിച്ചു. ചെറുപ്പത്തിൽ തന്നെ അച്ഛനമ്മമാരില്ലാതായിത്തീർന്ന ആ ഏകസന്താനം അമ്മാവന്റെ രക്ഷാകർത്തൃത്വത്തിലായി പിന്നീടു്. വിററ്സ്റ്റെബിളിലെ ഒരു വൈദികനായിരുന്നു അമ്മാമൻ. അവിടെ മോം മൂന്നു കൊല്ലം സ്കൂൾ പഠിപ്പുമായിക്കഴിഞ്ഞു. "വിക്ക"നായിരുന്ന ആ ബാലന്റെ വിദ്യാഭ്യാസകാലം ഒട്ടും രസകരമായിരുന്നില്ല. കിങ്ങ്സ് സ്കൂളിലെ പഠനത്തിനു ശേഷം മോം ജർമ്മൻഭാഷ പഠിക്കുവാൻ നിശ്ചയിക്കുകയും അതിനായി ജർമ്മനിക്കു പോവുകയും ചെയ്തു. ഹൈഡൽബർഗ്ഗിലെ ഒരു കുടുംബത്തോടൊന്നിച്ചാണ് അദ്ദേഹം താമസമുറപ്പിച്ചതു്. അക്കാലത്തു ജർമ്മനിയിലെ പ്രധാന സ്ഥലങ്ങളും സ്വിററ്സർലണ്ടും സന്ദർശിച്ചു. അന്നുതന്നെ സഞ്ചാരപ്രിയത്വം മോമിൽ വേരൂന്നിയിരുന്നു. സ്വിററ്സർലണ്ടിലും ജർമ്മനിയിലുംവെച്ചു് പുതുമയേറിയ പല സംഭവങ്ങളും അദ്ദേഹത്തിന്റെ ജീവിതത്തിലേക്കെത്തിനോ

ക്കാൻ തുടങ്ങി. അവയിൽ പ്രാധാന്യമർഹിക്കുന്നതു് മോമിനു് തത്വജ്ഞാനത്തിലുദിച്ച താല്പൎയ്യമായിരുന്നു. സുപ്രസിദ്ധ തത്വജ്ഞാനിയായ ക്രൂണോ ഫിഷറിന്റെ പ്രസംഗങ്ങളാണു് അതിനു കാരണമായിത്തീൎന്നതു്.

പതിനെട്ടാമത്തെ വയസ്സിൽ മോം ജൎമ്മനിവിട്ടു; അമ്മാമന്റെ അടുത്തേക്കു മടങ്ങി. ജീവിതയാത്രയിൽ ഏതു മാർഗ്ഗമാണു് തിരഞ്ഞെടുക്കേണ്ടതു്? ഈ പ്രശ്നം മോമിനെ കുഴക്കി. വൈദികനായിരുന്ന അമ്മാമൻ സ്വാഭാവികമായി മോമിനെ പള്ളിയുടെ കുടുസ്സായ നാലതിൎത്തിക്കുള്ളിൽ ഒതുക്കി നിൎത്തുവാൻ ആശിച്ചിരുന്നു. മോം ഒരിക്കലും അതിനു വഴങ്ങുന്ന ഒരാളായിരുന്നില്ല. ഒരു സിവിൽ ഉദ്യോഗം ഏറെറടുക്കുകയും താമസിയാതെ അതു രാജിവെക്കുകയും ചെയ്തു. വളരെ ആലോചനകൾക്കു ശേഷം അദ്ദേഹം ഒരു ഡാക്ടറാവാൻ തീരുമാനിക്കയാണു പിന്നെ ചെയ്തതു്. അതിനെ തുടൎന്നു് 1892-ൽ മോം സെൻറ്തോമസ് ആസ്പത്രിയിൽ ചേൎന്നു.

വൈദ്യശാസ്ത്ര പരിശീലനം രണ്ടുകൊല്ലക്കാലമേ നീണ്ടു നിന്നുള്ളു. ആ സമയത്തു് തന്നെയും സാഹിത്യഗ്രന്ഥങ്ങൾ വായിക്കാനാണു് അദ്ദേഹം കൂടുതൽ സമയം ചിലവഴിച്ചിരുന്നതു്. അതിനുശേഷം ഔട്ട്പേഷ്യന്റ് വാർഡിലെ ഒരു ക്ലാക്കായിട്ടാണു് മോമിനെ കാണുന്നതു്. രോഗശുശ്രൂഷയിൽ അത്യന്തം ശ്രദ്ധാലുവായി മാറിയിരുന്നു മോം. ദരിദ്രരും രോഗികളുമായ നിത്യദുഃഖിതരുമായി അടുത്തിടപെടാനുള്ള ഒരവസരം അദ്ദേഹത്തിനു ലഭിച്ചു. ദരിദ്ര ജനങ്ങളുടെ ആവാസകേന്ദ്രമെന്നു് പറയപ്പെട്ടിരുന്ന ഒരു പ്രദേശത്തു് വൈദ്യസഹായം നല്കിക്കൊണ്ടു് പ്രവൎത്തിച്ചുവന്ന കാലത്താണു് മോമിനു തന്റെ ആദ്യകൃതിക്കുള്ള പ്രചോദനം ലഭിച്ചതു്.

23-ാമത്തെ വയസ്സിൽ അദ്ദേഹം ഡാക്ടർ ബിരുദം നേടി. പക്ഷെ, ഒരു ഡാക്ടറായിട്ടല്ലാ എഴുത്തുകാരനായിട്ടാണു് മോം ആസ്പത്രിക്കു് പുറത്തു വന്നതു്. ലാംബെത്തിലെ അദ്ദേഹത്തിന്റെ പ്രവൎത്തനങ്ങൾ ലിസാ അഫ് ലാംബെത്ത് എന്ന നോവലിനു് മൂലകാരണമായി. ഭാഗ്യമെന്നുതന്നെ പറയാം. ആ പുസ്തകത്തിനു് വലിയ പ്രതിബന്ധങ്ങൾ നേരിട്ടില്ല. പ്രശസ്തിയുടെ ഉന്നത ശിഖരത്തിലെത്തിയ മിക്ക സാഹിത്യകാരന്മാരും തങ്ങളുടെ ആദ്യകാല കൃതികളുടെ പ്രസിദ്ധീകരണത്തിനു് ഒരു പ്രസാധകനെ ലഭിക്കാതെ വിഷമിച്ചിട്ടുള്ളതു് സുവിദിതമാണല്ലോ. ലാമ്പെത്തിലെ അഴുക്കു പുരണ്ട ചുററുപാടുകളിൽ കഴിഞ്ഞു കൂടിയിരുന്നവരുടെ സമർത്ഥവും സുവ്യക്തവുമായ ഒരു ചിത്രീകരണമാണു് ആ പുസ്തകം. പ്രചാരത്തിന്റെ കാൎയ്യത്തിലും അതല്പവും പിന്നിലായില്ല. ഒന്നാം പതിപ്പിറക്കിയതിന്റെ അടുത്ത മാസംതന്നെ രണ്ടാംപതിപ്പു് അച്ചടിക്കേണ്ടിവന്നു എന്നു പറഞ്ഞാൽ അതിന്റെ പ്രചാരത്തിനൊരു തെളിവു ലഭിക്കുന്നതാണു്.

ചുരുങ്ങിയ കാലത്തെ സ്കൂൾ പഠനമേ മോമിനു് ലഭിച്ചിരുന്നുള്ളു. അദ്ദേഹത്തിന്റെ ഇംഗ്ലീഷ് എടുത്തു പറയത്തക്കവണ്ണം അത്ര മേന്മയുള്ളതായിരുന്നില്ല. സംഭാഷണരീതിയിലെഴുതുവാൻ മോമിനു് വശതയുണ്ടായിരുന്നു. എന്നാൽ വല്ല സീനറി വൎണ്ണനകളോ മറേറാ രചിക്കേണ്ട ഘട്ടമായാൽ കുഴങ്ങുകയായി. ഈ കുറവുകൾ കാരണം മോം നാടകരചനയിലേയ്ക്കു തന്റെ ശ്രദ്ധയെ തിരിച്ചു. അദ്ദേഹം വളരെയധികം നാടകങ്ങളെഴുതീട്ടുണ്ടു്. ഒരു ഇബ്സനോ, ഷായോ ആയില്ലെങ്കിലും മോമിന്റെ നാടകങ്ങൾക്കു നല്ല പ്രചാരമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ആദ്യത്തെ നാടകം സ്റ്റേജിൽ വിജയം വരിച്ചു. മോമിന്റെ പ്രസിദ്ധിയേറിയ നാടകങ്ങളാണു The Circle, Loaves and Fishes, Jack Straw, Our Btters, Mrs. Dot, Penelope മുതലായവ. നാടകരചനയെക്കുറിച്ചു മോമിനു വ്യക്തമായ ചില അഭിപ്രായങ്ങളുണ്ടു്.

മോമിന്റെ ആത്മകഥാപരമായ ഒരു നോവലാണു അഫ് ഹ്യൂമൻ ബോണ്ടേജ്. ആ

പുസ്തകം എഴുതുവാൻ നീണ്ട നാലു കൊല്ലങ്ങൾ വേണ്ടിവന്നുവത്രേ. മോമിൻെറ ബാല്യകാല ജീവിതത്തിൻെറ–വിററ്സ്റ്റേബ്ളിലേയും ഹൈഡൽബർഗ്ഗിലേയും മററും–നല്ലൊരു വിവരണം ഈ പുസ്തകത്തിൽ കാണുന്നു. അദ്ദേഹം പറഞ്ഞിട്ടുണ്ട്:—"കഥയിലെ ചില സംഭവങ്ങൾ ജീവിതത്തിൽ നേരിട്ടനുഭവിച്ചിട്ടില്ലെങ്കിലും ആ വികാരസാന്ദ്രത എൻേറതാണു്, തികച്ചും" എന്നു്. പ്രസ്തുത നോവൽ വിശ്വസാഹിത്യത്തിനൊരു മുതൽക്കൂട്ടാണെന്നാണു പ്രസിദ്ധവിമർശകരുടെ അഭിപ്രായം. മോമിൻെറ ഏററവും നല്ല മൂന്നു നോവലുകളിൽ ഒന്നു് Of Human Bondage ആണെന്നതു അവിതർക്കിതമത്രേ.

മേൽ പ്രസ്താവിച്ച പുസ്തകത്തെപോലെ തന്നെ പ്രസിദ്ധിയാർജ്ജിച്ചതാണു് കേക്ക്സ് ആൻഡ് ഏൽ. ഒരു സാഹിത്യകാരൻെറ—എഡേ്വർഡ് ഡ്റൈഫീൽഡ്–വ്യക്തിജീവിതത്തിലേയ്ക്കുള്ള ഒരെത്തിനോട്ടമാണു് ഈ പുസ്തകം കൊണ്ടു സാധിച്ചിരിക്കുന്നതു്. ഡ്റൈഫീൽഡിനെ ഇംഗ്ലീഷ് സാഹിത്യത്തിലെ തോമസ് ഹാർഡിയുടെ ഒരു പ്രതിരൂപചിത്രീകരണമായി പലരും തെററിദ്ധരിച്ചു. അതു വെറും തെററിദ്ധാരണമാത്രമാണെന്നു മോം ആദ്യംതന്നെ ചൂണ്ടിക്കാട്ടുന്നുണ്ടു്. ഡ്റൈഫീൽഡിൻെറ പ്രഥമപത്നിയായ റോസിയെ സംബന്ധിച്ച കഥകൾ വിചിത്രമായി തോന്നിയേയ്ക്കാമെങ്കിലും ഒരു മനശ്ശാസ്ത്രനിരീക്ഷകൻെറ കാഴ്ചപ്പാടിൽ അതിനു ചില അടിസ്ഥാനങ്ങളൊക്കെ കണ്ടേയ്ക്കാം. റോസിയെ ഒരു ചെറുകഥയിലൂടെ പുറത്തിറക്കാനൊരുമ്പെട്ട മോം 300–ലധികം പേജുള്ള ഒരു പുസ്തകത്തിലാക്കി ആ സ്ത്രീയുടെ ജീവിതകഥ. ഡ്റൈഫീൽഡാണു് പ്രതിപാദ്യപുരുഷനെങ്കിലും റോസിയാണു പുസ്തകത്തിലെ ജീവിക്കുന്ന കഥാപാത്രം.

1919-ൽ ദി മൂൺ ആൻഡ് സിക്സ്പെൻസ് എന്ന നോവൽ എഴുതിത്തീർത്തു. ഒരു ഫ്രഞ്ച് ചിത്രകാരനായ പോൾഗാഗിൻെറ ജീവതമാണു ആ പുസ്തകത്തിന്നടിസ്ഥാനമായിട്ടുള്ളതു്.

ഒന്നാം ലോകമഹായുദ്ധകാലത്തു് മോം ഒരു രഹസ്യസർവീസ് ഏജൻറായി ജോലിനോക്കിയിരുന്നു. അന്നത്തെ അനുഭവങ്ങളാണു ദി പെയിൻറഡ് വെയിൽ, ആഷൻഡൻ എന്ന രണ്ടു നോവലുകളെഴുതാൻ നിദാനമായിത്തീർന്നതു്. Theatre Up at the Villa മുതലായവയും മോമിൻെറ പ്രസിദ്ധകൃതികളിലുൾപ്പെടുന്നു. 1944–ൽ മോമിൻെറ ഏററവും നല്ല കൃതിയായ റേസേഴ്സ് എഡ്ജ് പ്രസിദ്ധീകൃതമായി. വായനക്കാർക്കിടയിൽ മാത്രമല്ല ചലച്ചിത്രവേദിയിലേയ്ക്കു കയറിയ ആ കഥ കാണികളുടെ ഇടയിലും വമ്പിച്ച വിജയം കൈവരിച്ചു.

നോവലുകൾക്കും നാടകങ്ങൾക്കും പുറമേ എണ്ണത്തിൽ ചുരുങ്ങാത്ത ചെറുകഥകളുടേയും കർത്താവാണു മോം. അദ്ദേഹത്തിൻെറ പ്രസിദ്ധ ചെറുകഥകളുടെ സമാഹാരങ്ങളാണു ഫർസ്റ്റ് പെർസൺ സിംഗുലർ, ടൌബ്ളിംഗ് ആഫ് എ ലീഫ് എന്നിവ. വിവിധവിഷയങ്ങളിലുമുള്ള മോമിൻെറ പൊതു വീക്ഷണഗതി അടങ്ങിയ മറെറാരു പുസ്തകമാണു് ദി സമ്മിങ് അപ്പ്.

നാടകങ്ങളും നോവലുകളും ധാരാളം എഴുതിയിട്ടുണ്ടെങ്കിലും ചെറുകഥകളാണു മോമിൻെറ സാഹിത്യപ്രവർത്തനങ്ങളുടെ വിജയവൈജയന്തി. ചെറുകഥാകൃത്തായ മോം അനുവാചകരുടെ ആരാധനാപാത്രമാണു്. പക്ഷെ, അദ്ദേഹത്തിൻെറ ആദ്യത്തെ ചെറുകഥയുടെ അനുഭവം "ലിസാ ഓഫ് ലാബെത്തി"നേ പോലെയല്ലായിരുന്നു. ആ പുസ്തകം അദ്ദേഹമയച്ച ആദ്യത്തെ പ്രസാധകൻതന്നെ സ്വീകരിച്ചു. നേരെമറിച്ച് സാഡിതോംസൻ പല പത്രമാഫീസുകളും മാറി മാറി സന്ദർശിച്ചു. അവസാനം മോമിൻെറ മേശയ്ക്കകത്തുതന്നെ സ്ഥാനംപിടിച്ചു. അങ്ങിനെയിരിക്കെ അദ്ദേഹത്തിൻെറ സ്നേഹിതനായ ജോൺകോൾട്ടൺ ഒരു ദിവസം മോമിൻെറകൂടെ കഴിക്കാനിടവരികയും ഒന്നു വായിക്കാൻവേണ്ടി ആ കഥയെടുക്കുകയും ചെയ്തു. സാഡി തോംസൻ കോൾട്ടണെ എന്തെന്നില്ലാതെ ആകർഷിച്ചു. ആ സ്നേഹിതൻ അതിനെ ഒരു നാടകരൂപത്തി

ലാക്കുവാൻ മോമിനോടുപദേശിച്ചു. അങ്ങിനെ എഴുതിയതാണു റെയിൻ. വമ്പിച്ച വിജയമാണു് റെയിനിനു ലഭിച്ചതു്. ലൈംഗികവും മതപരവുമായ കാര്യങ്ങളെ സ്പർശിച്ചുകൊണ്ടുള്ളതും വികാരസാന്ദ്രത മുററിനില്ക്കുന്നതുമാണു് ആ പുസ്തകം.

ന്യൂയോർക്കിലെ നാടകനിരൂപകന്മാരുടെ കണ്ണിൽപെട്ടു റെയിൻ. അവരതിന്റെ പ്രാധാന്യം കണ്ടറികയും ലോകത്തിലെ ഏററവും നല്ല പത്തു നാടകങ്ങളിലൊന്നായി അതിനെ പ്രഖ്യാപിക്കയും ചെയ്തു. ഷേക്സ്പീയരുടെ ഹാംലററ് ആണു് ഒന്നാം സ്ഥാനം നേടിയതു്. രണ്ടാമത്തേതു് റെയിനും.

വായനയുടെ കാര്യത്തിൽ അദ്ദേഹത്തിനുള്ള താല്പര്യം സീമയററതാണു്. അദ്ദേഹം പറയുന്നതു് നോക്കുക—"കുട്ടിക്കാലത്തുതന്നെ വിക്കലുണ്ടായിരുന്ന എനിക്കു് അധികനേരം സംസാരിച്ചുകൊണ്ടിരിക്കുക എന്നതു് വിഷമകരമായിരുന്നു. ഇന്നാദൂഷ്യം കുറെയൊക്കെ മാറിയിട്ടുണ്ടെങ്കിലും സംസാരത്തിൽ നിന്നും ഒഴിഞ്ഞുനീങ്ങി കയ്യിലൊരു പുസ്തകവുമായിരിക്കാൻ ഇന്നക്കെല്ലാം ഞാൻ വെമ്പൽ കൊള്ളാറുണ്ടു്". പുസ്തകങ്ങൾ എല്ലാതരത്തിലുമുള്ളവ അദ്ദേഹം വായിച്ചു കൂട്ടുന്നു. മോമിനു് 18 വയസ്സായിരുന്നപ്പോൾ വെറും രണ്ടു മാസത്തിനകത്തു് അദ്ദേഹം വായിച്ച പുസ്തകങ്ങൾ നോക്കുക:— ഷേക്സ്പീയരുടെ മൂന്നു നാടകങ്ങൾ, റോമാചരിത്രം രണ്ടുവാല്യം, ലാൻസന്റെ ഫ്റെഞ്ചുസാഹിത്യം, ഇബ്സന്റെ ഒരു നാടകം, ചില ഫ്റെഞ്ചുക്ലാസിക്കുകൾ, ഇതിനെല്ലാം പുറമെ രണ്ടുമൂന്നു നോവ്ലുകളും! അദ്ദേഹത്തിന്റെ വായനയുടെ വ്യാപ്തിയെ കാണിക്കുന്ന ഈ കണക്കു ആരെയും അത്ഭുതപ്പെടുത്തുന്നതാണു്. വൈദ്യവിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ മോം ഫ്റെഞ്ചു്, ലാററിൻ, ഇററാലിയൻ ഭാഷകൾ പഠിച്ചിരുന്നു. ഈ ഭാഷകളുടെ സാമാന്യജ്ഞാനം അദ്ദേഹം ചെറുപ്പത്തിൽത്തന്നെ നേടി. സ്പാനിഷ്, റഷ്യൻഭാഷകളും അദ്ദേഹം കുറച്ചു നോക്കിയിട്ടുണ്ടു്.

സോമർസെററ് മോം ഒരു സഞ്ചാരതല്പരനാണു്. ആപത്ഭയം ഒരു പ്രവൃത്തിയിൽ നിന്നും അദ്ദേഹത്തെ പിന്തിരിപ്പിക്കുന്നില്ല. ജർമ്മനിയിലെ പഠനകാലത്തുതന്നെ അദ്ദേഹം ഓരോ രാജ്യങ്ങൾ സന്ദർശിക്കുവാൻ തുടങ്ങിയിരുന്നു. സ്വിററ്സർലണ്ടിലേക്കും ഇററലിയിലേക്കും ചെറുപ്പത്തിൽ അദ്ദേഹം യാത്രചെയ്തു. ചുരുക്കത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളേയും അദ്ദേഹം ചുററിക്കാണുകയും പഠിക്കുകയും ചെയ്തിട്ടുണ്ടു്. അവയിൽവെച്ചു് സ്പെയിനിനോടാണു് മോമിനു് കുറച്ചു പക്ഷപാതം. കിഴക്കൻ രാജ്യങ്ങളുടെ പഴയ സംസ്കാരത്തെ മനസ്സിലാക്കാൻ ചൈന, ഇന്ത്യ ഇവിടങ്ങളെയും അദ്ദേഹം സന്ദർശിച്ചു. ദേശസഞ്ചാരം കൊണ്ടുള്ള ലോകവിജ്ഞാനം പുസ്തകത്തിൽ നിന്നു ലഭിക്കുന്ന അറിവിനേക്കാൾ മുന്നിട്ടു നില്ക്കുന്നു. ഈ യാത്രകൾക്കിടയിൽ പല പുതിയ അനുഭവങ്ങളും പാഠങ്ങളും മോമിനു ലഭിച്ചു. ഈ സഞ്ചാരങ്ങളെ ആധാരമാക്കി അദ്ദേഹം രചിച്ച പുസ്തകങ്ങളാണു് സൌത്ത്സീ ഐലൻഡ്സ്, ഓൺ എ ചൈനീസ് സ്ക്രീൻ എന്നിവ.

കൂണോ ഫിഷറാണു് സോമർസെററ് മോമിനെ തത്വജ്ഞാനത്തിന്റെ മാർഗ്ഗത്തിലേക്കാകർഷിച്ചതെന്നു് മുമ്പു സൂചിപ്പിച്ചു. തൽഫലമായി അദ്ദേഹം തത്വശാസ്ത്രപരമായ അനേകം ഗ്രന്ഥങ്ങൾ വായിച്ചിട്ടുണ്ടു്. നോവലുകളേക്കാളും നാടകങ്ങളേക്കാളുമെല്ലാം തത്വജ്ഞാനപരങ്ങളായ പുസ്തകങ്ങളാണത്രെ മോം കൂടുതൽ ഇഷ്ടപ്പെടുന്നതു്. എഴുത്തു മേശക്കു മുമ്പിൽ പേനയുമായിരിക്കുന്നതിനുമുമ്പു് ഒരു മണിക്കൂർനേരം തത്വജ്ഞാന പ്രതിപാദകങ്ങളായ പുസ്തകങ്ങൾ വായിക്കലും ഒരു പുകവലിയും പതിവാണത്രെ. വൈദികനായ അമ്മാമന്റെ ദൈവവിശ്വാസോപദേശങ്ങൾക്കെതിരായി മേൽപറഞ്ഞ പുസ്തകങ്ങൾ മോമിന്റെ ഹൃദയത്തിൽ മറെറാരുറച്ച ചിന്താഗതിക്കു് ഇടം നല്കി. കൃസ്തുമതത്തിന്റെ മൂലതത്വങ്ങളായ ആത്മാവിന്റെ ഉയിർത്തെഴുന്നേല്പിനും ദൈവത്തിന്റെ അസ്തിത്വത്തിനും എതിരായ ചിന്താഗതിക്കു്.

# ഇംഗ്ലീഷ് വാർഷിക ഗ്രന്ഥങ്ങൾ

(തുടർച്ച)

എം. തോമസ് എം. ഏ. എൽ. ടി.

നാടകത്തേക്കുറിച്ചും അതിനോടുററ ബന്ധമുള്ള വിഷയങ്ങളേക്കുറിച്ചും ഉള്ള വിവരങ്ങൾ ബ്രിട്ടീഷ് വാർഷികഗ്രന്ഥാവലിയായി പ്രസിദ്ധീകരിക്കപ്പെടുന്ന ബ്രിട്ടീഷ് തിയേററർ ഗ്രന്ഥത്തിൽ നിന്നും ലഭിക്കുന്നതാണ്. ഡോബ്സൺ പ്രസിദ്ധീകരണക്കാരുടെ തിയേററർ വാർഷിക ഗ്രന്ഥം ബ്രിട്ടീഷ് നാടകവേദിയിൽ നടക്കുന്ന സകല പ്രവൎത്തനങ്ങളുടേയും സംഘടനാപ്രവൎത്തനങ്ങളുടേയും വിശദവിവരം നൾകുന്നതിനുള്ള ഒരു പുതിയ സംരംഭമാണ്. ഒന്നാം പ്രസിദ്ധീകരണക്കാരുടെ ബ്രിട്ടീഷ് ഫിലിം വാർഷിക ഗ്രന്ഥം ബ്രിട്ടീഷ് ചലച്ചിത്രവ്യവസായത്തിൻെറ

---

16 വയസ്സായിരിക്കുമ്പോൾ കഥാലോകത്തിൽ അനശ്വരനാമാവായ ഗിദേ മോപ്പസാങ്ങിൻെറ പുസ്തകങ്ങൾ മിക്കവയും മോം വായിച്ചു തീൎത്തിരുന്നു. മോപ്പസാങ്ങ് മോമിൽ പില്ക്കാലത്തു് ഗണ്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഗദ്യരചനാപാടവം അവിശ്രമപരിശ്രമം കൊണ്ടാണ് മോം നേടിയതു്. അതദ്ദേഹം തുറന്നു സമ്മതിച്ചിട്ടുമുണ്ട്. "ഒരു പ്രത്യേക ജന്മവാസന കൊണ്ടു് ഈ കല ഉണ്ടാവുന്നതല്ല. എഴുതുവാനുള്ള കഴിവു സമ്പാദിക്കുന്നതിൽ പ്രയത്നത്തിനു നല്ലൊരു സ്ഥാനമുണ്ട്. പേരെടുത്ത ഗദ്യകാരന്മാരുടെ പുസ്തകങ്ങൾ സ്വന്തം ശൈലിയെ മേന്മപ്പെടുത്തുവാൻ വേണ്ടി അദ്ദേഹംവായിച്ചുപോന്നു. ഫ്റഞ്ചു സാഹിത്യ സാമ്രാട്ടായ വോൾട്ടയറുടെ ഒരാരാധകനാണ് മോം. സാഹിത്യ സൃഷ്ടിയിൽ അനുകരണമാർഗ്ഗം അദ്ദേഹം കൈക്കൊണ്ടിട്ടില്ല. തൻെറ കൃതികളിൽ സ്വന്തം വ്യക്തിത്വംമാത്രം നിഴൽ വീശുന്ന ഒരു രചനാസരണിയുണ്ടു് മോമിനു്. ലളിതവും ഒഴുക്കുള്ളതുമായ ആ ശൈലിയും കഥയുടെ മൂല്യത്തെ കൈകാര്യം ചെയ്യാനുള്ള പാടവവും ആ പുസ്തകങ്ങൾക്കു ഒരു പ്രത്യേക വശ്യത നല്കുന്നു.

മനുഷ്യസ്വഭാവത്തിൻെറ വിവിധ വശങ്ങളെപ്പററി പഠിക്കുന്നതിൽ മോം ബദ്ധശ്രദ്ധനാണ്. അദ്ദേഹം പറയുന്നു "മനുഷ്യപ്രകൃതിയെ വീക്ഷിക്കുന്നതിൽ എനിക്കതിയായ താല്പര്യമുണ്ട്. കഥകളിലൂടെ അതുമായി എൻെറ വീക്ഷണങ്ങളെ കൂട്ടിയിണക്കുവാൻ ഞാനാശിക്കുന്നു." മനുഷ്യസ്വഭാവത്തിലെ ഏററവും ഗണ്യമായ ഘടകം പരസ്പരവൈരുദ്ധ്യമാണെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. കുറച്ചുകൂടി വ്യക്തമാക്കുന്നു മോം:-"ഒരൊററ മനുഷ്യനിൽതന്നെ സ്വാൎത്ഥതാ ദയ, ആദർശം, ലജ്ജ, അവജ്ഞ, ധൈര്യം, അലസത, വികാരപരത, വാശി മുതലായ വിരുദ്ധസ്വഭാവങ്ങൾ അടങ്ങിയിരിക്കാം. അവ അന്യോന്യം ഇണക്കത്തോടെ ഒരു മിശ്രപ്പെട്ട നിലയിൽ ഇരിക്കുന്നുവെന്നുമാത്രം." മോമിൻെറ പ്രചുരപ്രചാരം നേടിയ ചെറുകഥയായ ഏ ഫ്രെൻഡ് ഇൻ നീഡ് മനുഷ്യസ്വഭാവത്തിലെ പരസ്പരവിരുദ്ധ പ്രകൃതിയെ വിവരിക്കുന്നതാണ്.

79 വയസ്സായി മോമിനു്. അരനൂററാണ്ടു കാലമായി പ്രശസ്തിയുടെ ഉന്നത ശിഖരങ്ങളിലേക്കു് കാലിടറാതെ അദ്ദേഹം കുതിക്കുന്നു. വാർദ്ധക്യം ആ വിശ്വകഥാകൃത്തിൻെറ തൂലികയുടെ കഴിവുകളെ വിഘ്നപ്പെടുത്താതിരിക്കുമെന്നു് നമുക്കാശിക്കുക.

പൊതുവിവരങ്ങൾ ലഭിക്കുന്നതിന് സഹായകരമായിരിക്കുന്നു. ഇതുകൂടാതെ ബ്രിട്ടീഷ് വാർഷിക ഗ്രന്ഥാവലിയെന്ന ബ്രിട്ടീഷ് ഫിലിം വാർഷികഗ്രന്ഥം ബ്രിട്ടീഷ് ചലച്ചിത്ര വ്യവസായത്തിനെപ്പററിയുള്ള അഭിപ്രായങ്ങളും വിമർശനങ്ങളും ഉൾകൊള്ളുന്ന ഒരു ഗ്രന്ഥമാണ്. ബ്രിട്ടണിലും ഇതര രാജ്യങ്ങളിലുമുള്ള വാർത്താവിതരണപരമായ ചലച്ചിത്രങ്ങളുടെ വിവരംഇൻഫർമേഷണൽ ഫിൽമ്‌യീയർബുക്ക് എന്ന പേരിൽ ആൽബിൻപ്രസ്സ് അച്ചടിച്ചിരിക്കുന്ന വാർഷിക ഗ്രന്ഥത്തിൽ നിന്നും ലഭിക്കും. ഇതുകൂടാതെ ഐർലൻഡിലുള്ള ഇതര വ്യവസായങ്ങളേക്കുറിച്ച് സിനിമാ ആൻഡ് തിയേററർ റിവ്യൂ ആൻഡ് ഡിറക്ടററി ആഫ് അയർലണ്ട്എന്ന ഗ്രന്ഥത്തിൽ നിന്നും അറിയാവുന്നതാണ്

കായിക വിനോദങ്ങളും കളികളും അതിപ്രധാനങ്ങളായ ജീവിതപരിപാടികളായിട്ടാണ് പാശ്ചാത്യരും വിശിഷ്യ ബ്രിട്ടീഷുകാരും കരുതിവരുന്നതു്. ഇതിനേപ്പററി ആണ്ടോടാണ്ടുള്ള വിവരങ്ങൾ ബ്രിട്ടീഷ് ഈയർബുക്ക് പ്രസിദ്ധീകരണക്കാർ അച്ചടിച്ചിരിക്കുന്ന ബ്രിട്ടീഷ് സ്പോർട്ട വാർഷിക ഗ്രന്ഥത്തിൽ ചേർത്തിരിക്കും. കൂടാതെ ഓരോ ഇനം കളികളേപ്പററിയുമുള്ള പ്രത്യേക വാർഷികഗ്രന്ഥങ്ങളും ഒട്ടും കുറവല്ല. ക്രിക്കററ കളിയേപ്പററിയുള്ള വിവരങ്ങൾ വിഡ്സൻെറ ക്രിക്കററിയേഴ്സ് ആൽമനാക്കിലും, സൈക്കിൾ സവാരിയേപ്പററിയുള്ള വിവരം ടെമ്പിൾ പ്രസ്സുകാർ പ്രസിദ്ധീകരിക്കുന്ന സൈക്കിൾ മാനുവലിൽ നിന്നും, സൺഡേ ക്രോണിക്കിൾ മുതലായ പ്രതിദിനപ്പത്രങ്ങൾ പ്രസിദ്ധീകരിക്കുന്ന ഫുട്ട്ബാൾ വാർഷികഗ്രന്ഥങ്ങളിൽ നിന്നും കുതിരസവാരിയേയും കുതിരകളേയും കുറിച്ച കോളിൻസു കമ്പനിക്കാർ പ്രസിദ്ധീകരിക്കുന്ന 'ഹാഴ്സ്മാൻസ്ഈയർ' എന്ന ഗ്രന്ഥത്തിൽ നിന്നും, ഗോൾഫു് കളിയേക്കുറിച്ച ഗോൾഫേഴ്സ് ഹാൻഡ്ബുക്ക് എന്ന വാർഷികഗ്രന്ഥത്തിൽനിന്നും, ജലാശയങ്ങളിലുള്ള യാത്രകളേക്കുറിച്ചും കളികളേക്കുറിച്ചും മററും യാക്ടിംഗ്യീയർ, എന്ന ഗ്രന്ഥത്തിൽനിന്നും വിവരമന്വേഷിക്കുന്നവർക്ക് ലഭിക്കാവുന്നതാണ്.

ജ്യോതിഷശാസ്ത്രജ്ഞന്മാർക്കും നാവികക്കുംവേണ്ടി ഗവർമ്മെൻറിൽനിന്നും "ദി നാട്ടിക്കൽ ആൽമനക്" എന്ന വാർഷികഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെടുന്നു. ഇതിൻെറ ഒരു സംഗ്രഹമാണ് ബ്രൗൺ കമ്പിനിക്കാർ നാവികക്കുവേണ്ടി മാത്രം ഉദ്ദേശിച്ചു പ്രസിദ്ധീകരിക്കുന്ന "ബ്രൗൺസ്നാട്ടിക്കൽ ആൽമനാക്ക്" എന്ന ഗ്രന്ഥം.

ഇക്കാലത്തു് കൂടുതൽ ശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരിക്കുന്നതാണ് സാംപ്സൺലോ പ്രസിദ്ധീകരിക്കുന്ന ആൾ ദി വേൾഡ്സ് എയർക്രാഫ്ററ്. ഇതു് ആകാശസഞ്ചാരത്തെപ്പററിയും വിമാനങ്ങളെപ്പററിയും അതതുകാലത്തുണ്ടായിക്കൊണ്ടിരിക്കുന്ന പുതിയപുതിയ വിവരങ്ങൾ നൾകിക്കൊണ്ടിരിക്കുന്നു.

ടോഡ്പ്രസിദ്ധീകരണശാലക്കാരുടെ ഇൻറർനാഷണൽ എയർട്രാൻസ്പോർട്ട് എന്ന വാർഷിക ഗ്രന്ഥത്തിൽ വിമാനസഞ്ചാരങ്ങളേക്കുറിച്ചും, ഗവേഷണങ്ങളേക്കുറിച്ചും വിവരങ്ങൾ നൽകുന്നതു കൂടാതെ സഞ്ചാരത്തിനുപയോഗിക്കുന്ന വിവിധതരത്തിലുള്ള വിമാനങ്ങളുടെ ചിത്രങ്ങളും ലോകമെങ്ങുമുള്ള വിമാനയാത്രാവഴികളേയും വിമാനയാത്രാ സൌകര്യാദികളേയും, വിശദമാക്കുന്ന പല വസ്തുതകളും ഉൾക്കൊള്ളുന്ന ഒരു സപ്ലിമെൻറുകൂടെ ചേർത്തിരിക്കുന്നതായിട്ട മനസ്സിലാക്കാം.

യുദ്ധക്കപ്പലുകളേപ്പററിയും, നാവികവും ആകാശപരവുമായി ഇപ്പോഴുള്ള യുദ്ധസന്നാഹങ്ങളേപ്പററിയും, ചിത്രപരവും, റഫറൻസുപരവുമായ വിവരങ്ങളുള്ളതുമായ ഒരു വാർഷികഗ്രന്ഥമാണു വളരെ പഴക്കം സിദ്ധിച്ചിട്ടുള്ള "ബ്രാസിക്ക് നേവൽ ആനുവൽ". അതുപോലെ തന്നെ പ്രാധാന്യമുള്ളതാണ് 'ഫൈററിംഗ്ഷിപ്പ്സ് അഫ് ദി വോൾഡ്' എന്ന ഗ്രന്ഥവും. വാണിജ്യപരമായ കപ്പൽസമൂഹത്തേപ്പററിയുള്ള വിവരം ഷിപ്പിംഗ്‌വേൾഡുകാർ പ്രസിദ്ധീകരിക്കുന്ന ലോകത്തിലെ തുറമുഖങ്ങൾ എന്ന ഗ്രന്ഥത്തിൽ

നിന്നും ലഭിക്കും. ഷിപ്പിംഗ്‌വേൾഡ്‌യീയർ ബുക്ക് എന്ന ഗ്രന്ഥം പൊതുവാണിജ്യപരമായും, നാവികപരമായുമുള്ള നിയമങ്ങളും റെഗുലേഷനുകളും, സംബന്ധിച്ച വിവരങ്ങൾ തരുന്നുണ്ട്. കപ്പൽനിർമ്മാണത്തിന്റെ സാമ്പത്തികസ്ഥിതി, വില്പനകരം, കൽക്കരിയുടെയും എണ്ണയുടേയും മററം നിരക്കുവിലകൾ, വിമാനക്കമ്പനികൾ എന്നിവയെക്കുറിച്ചു അറിയുവാനുള്ള വാർഷികഗ്രന്ഥമാണു ആനുവൽ സമ്മറി ആഫ് ബ്രിട്ടീഷ് ഷിപ്പിംഗ് ഫിനാൻസ്. ബ്രിട്ടന്റെ ധനകാര്യത്തെപ്പററിയുള്ള പ്രധാനപ്പെട്ട ഒരു ഗ്രന്ഥമാണ് ററി. സ്കിന്നർ പ്രസിദ്ധീകരിക്കുന്ന ദി സ്റ്റോക് എക്സ്ചേഞ്ച് അഫിഷ്യൽ യീയർബുക്ക്. ഇതു് ബ്രോക്കർമാക്ക് പററിയ വിവരം നൽകുന്ന ഒരു ഡയറക്ടറി ആണ്. ബ്രിട്ടണിലും വെളിക്കുമുള്ള സകല പ്രധാനപ്പെട്ട പബ്ളിക് കമ്പനികളുടേയും പേരുവിവരം ഇതിൽ ചേർത്തിട്ടുണ്ട്.

യുണൈറെഡ്നേഷൻസ് പ്രസിദ്ധീകരിക്കുന്ന യൂറോപ്പിന്റെ കച്ചവടം ദി നെററ്‌വക്ക് ആഫ് വേൾഡ് ട്രേഡ് എന്നീ ഗ്രന്ഥങ്ങൾ വിപുല വ്യാപാരത്തിലേർപ്പെട്ടിരിക്കുന്നവർക്ക് ഒഴിച്ചു കൂടാത്തവയാണ്. ററി. സ്കിന്നർ പ്രസിദ്ധീകരിക്കുന്നതും മുന്നൂറപവനോളം വിലവരുന്നതുമായ ബാങ്കേഴ്സ് ആൽമനക് ആൻഡ്‌യീയർ ബുക്ക് എന്ന ഗ്രന്ഥം അഖിലലോക വ്യാപ്തിയുള്ളതും ബാങ്കിംഗ് സംബന്ധിച്ചു് പല തരത്തിലുള്ള വിവരങ്ങൾ നൾകുന്നതുമാണ്.

പല വ്യാപാരികളും ആവശ്യപ്പെടുന്നവയാണു് ഗവ:സ്റ്റേഷനറി ആഫീസ് പ്രസിദ്ധീകരിക്കുന്ന കയററുമതി ലിസ്റ്റ് ഇറക്കുമതി ലിസ്റ്റ് എന്നീ വാർഷികഗ്രന്ഥങ്ങൾ.

ബ്രിട്ടണിലുള്ള കമ്പനി ഡയറക്ടറന്മാരേപ്പററിയുള്ള സമ്പൂർണ്ണവിവരം ററി. സ്കിന്നർ പ്രസിദ്ധീകരിക്കുന്ന ബ്രിട്ടണിലെ ഡയറക്ടറന്മാരുടെ ഡയറക്ടററി എന്ന ഗ്രന്ഥത്തിൽ നിന്നും അറിയാവുന്നതാണ്.

ബിസിനസ്സ് പബ്ളിക്കേഷൻസ് സൊസൈററി പ്രസിദ്ധീകരിക്കുന്ന പരസ്യക്കാരുടെ ആനുവൽ ബ്രിട്ടണിലെ ആനുകാലിക പ്രസിദ്ധീകരണങ്ങളുടേയും ദിനപ്പത്രങ്ങളുടേയും ലിസ്ററും അവയുടെ പരസ്യനിരക്കുകളും നൾകുന്നുണ്ട്. ലണ്ടനിൽ ആഫീസുകളുള്ള സാമ്രാജ്യത്തിലെങ്ങും വിദേശങ്ങളിലും ഉള്ള വർത്തമാനപ്പത്രങ്ങളുടേയും ആനുകാലിക പ്രസിദ്ധീകരണങ്ങളുടേയും വിശദവിവരങ്ങളും കൂടെ ഈ മാനുവലിൽ ചേർത്തിരിക്കുന്നതായി കാണാം. വിവിധ രാജ്യങ്ങളിലേയും പരസ്യ കലയുടെ സ്ഥാനത്തേപ്പററിയും, സഞ്ചാരപരവും, ദേശീയപരവും, സാമൂഹ്യപരവും, വാണിജ്യപരവും ആയ ആവശ്യങ്ങൾക്കുപയോഗിക്കുന്ന പരസ്യ ഉപാധികളേക്കുറിച്ചും, അതായതു് ഒററഷീററ് പരസ്യങ്ങൾ, വർത്തമാനപ്പത്ര പരസ്യങ്ങൾ, നേരിട്ട് പോസ്റ്റിൽ അയച്ചു കൊടുക്കുന്ന പരസ്യങ്ങൾ, പൊതിക്കടലാസുകൾ മുഖാന്തിരമുള്ള പരസ്യങ്ങൾ എന്നിങ്ങനെയുള്ള പരസ്യശാഖയുടെ അംശങ്ങൾക്കും ഈ ഗ്രന്ഥത്തിൽ സ്ഥാനം നൾകിയിരിക്കുന്നതായി കാണാം.

ടോഡ് കമ്പനി പ്രസിദ്ധീകരിക്കുന്ന ഇൻഡസ്ട്രിയൽ റീസർച്ച് എന്ന വാർഷിക ഗ്രന്ഥം ഓരോ വ്യവസായത്തിൻേറയും ഓരോ അവാന്തരവശങ്ങളിലും നടത്തിക്കൊണ്ടിരിക്കുന്ന ഗവേഷണങ്ങളെക്കുറിച്ചു് വിവരം നൾകും. കൂടാതെ ഈ വിഷയത്തിലുള്ള നിയമനിർമ്മാണം, ഉദ്യോഗസൌകര്യങ്ങൾ, ഗവമ്മെൻറു ഡിപ്പാർട്ടുമെൻറുകൾ, സംഘടനകൾ, ഗ്രന്ഥങ്ങൾ, ആനുകാലികങ്ങൾ എന്നിവയേക്കുറിച്ചുള്ള വിശദവിവരങ്ങളും നൾകുന്നുണ്ട്. ഇൻഷൂറൻസ് സംബന്ധിച്ചും പല വാർഷിക ഗ്രന്ഥങ്ങൾ ഉണ്ടു്. അവയിൽ വെച്ചു് ഇൻഷൂറൻസ് കമ്പനികളെ ഏററവും സംക്ഷിപ്തവും അധികൃതവുമായ വിവരങ്ങൾ നൾകുന്നതു് റിച്ചി ആൻഡ് ഡാർലിംഗ് പ്രസിദ്ധീകരണക്കാരുടെ ഇൻഷൂറൻസ് ബ്ളൂ ബുക്ക് ആൻഡ് ഗൈഡ് എന്ന ഗ്രന്ഥമാണ്.

(തുടരും

# ഗ്രന്ഥങ്ങൾ അലങ്കാരത്തിനല്ല ഉപയോഗത്തിനാണു്

വി. എസ്. ബാലകൃഷ്ണപിള്ള

കുറെ ഗ്രന്ഥങ്ങളും അവ സൂക്ഷിച്ചു വയ്ക്കുന്നതിനു് തക്ക അലമാരകളുമുണ്ടെങ്കിൽ ഒരു ഗ്രന്ഥശാലയാവുകയില്ല. ഗ്രന്ഥങ്ങൾ ശേഖരിക്കുന്നതിലും അവ സൂക്ഷിക്കുന്നതിലും പണ്ടുകാലത്തും ആളുകൾ ശ്രദ്ധിച്ചിരുന്നു. എന്നാൽ അവയുടെ ആവശ്യവും പ്രയോജനവും ശരിക്കു മനസ്സിലാക്കിയിരുന്നില്ലെന്നു മാത്രം. അച്ചടി സമ്പ്രദായം നടപ്പിലാകുന്നതിനു മുമ്പുവരെ ഗ്രന്ഥങ്ങൾ തീർച്ചയായും വളരെ വിലയേറിയ നിധികളായിട്ടാണു് സൂക്ഷിക്കപ്പെട്ടു പോന്നതു്. അങ്ങിനെ ചെയ്യുന്നതു് ഒരാഡംബരമായോ അല്ലെങ്കിൽ ഒരന്തസ്സായോ പരിഗണിക്കപ്പെട്ടിരിക്കണം.

എന്നാൽ ഇപ്പോൾ പഴയ ഗ്രന്ഥപ്പുരകൾക്കു പകരം പുതിയ ഗ്രന്ഥശാലകൾ ഉണ്ടായിവരികയാണു്. ഗ്രന്ഥശേഖരണം ഒരാഡംബരമെന്നതിൽ നിന്നും ഒരാവശ്യമായി മാറിയിരിക്കുകയാണു്. ഗ്രന്ഥങ്ങൾ സൂക്ഷിക്കുന്നതിലല്ല ഉപയോഗിക്കുന്നതിലാണു് മെച്ചം എന്നു മനസ്സിലാക്കി വരികയാണു്. അങ്ങിനെ ഗ്രന്ഥശാലകളുടെ അർത്ഥവും വ്യാപ്തിയും വർദ്ധിക്കുകയാണു്. അപ്പോൾ ഗ്രന്ഥശാലയുടെ സ്ഥാനം, അതിന്റെ പ്രവർത്തനം, ഉപകരണങ്ങൾ, ഉദ്യോഗസ്ഥവൃന്ദം —എന്നു വേണ്ട നിസ്സാരങ്ങളെന്നു തോന്നിയേക്കാവുന്ന ചില കാര്യങ്ങളിൽ കൂടിയും പരിവർത്തനങ്ങൾ ഉണ്ടാകാതെ തരമില്ലല്ലോ.

ഗ്രന്ഥങ്ങൾ സൂക്ഷിക്കപ്പെടുന്നതിനു വേണ്ടിയാണെന്ന വിശ്വാസം നിലനിന്നിരുന്ന കാലത്തു് പുസ്തകങ്ങൾ ഉറപ്പുള്ള ഉറകളിലാക്കി അലമാരയോടു ചേർത്തു ബന്ധിച്ചിരുന്ന ഒരു ഘട്ടം തന്നെ ഉണ്ടായിരുന്നു എന്നു പറഞ്ഞാൽ നാമിന്നു് അത്ഭുതപ്പെടും.

മലയാളക്കരയിൽ ഇന്നു് എല്ലാ ഗ്രാമങ്ങളിലും പട്ടണങ്ങളിലും തന്നെ ഗ്രന്ഥശാലകളുണ്ടു്. സ്വന്തം കെട്ടിടത്തിലായോ വാടകക്കെട്ടിടത്തിലായോ ആണു് അവ നടത്തപ്പെടുന്നതും. സ്വന്തം കെട്ടിടങ്ങൾ ഉണ്ടാക്കുന്ന കാര്യത്തിൽ ഇപ്പോഴൊരു പുതിയ ഉണർവുതന്നെയും കാണപ്പെടുന്നുണ്ടു്. ഗ്രന്ഥശാലയുടെ സ്ഥാനം നിർണ്ണയിക്കുന്നതിനു് ഇന്നത്തെ ചുററുപാടിൽ വലിയ ശ്രദ്ധ ചെലുത്തേണ്ടതില്ലെന്നു തോന്നിയേക്കാം. ഗവർമ്മെന്റിൽ നിന്നും കുത്തകപ്പാട്ടത്തിനു കിട്ടാവുന്നതോ അല്ലെങ്കിൽ ഏതെങ്കിലും മഹാശയന്മാർ കരുണാപൂർവ്വം സംഭാവന ചെയ്യുന്നതോ ആയ സ്ഥലം വായനശാലക്കുവേണ്ടി കണ്ണുമടച്ചങ്ങു സ്വീകരിക്കുകയാണിന്നു്. ഇന്നത്തെ പരിതസ്ഥിതിയിൽ അതുതന്നെ വലിയൊരു കാര്യവുമാണു്.

എവിടെയെങ്കിലും ഒരു ഗ്രന്ഥശാല സ്ഥാപിച്ചു കഴിഞ്ഞാൽ ആവശ്യക്കാർ അങ്ങോട്ടെത്തിക്കൊള്ളുമെന്നാണു് ചിലരുടെ ധാരണ. കുറെയൊക്കെ ശരിയുമാണിതു്. അല്പസ്വല്പമൊക്കെ ബുദ്ധിമുട്ടു സഹിച്ചാലും ആവശ്യമാണെന്നു ബോധമുള്ളവർ അങ്ങിനെ ചെന്നെത്തുക തന്നെ ചെയ്യും. പക്ഷേ അവരുടെ സംഖ്യ പരിമിതമാണു്. ആവശ്യപ്പെട്ടു വരുന്നവർക്കു വേണ്ടിമാത്രം ഗ്രന്ഥങ്ങൾ ശേഖരിച്ചു വയ്ക്കലല്ല ഒരു ഗ്രന്ഥശാലയുടെ കർത്തവ്യം. ഗ്രന്ഥങ്ങൾ ഉപയോഗിക്കുന്നതിനു് അർഹതയുള്ളവർക്കെല്ലാം വേണ്ടി, അവരുടെ സൗകര്യവും ഇഷ്ടാനിഷ്ടങ്ങളും നോക്കി ഗ്രന്ഥങ്ങൾ നൽകുകയാണു് ആധുനിക ഗ്രന്ഥശാലയുടെ കർത്തവ്യം. ഗ്രന്ഥങ്ങൾ അലങ്കാര വസ്തുക്കളല്ല; ഉപയോഗിക്കാനുള്ളവയാണു്. അതു മനസ്സിലാക്കിത്തന്നെയാവണം ഗ്രന്ഥശാലയുടെ സ്ഥാനം നിർണ്ണയിക്കേണ്ടതു്.

പട്ടണത്തിലോ ഗ്രാമത്തിലോ ഏതെങ്കിലും ഒഴിഞ്ഞ കോണാണാണു് ഗ്രന്ഥശാലയ്ക്കു പററിയ

തെന്നു വിശ്വസിക്കുന്നവർ കണ്ടേക്കാം. വലിയ ആൾത്തിരക്കും ബഹളവുമൊന്നുമില്ലാത്ത സ്ഥലം വായിക്കുന്നതിനും പഠിക്കുന്നതിനും പററിയതാണല്ലോ. എന്നാൽ വളരെയെളുപ്പം ചെന്നു പററാവുന്നതും ഒരു കാര്യത്തിനല്ലെങ്കിൽ മററൊരാവശ്യത്തിനായി ധാരാളം ആൾ കൂടുന്നതുമായ സ്ഥലമാണു് ഗ്രന്ഥശാലക്കു യോജിച്ചതു്. പട്ടണത്തിലേയോ ഗ്രാമത്തിലേയോ ഏററവും തിരക്കുള്ള സ്ഥാനം തന്നെയാണു് ഗ്രന്ഥശാലക്കുത്തമം.

സ്ഥാനം നിർണ്ണയിച്ചു കഴിഞ്ഞാൽ പിന്നെ കെട്ടിടത്തിന്റെയും ഉപകരണങ്ങളുടേയും കാര്യമാണു്. പരിഷ്കൃത രീതിയിലുള്ള കെട്ടിടങ്ങളും ഉപകരണങ്ങളും ഉണ്ടാക്കുക എന്നതു് ഗ്രാമങ്ങളെ സംബന്ധിച്ചിടത്തോളം തൽക്കാലം ചിന്ത്യമേയല്ല. പഴയ ഭജനമഠങ്ങളുടെ രൂപത്തിലും തണ്ണീർപന്തലുകളുടെ ആകൃതിയിലുമൊക്കെ ഗ്രന്ഥശാലകളുണ്ടാക്കുന്നതു് അനുവദനീയമല്ല. ചെറുതെങ്കിലും മനോഹരമായിരിക്കണം ഗ്രാമീണ ഗ്രന്ഥശാലകൾ. അവയ്ക്കു് പ്രത്യേകം ഒരാകർഷകത്വം ഉണ്ടായിരിക്കണം. ഏതെങ്കിലും രൂപത്തിൽ ഒരു കെട്ടിടമങ്ങുണ്ടാക്കിയാൽ പോരാ. ചിലവു ചുരുങ്ങിയതും എന്നാൽ ഭംഗിയുള്ളതുമായ മാതൃകയാണു് നാം തിരഞ്ഞെടുക്കേണ്ടതു്.

ഉപകരണങ്ങളുടെ കാര്യത്തിൽ അത്രയെന്നും ശ്രദ്ധിക്കാനില്ലെന്നു വിചാരിക്കുന്നവരുണ്ടു്. പക്ഷേ ഒട്ടുംതന്നെ അപ്രധാനമല്ലാത്ത ഒരു കാര്യമാണതു്.

ഗ്രന്ഥങ്ങൾ വൃത്തിയായും കമനീയമായും എല്ലാവരുടേയും ദൃഷ്ടിയിൽ പെടത്തക്കവണ്ണവും ഏതവസരത്തിലും ഏതൊരാൾക്കും ആയാസം കൂടാതെ പുറത്തെടുക്കത്തക്ക രീതിയിലുമാണു് സൂക്ഷിക്കേണ്ടതെന്നു വസ്തുത ഗ്രന്ഥാലയ പ്രവർത്തകർ ഓർത്തിരിക്കേണ്ടതാണു്. ഉപകരണങ്ങളുടെ വില കൂടുതലോ കെട്ടുറപ്പോ അല്ല കാര്യം. അവ ഗ്രന്ഥശാലയുടെ സന്ദേശം പ്രചരിപ്പിക്കുന്നതിൽ എത്രകണ്ടു സഹായിക്കുന്നുവെന്നതാണു് കാര്യം. ഗ്രന്ഥങ്ങൾ വേണ്ടതരത്തിൽ പ്രദർശിപ്പിക്കുന്നതോടൊപ്പംതന്നെ ഗ്രന്ഥശാല ആകപ്പാടെ അലങ്കരിക്കുന്ന കാര്യത്തിലും ശ്രദ്ധ ചെലുത്തേണ്ടതാണു്. നാലു കോൽ നീളത്തിൽ ഒരു നാലു ബെഞ്ചും രണ്ടുമൂന്നു ഡസ്കുമുണ്ടായാൽ നമ്മുടെ ഗ്രാമീണ വായനശാലയായി. പോരാ; വായനശാലയിൽ കയറുന്നവർ അവിടെ ഇരുന്നു വായിക്കണം. ഹൃദ്യമായ ഒരു അന്തരീക്ഷമുണ്ടായിരിക്കതന്നെ വേണമതിനു്. ഇതൊക്കെ അത്രവളരെ ചിലവൊന്നും കൂടാതെ തന്നെ അല്പം ശ്രദ്ധിക്കുന്നെങ്കിൽ സാധിക്കാവുന്ന കാര്യങ്ങളേയുള്ളു.

ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ കഴിവുകൾ അപരിമിതമാണു്. അതു് എല്ലാ പരിഷ്കൃത രാജ്യങ്ങളും ഇന്നു മനസ്സിലാക്കിയിട്ടുണ്ടു്. പരിമിതമായ കഴിവുകളേയുള്ളുവെങ്കിലും ഗ്രന്ഥശാലാധർമ്മം വേണ്ടവിധം മനസ്സിലാക്കി പ്രവർത്തിക്കുന്നപക്ഷം നമ്മുടെ ഗ്രാമീണ ഗ്രന്ഥശാലകൾക്കും നല്ലൊരു ഭാവിയുണ്ടു് തീർച്ച. വായിക്കാൻ കഴിവുള്ള ഏതൊരാൾക്കും ഗ്രന്ഥങ്ങൾ ലഭ്യമാകണം. വായിക്കാൻ കഴിവില്ലാത്തവരെ അതിനു പ്രാപ്തരാക്കണം. ജാതിയോ തൊഴിലോ പ്രായവ്യത്യാസമോ ഒന്നുംതന്നെ ഈവക കാര്യങ്ങളിൽ ബാധകമല്ല. ഗ്രന്ഥങ്ങൾ ഉപയോഗിക്കപ്പെടണം. പോരാ, എല്ലാവരാലും ഉപയോഗിക്കപ്പെടണം. ഗ്രന്ഥങ്ങൾ എല്ലാവരാലും ഉപയോഗിക്കപ്പെടുന്ന ഒരു കാലം തീർച്ചയായും ഇന്നത്തേതിൽ നിന്നും ഭിന്നമായിരിക്കും. മാനസികമായും കായികമായും സാമ്പത്തികമായും സാംസ്കാരികമായും ഉയർന്ന ഒരു സാമൂഹ്യ നിലവാരമായിരിക്കും അന്നുണ്ടാവുക.

# നമ്മുടെ ഗ്രന്ഥശാലാപ്രസ്ഥാനം

## ശ്രീ ചിത്തിരതിരുനാൾ ഗ്രന്ഥശാലയുടെ 39-ാംവാർഷിക യോഗത്തിൽ ചെയ്ത പ്രസംഗം

പനമ്പിള്ളി ഗോവിന്ദമേനോൻ എം. ഏ, ബി. എൽ.

പ്രൗഢമായ രണ്ടു പ്രസംഗങ്ങൾ കഴിഞ്ഞശേഷം ഈ യോഗത്തിൽ ഞാനും പ്രസംഗിക്കണമെന്നു ശ്രീ. പരമേശ്വരപ്പണിക്കർ നിർദ്ദേശിച്ചതിന്റെ ശരിയായ കാരണം എനിക്കു നിശ്ചയമില്ല. സ്ഥാപനത്തിന്റെ പ്രവർത്തനത്തിലും പൊതുവേ സാംസ്കാരികമായ എല്ലാ പ്രസ്ഥാനങ്ങളിലും ഞാൻ പ്രദർശിപ്പിക്കുന്ന താല്പര്യത്തെ അഭിനന്ദിച്ചുമാത്രമായിരിക്കയില്ല ഈ ബഹുമാനം എനിക്കു നൽകിയതു്. പിന്നെയോ ഈ തലസ്ഥാനനഗരത്തിൽ ശ്രീ പിത്തിരതിരുനാൾ ഗ്രന്ഥശാല എന്നപോലെ സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലും സാംസ്കാരികസേവനം സ്തുത്യർഹമായി നിർവഹിക്കുന്ന 1500-ൽപരം ഗ്രന്ഥശാലകൾക്കും അംഗത്വം നൽകി അഭ്യസ്തവിദ്യരുടെ സാംസ്കാരികാഭിവൃദ്ധിക്കായി അനുസ്യൂതം പ്രവർത്തിച്ചുവരുന്ന സ്ഥാപനമായ തിരു-കൊച്ചി ഗ്രന്ഥശാലാസംഘത്തിന്റെ അദ്ധ്യക്ഷസ്ഥാനം വഹിക്കുവാൻ എനിക്കിപ്പോൾ ഇടവന്നിട്ടുള്ളതായിരിക്കാം ഈ സന്ദർഭത്തിൽ സംസാരിക്കുവാനുള്ള എന്റെ യഥാർത്ഥ അവകാശം.

ഈ ഗ്രന്ഥശാലയുടെ പ്രവർത്തനരംഗമായ തിരുവനന്തപുരം പലപ്രകാരത്തിലും ഭാഗ്യവതിയായ ഒരു പട്ടണമാണു്. വഞ്ചിനാടിനെ ഭരിച്ചു് പ്രജകളേയും കലകളേയും സ്തുത്യർഹമായി പരിരക്ഷിച്ചുപോന്ന അനേകം മഹാരാജപരമ്പരകളുടെ പ്രഭാപൂരംകൊണ്ടു് അനുഗൃഹീതമായിരുന്നതാണു് ഈ പട്ടണം. വിശിഷ്യ, മലയാളഭാഷയ്ക്കും കേരളസംസ്കാരത്തിനും അഭിമാനകരമായ പല സരണികളിലും ഉജ്ജ്വലതാരങ്ങളായി പ്രശോഭിച്ചിരുന്ന അനേകം മഹാരാജാക്കന്മാർ ഇവിടമാണു തലസ്ഥാനമാക്കിയിരുന്നതു്. സംഗീതത്തിലും സാഹിത്യത്തിലും അദ്വിതീയമായ പാണ്ഡിത്യവും നിർമ്മാണപടുതയും സമ്പാദിച്ചവരും ആട്ടക്കഥയെന്ന പ്രാദേശിക നാടകപ്രസ്ഥാനത്തിൽ അത്യുന്നതസ്ഥാനമർഹിക്കുന്ന ഏതാനും കൃതികൾ നിർമ്മിക്കുന്നതിനുപോലും ഭാരമേറിയ രാജ്യഭരണനിർവഹണത്തിനിടയിൽ സാവകാശം കണ്ടുപിടിച്ച മഹാരാജാക്കന്മാരും ഇവിടെയാണു നിവസിച്ചിരുന്നതു്. മലയാളസാഹിത്യചക്രവർത്തിയെന്നറിയപ്പെട്ടിരുന്ന ശ്രീ കേരളവർമ്മ വലിയകോയിത്തമ്പുരാൻ, വിഖ്യാത കവികളായ ഇരയമ്മൻതമ്പി, കുമാരനാശാൻ തുടങ്ങി അനേകമഹാന്മാർ ഇവിടെയാണു ജീവിച്ചിരുന്നതു്. ഇവരുടെ സ്മരണകളെ അർഹിക്കുന്നവിധം ശാശ്വതമാക്കുന്നതിനു വേണ്ട സ്മാരകങ്ങൾ നിർമ്മിക്കുവാൻ നടപടികൾ ഇനിയും സ്വീകരിച്ചിട്ടില്ല എന്നതും ഈ അവസരത്തിൽ പറയേണ്ടിയിരിക്കുന്നു. ആ ന്യൂനത ഈ പട്ടണത്തിനു മാത്രമല്ല കേരളത്തിനു പൊതുവേ പറയാവുന്നതുമാണു്.

ഞാൻ ഈയിടെ ഇരിങ്ങാലക്കുട സന്ദർശിച്ചപ്പോൾ, മലയാളഭാഷയ്ക്കു് അമൂല്യസംഭാവന ചെയ്തിട്ടുള്ള ഉണ്ണായിവാര്യർ ജീവിച്ചിരുന്നതു് ആ പട്ടണത്തിലാണെന്ന വസ്തുത ഗ്രഹിച്ചിട്ടില്ലാത്ത പല പ്രാമാണികരും അവിടത്തുകാരായിത്തന്നെ ഉണ്ടെന്നു മനസ്സിലാക്കി. ആ പുണ്യപുരുഷന്റെ സ്മരണയെ നിലനിറുത്താൻ ചില പ്രസ്ഥാനങ്ങൾ അവിടെ ആരംഭിച്ചിട്ടുണ്ടു്. ഈദൃശമായ പന്ഥാവുകളിൽ അവശ്യമായ ചില സേവനങ്ങൾ നിർവഹിക്കുന്നതുംകൂടി ഇതുപോലുള്ള സ്ഥാപനങ്ങളുടെ കടമയാണെന്നു എനിക്കു തോന്നാറുണ്ടു്.

ഗ്രന്ഥശാലകൾ "ടെംപിൾ ഓഫ് ലേർണിംഗ്" ആണെന്നു ഡോ: കട്ജു നിങ്ങളോടുള്ളപ്പോൾ

പറഞ്ഞതു് വളരെ പരമാർത്ഥമാണു്. അഭ്യസ്തവിദ്യരുടെ മാനസികോന്നമനത്തിനു വേണ്ട സന്ദർഭം നൽകുന്നതിൽ ഗ്രന്ഥശാലകൾക്കു് അദ്വിതീയമായ ഒരു സ്ഥാനമാണുള്ളതു്. ഈ സംസ്ഥാനത്തെ ജനതതിക്കു് വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും അത്യുന്നതമായ ഒരു സ്ഥാനമുണ്ടെന്നു ഡോ. കട്ജു പറഞ്ഞുവല്ലോ. ആ സ്ഥാനം പുലർത്തിപ്പോരുന്നതിൽ ഒരു വലിയ പങ്കു് ഗ്രന്ഥശാലകൾ നിർവഹിച്ചുപോരുന്നുണ്ടു്. 900-ത്തിൽ പരം ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള ഈ സംസ്ഥാനത്തിലെ ഗണ്യമായ ഒരു ഭാഗം ആയ ജലാശയങ്ങളും ആരണ്യപ്രദേശങ്ങളും കഴിച്ചു് ജനാധിവാസയോഗ്യമായ പ്രദേശത്തിന്റെ വിസ്തീർണ്ണവും ഇവിടത്തെ ഗ്രന്ഥശാലകളുടെ എണ്ണവും കണക്കാക്കിയാൽ മൂന്നോ നാലോ ചതുരശ്രമൈലിനു് ഒരു ഗ്രന്ഥശാലയോ വായനശാലയോ വീതം ഉണ്ടെന്നു കാണാം. ഇത്രയധികം വായനശാലകൾ ഭാരതത്തിന്റെ മററു ഭാഗങ്ങളിലില്ല. ഇവ മുറയ്ക്കു പ്രവർത്തിച്ചു ഉദ്ദിഷ്ടഫലപ്രാപ്തി ഉണ്ടാകുന്നതിനും അനുദിനം വർദ്ധിച്ചുവരുന്ന അവയുടെ ചുമതലകളെ തൃപ്തികരമായി നിർവഹിക്കുന്നതിനും എത്രത്തോളം വലിയ ചെലവുണ്ടാകുമെന്നു ചിന്തിക്കണം. മലയാളഭാഷയിൽ പ്രസിദ്ധീകൃതമായ എല്ലാ ഗ്രന്ഥങ്ങളും ഈ ഗ്രന്ഥശാലയിൽ കാണാമെന്നു ശ്രീ. പണിക്കർ അവകാശപ്പെടുന്നു. ഇത്രത്തോളം അഭിമാനംകൊള്ളാൻ ഇതരഗ്രന്ഥശാലകൾക്കു് സാദ്ധ്യമല്ലെങ്കിലും സംസ്കാരാഭിവൃദ്ധിക്കു് അവശ്യം വേണ്ട ഗ്രന്ഥസമുച്ചയം സമ്പാദിച്ചിട്ടുള്ള ഗ്രന്ഥശാലകൾ സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിൽ യഥായോഗ്യം ഫലപ്രദമായി പ്രവർത്തനം നടത്തിവരുന്നുണ്ടെന്നു നമുക്കു അഭിമാനപൂർവ്വം അവകാശപ്പെടാം.

ഗ്രന്ഥശാലകളുടെ ഏതാദൃശമായ പ്രവർത്തനത്തിനു സാരഥ്യവും സഹായവും നൽകുന്നതു ഗ്രന്ഥശാലാസംഘം അതിപ്രധാനമായ ഒരു കർത്തവ്യമായി സ്വീകരിച്ചു് അതിന്റെ നിർവഹണത്തിനു സ്തുത്യർഹമായി പ്രവർത്തിക്കുന്നു എന്ന പരമാർത്ഥം വിസ്മരിക്കത്തക്കതല്ല. ഭാരതത്തിനു മറെറവിടെയും ദൃശ്യമല്ലാത്ത ഉണർവ്വോടും ഉശിരോടും പ്രവർത്തിച്ചു വിജയം വരിച്ചിട്ടുള്ള തിരു-കൊച്ചി ഗ്രന്ഥശാലാസംഘത്തിനും ഗ്രന്ഥശാശാലപ്രസ്ഥാനത്തിനും ന്യായമായി അവ അർഹിക്കുന്ന പ്രോത്സാഹനവും സഹായവും ലഭിച്ചിട്ടില്ലെന്നും രാജ്യശ്രേയസ്സിനെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഗവർമ്മെൻറു് ഈ പ്രസ്ഥാനം അർഹിക്കുന്ന ആനുകൂല്യങ്ങൾ വർദ്ധമാനമായ തോതിൽ തുടർന്നു നൽകണമെന്നും ഗ്രന്ഥശാലാസംഘത്തിന്റെ അദ്ധ്യക്ഷനെന്ന നിലയിൽ ഞാൻ വാദിക്കുമ്പോൾ, ഗവമ്മെൻറിന്റെ ധനകാര്യമന്ത്രിയുംകൂടിയായിരിക്കാൻ ഇടവന്നിരിക്കുന്ന എന്റെ നില വലിയ പരുങ്ങലിലാണു്. ജനക്ഷേമത്തിനാവശ്യമായ എല്ലാ പ്രസ്ഥാനങ്ങൾക്കും ഉചിതമായവിധം ധനവിനിമയം ചെയ്യാൻ ബാദ്ധ്യസ്ഥനായ ഞാൻ പക്ഷപാതിയുമാകരുതല്ലോ.

വിമർശകന്മാർ ഒരു കാര്യം ഓർമ്മിക്കണം. 1947-ൽ ഗ്രന്ഥശാലാപ്രസ്ഥാനത്തിനു സംസ്ഥാനഗവർമ്മെൻറു് ആകെക്കൂടി ചെലവാക്കീട്ടുള്ള തുക 10000 രൂപയാണെന്നു കണക്കുകൊണ്ടു കാണാവുന്നതാണു്. എന്നാൽ 1952-53-ൽ സംസ്ഥാനഗവർമ്മെൻറു് ഈ പ്രസ്ഥാനത്തിനുവേണ്ടി ചെലവാക്കീട്ടുള്ളതു് 1,80,000ൽ പരം രൂപയാണെന്നും കൊണ്ടു ബോദ്ധ്യപ്പെടുമ്പോൾ ഈ പ്രസ്ഥാനത്തോടു് ഇപ്പോഴത്തെ ഗവർമ്മെൻറു അനുവർത്തിച്ചു വരുന്ന നയത്തെ അപലപിക്കാൻ നിർമ്മത്സരബുദ്ധികൾക്കു സാദ്ധ്യമല്ല. മാത്രമോ, മുൻകാലങ്ങളിലെപ്പോലെ മററനേകം ജോലികൾക്കിടയിൽ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലെ ഇടത്തരം ഉദ്യോഗസ്ഥന്മാർ അനവധാനതയോടെ നിർണ്ണയിക്കുന്ന ഗ്രാൻറു തുകയല്ല ഇന്നു നല്കി വരുന്നതു്. ഗവർമ്മെൻറു മുൻകൊല്ലം നല്കിയ ആനുകൂല്യങ്ങളെ ഫലപ്രദമായ രീതിയിൽ വിനിയോഗിക്കുന്നുണ്ടോ എന്നു് പ്രതിവർഷം നേരിട്ടു സന്ദർശനം നടത്തി ആവ

ശ്യമെന്നു കാണുന്ന നിർദ്ദേശങ്ങൾ നല്കി യോഗ്യതാനുസരണം മാത്രം അടുത്ത കൊല്ലത്തേക്കു ഗ്രാന്റു നിശ്ചയിക്കുന്നതിനു് പ്രാപ്തരായ അനുദ്യോഗസ്ഥരടങ്ങിയ ഒരു കമ്മിററിയുടെ ശുപാർശയനുസരിച്ചാണു ഗവർമ്മെന്റു കഴിഞ്ഞ നാലു കൊല്ലങ്ങളായി ഗ്രാന്റുവിതരണം ചെയ്യുന്നതു്. ഇന്നു് ഈ സമയത്തും പ്രസ്തുത കമ്മിററി അംഗങ്ങൾ സംസ്ഥാനത്തിന്റെ വിദൂരഭാഗത്തൊരിടത്തു് കാട്ടും മേട്ടും തരണംചെയ്തു ഏതോ വായനശാലയിൽ പരിശോധന നടത്തിക്കൊണ്ടിരിക്കയാണു്.

എന്നാൽ പ്രസ്തുത കമ്മിററിയുടെ നിർദ്ദേശവും അഭീഷ്ടവും അനുസരിച്ചു് സഹായധനം നല്കുന്ന കാര്യത്തിലും മററു പല കാര്യങ്ങളിലെന്നപോലെ ഗവർമ്മെന്റിന്റെ കോശസ്ഥിതിയാണു വാസ്തവത്തിൽ പ്രതിബന്ധമായിരിക്കുന്നതു്.

ലക്ഷ്മീദേവിയും സരസ്വതീദേവിയും ഒരിടത്തു് ഒരുമിച്ചു താമസിക്കയില്ലെന്നർത്ഥം വരുന്ന ഒരു ചൊല്ലു് നമ്മുടെ ഇടയിലുണ്ടു്. സാഹിത്യകാരന്മാരുടെ സാമ്പത്തികനിലയെപ്പററി ചിന്തിക്കുമ്പോൾ ഇതെത്രയോ പരമാർത്ഥമാണെന്നു തോന്നുന്നു. സാഹിതീസേവകൊണ്ടു മാത്രം ഉപജീവനമാർഗ്ഗം നേടാൻ മലയാളത്തിലെ സാഹിത്യകാരന്മാർക്കു് ഒരിക്കലും സാധിച്ചിട്ടില്ല. ഉന്നത സാഹിത്യഗ്രന്ഥങ്ങൾ സാധാരണയായി കേരളത്തിലുണ്ടായിട്ടുള്ളതു് സമ്പത്തികക്ലേശങ്ങളിൽ നിന്നും വിമുക്തരായി കാലയാപനം ചെയ്ത രാജാക്കന്മാർ പ്രഭുക്കൾ മുതലായവരിൽ നിന്നോ അവരുടെ രക്ഷാഹസ്തങ്ങളെ സാമ്പത്തികാവലംബമായി ലഭിച്ച ചില അനുഗൃഹീതരിൽ നിന്നുമോ ആയിരുന്നു. എന്നാൽ സാംസ്കാരികപ്രവർത്തകന്മാർക്കു് രാജാക്കന്മാരിലും പ്രഭുക്കന്മാരിലുംനിന്നു ലഭിച്ചുകൊണ്ടിരുന്ന പ്രോത്സാഹനങ്ങൾ സാമൂഹ്യഘടനയിലുണ്ടായ മൌലിക പരിവർത്തനങ്ങൾ നിമിത്തം എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ട പരിതസ്ഥിതികളാണിപ്പോളുണ്ടായിരിക്കുന്നതു്. ആ പരിവർത്തനങ്ങളെപ്പററി പരിതപിക്കാനില്ല. എന്നാൽ സാഹിത്യപ്രവർത്തകർക്കു് അതിലുണ്ടായ നഷ്ടം പരിഹരിച്ചു രാജ്യത്തിന്റെ സാംസ്കാരികനിലവാരം ഉയർത്തുന്നതിനു് അവരെ പ്രോത്സാഹിപ്പിക്കേണ്ട കടമ ജനായത്തഭരണകൂടങ്ങളുടേതാണു്. അവരുടെ ശ്രദ്ധ ഇക്കാര്യത്തിൽ പതിയേണ്ടതായിരിക്കുന്നു.

ഇവിടത്തെ ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ വിജയകരമായ പ്രവർത്തനം നമ്മുടെ മാന്യാതിഥി നേരിട്ടുകണ്ടു ബോദ്ധ്യപ്പെട്ടിട്ടുള്ളതു് കേന്ദ്രഗവർമ്മെന്റിന്റെ ശ്രദ്ധ ഈ കാര്യത്തിൽ വേണ്ടുംവണ്ണം പതിപ്പിക്കുന്നതിനു സഹായകമായി വരാവുന്നതാണു്. ഇതുവരെ ഈ പ്രസ്ഥാനത്തിനുണ്ടായിട്ടുള്ള നേട്ടങ്ങൾ ഗവർമ്മെന്റു സഹായത്താൽ മാത്രം സാധിച്ചിട്ടുള്ളവയല്ല. നാട്ടുകാരിൽ ഉത്സാഹശീലരായ നിരവധി വായനശാലാപ്രവർത്തകരുടെ നിരന്തരമായ പ്രയത്നവും ഉദാരമതികളായ നാട്ടുകാരുടെ ത്യാഗവും കൊണ്ടാണു് ഈദൃശമായ വിജയം വരിക്കാൻ സാധിച്ചിട്ടുള്ളതു്. ഇനിയും വളരെ അധികം സാധിക്കേണ്ടതായുണ്ടു്. പ്രാദേശികമായ ത്യാഗസന്നദ്ധതയും സംസ്ഥാനഗവർമ്മെന്റിന്റെ സാമ്പത്തികസഹായവും കൊണ്ടുമാത്രം ഈ പ്രസ്ഥാനത്തിന്റെ വർദ്ധമാനമായ ആവശ്യങ്ങൾ നിറവേറാവുന്നതല്ല. കേന്ദ്രഗവർമ്മെന്റിൽനിന്നും അത്യുദാരമായ ധനസഹായം ലഭിച്ച മററു സംസ്ഥാനങ്ങൾക്കുപോലും മാതൃകയാകത്തക്കവിധത്തിൽ പ്രവർത്തനം തുടർന്നു് ഭാരതഭൂമിയിലെ ഒരു മഹാസ്ഥാപനമായി വികസിക്കുന്നതിനുള്ള കഴിവു തിരു-കൊച്ചിയിലെ ഗ്രന്ഥശാലാപ്രസ്ഥാനത്തിനുണ്ടെന്നു നേരിട്ടു് മനസ്സിലാക്കിയ ഡാക്ടർ കട്ജു ഇക്കാര്യത്തിൽ ഉചിതമായ നടപടി എടുക്കുമെന്നു വിശ്വസിക്കുന്നു.

പത്രാധിപർക്കു കത്തു്

# ഗ്രന്ഥാലയങ്ങളിൽ

ഗ്രന്ഥശാലാസംഘം പ്രവത്തകരായ ശ്രീ. പി. എൻ. പണിക്കർ തുടങ്ങിയവരുടെ ഉററശ്രമത്താൽ ഇപ്പോൾ മിക്ക നാട്ടുകളിലും ഗ്രന്ഥശാലകളോ വായനശാലകളോ ഉണ്ടു്. ആർഗനൈസറന്മാരുടെ അന്വേഷണങ്ങളും മുറയ്ക്കുണ്ടു്. നല്ല നല്ല ഗ്രന്ഥങ്ങൾ കുറവില്ലാതെയുണ്ടെങ്കിലും നാട്ടുകാർ അതുകളെ ശരിക്കുപയോഗിക്കുന്നില്ല എന്നു് ചില ഗ്രന്ഥശാലകളിലെ ഉത്സാഹമുള്ള സെക്രട്ടറിമാർ തന്നെ പറയുന്നു. ചിലേടത്തു് ഉപയോഗം ശരിക്കില്ലാത്തതിനുള്ള കാരണങ്ങൾ എന്തെല്ലാമായിരിക്കാം!

ഒന്നാമതു് ഗ്രന്ഥാലയങ്ങളുടെ നടത്തിപ്പിൽ തന്നെ പരിഷ്ക്കാരം വരുത്തേണ്ടിയിരിക്കുന്നു. ലൈബ്രേറിയനു പല ഗുണങ്ങളും വേണം. വായിക്കാൻ വരുന്നവരുടെ വയസ്സു്, വിദ്യാഭ്യാസനില, അഭിരുചി എന്നിവയൊക്കെ അറിഞ്ഞു് അവരെ ഉത്കർഷസോപാനത്തിലേയ്ക്കു നയിക്കണം. വിവിധ ജനങ്ങളും വായനശാലയിൽ വന്നു കയറും.; അവരെയെല്ലാം തിരിച്ചറിയുന്ന ആളായിരിക്കണം—അഥവാ, വരുന്ന വായനക്കാരെ അന്വേഷിച്ചറിയണം—ലൈബ്രേറിയൻ.

പുസ്തകം തരം തിരിച്ചു്—എന്നു വച്ചാൽ ബാലവിദ്യാർത്ഥികൾക്കു്, ഹൈസ്കൂൾ വിദ്യാർത്ഥികൾക്കു്, കാളേജ് സ്ററുഡൻറ്സിനു്, പെൻഷനുദ്യോഗസ്ഥന്മാക്കു്, പുരോഗമനം ഇച്ഛിക്കുന്ന കർഷകർക്കും വ്യവസായികൾക്കും, അധ്യാപകന്മാക്കു്, സമയം പോകാതെ വിഷമിക്കുന്നവക്കു് വിശ്രമം കിട്ടാത്ത പരിശ്രമികൾക്കു്, അവസരം വെറുതെ കളയുന്നവക്കു്, സിനിമാ മാസിക നോക്കാൻ വരുന്നവർക്കു്, ചീട്ടുകളിക്കാൻ തരമുണ്ടോ എന്നു നോക്കി നടക്കുന്നവർക്കു്, തൊഴിലില്ലാത്ത ഉൽകർഷേച്ഛുക്കൾക്കു്, വേല ചെയ്തിട്ടു വിശ്രമിക്കുന്നവർക്കു്—ഇങ്ങനെ വിഭിന്നരീതിക്കാർക്കു ഉപകാരപ്പെടത്തക്കവണ്ണം ഗ്രന്ഥനാമങ്ങൾ വെവ്വേറെ എഴുതിയിട്ടുള്ള പ്രത്യേക ലിസ്ററുകൾ എല്ലാപേക്കും കാണത്തക്ക വിധത്തിൽ ഉണ്ടായിരിക്കുന്നതു സൗകര്യപ്രദമായിരിക്കും. അല്ലാത്തപക്ഷം, സിനിമാ നടികളുടെയും മററും ചിത്രവിവരണങ്ങളുള്ള പുസ്തകങ്ങൾ മാത്രമായിരിക്കും വിദ്യാർത്ഥികളുൾപ്പടെയുള്ള വായനക്കാക്കു വായനശാലകളിൽ നിന്നു ലഭിച്ചേയ്ക്കാവുന്നതു്.

ഗ്രന്ഥങ്ങളുടെ വിവരങ്ങളെഴുതി വയ്ക്കുന്നതും വിവരമായിരിക്കണം. വിവരമില്ലാത്തവരെഴുതിയതാണു് ആ ലിസ്റ്റു് എന്നു തോന്നിക്കരുതു്. "കേശവീയം—നാരായണപിള്ള" എന്നു് ഒരു ലിസ്റ്റിൽ എഴുതിയിരുന്നു. കേശവീയം മഹാകാവ്യമാണതെങ്കിൽ, ഗ്രന്ഥകാരൻ നാരായണപിള്ളയല്ല. പ്രസാധകനായ മണക്കാട്ടു നാരായണപിള്ളയെ ഉദ്ദേശിച്ചാണെങ്കിൽ ആ വിവരം കുറിക്കണം. മഹാകവി കെ. സി. കേശവപിള്ളയാണു് കേശവീയം മഹാകാവ്യത്തിൻെറ കർത്താവെന്നു് അറിഞ്ഞുകൂടാത്ത ഒരു "പുരോഗമന"ക്കാരനാണു് ആ ലിസ്റ്റെഴുതിയതു് എന്നു സിദ്ധിക്കുന്നു. മഹാകാവ്യമാണു ഗ്രന്ഥമെങ്കിൽ 'മഹാകാവ്യം' എന്നു സൂചിപ്പിച്ചേ തീരൂ. അതുംപോരാ. ഇത്രാം സർഗ്ഗമെന്നോ മുഴുവനുമെന്നോ കൂടെ എഴുതണം. എന്തെന്നാൽ ആ കാവ്യത്തിലെ ചില സർഗ്ഗങ്ങൾ മാത്രം സ്കൂൾ പാഠപുസ്തകങ്ങളായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ഇതൊന്നുമല്ല, വല്ല നാരായണപിള്ളമാരും കേശവീയമെന്നോ മററോ പേരിൽ ഒരു പുതിയ പുസ്തകം എഴുതിയിട്ടുള്ളതിനെയാണു ലിസ്റ്റിൽ കുറിച്ചിരിക്കുന്നതു് എന്നും വന്നേയ്ക്കാം.

മുമ്പൊരിക്കൽ ഒരു വായനശാലയിലെ പുസ്തകലിസ്റ്റിൽ "വിജ്ഞാപനം" എന്നൊരു

ഗ്രന്ഥനാമം എഴുതിയിരുന്നതായി ഞാനോർക്കുന്നു. ലിസ്ററ കാണിച്ചുകൊടുത്തു് ആ നമ്പരിട്ട പുസ്തകം ഒന്നെടുക്കണമെന്നു ഞാൻ അവിടെയിരുന്ന സെക്രട്ടറിയോടാവശ്യപ്പെട്ടു. ബയണ്ടില്ലാത്ത ആ പുസ്തകം എടുത്തുകൊണ്ടുവന്നു് എന്നെ കാണിച്ചു. അതു് എസ്. ററി. റെഡ്യാരുടെ പഴയ ക്യാററ്ലാഗാണെന്നും "വിജ്ഞാപനം" എന്നു് ആദ്യവശത്തു കാണുന്നതു് ആ പുസ്തകത്തിന്റെ പേരല്ലെന്നും വ്യക്തമായി പറഞ്ഞു കാണിച്ചു കൊടുത്തപ്പോൾ മാത്രമേ സെക്രട്ടറി അതു മനസ്സിലാക്കിയുള്ളു. സാധാരണമായി, മെനക്കെട്ടിരിക്കാൻ സന്മനസ്സുള്ളവരായിരിക്കും ശമ്പളമില്ലാത്ത ലൈബ്രേറിയനായിട്ടോ സെക്രട്ടറിയായിട്ടോ വന്നേയ്ക്കാവുന്നതു്. അവർ അജ്ഞന്മാരായിരുന്നാലുള്ള ഫലം, വായനശാലയുടെ ഉപയോഗത്തെ ഇല്ലാതെയാക്കുകയാണു്.

വേറൊരു ഗ്രന്ഥശാലയിൽ, അവിടത്തെ റിക്കാർഡു ബുക്കുകളിൽ വളരെ ഭംഗിയായി ചിത്രവർണ്ണാലങ്കാരങ്ങളോടുകൂടിയ ലേബലുകൾ ഒട്ടിയിരിക്കുന്നതായി കണ്ടു. നല്ലൊരു ചിത്രകാരന്റെ കൈയായിരിക്കണം. അതിലെ അക്ഷരങ്ങൾ വളഞ്ഞും പുളഞ്ഞും വിചിത്രാകൃതിയിലായിരുന്നു. "മരിക്കാറായവരുടെ ലിസ്റ്റ്" എന്നു് ഒന്നിലെഴുതിയിരിക്കുന്നു. "ഈയാണ്ടു് പെൻഷൻ പററിപ്പിരിയുന്നവരുടെ ലിസ്റ്റ്" എന്നും മററും ചില പത്രങ്ങളിൽ കാണുമല്ലോ. അതുപോലെയാണിതും എന്നു വിചാരിച്ചുപോകും. മരിക്കാറായവരുടെയല്ല വരിക്കാർ ആയവരുടെ പേരുകളാണുപോൽ അതിൽ.

ഗ്രാൻറു വാങ്ങിവരുന്ന വായനശാലകളിൽ വായനക്കാരുടെ പേരെഴുതുന്നതിനു് ഒരു ബുക്കു് നിർബന്ധമായുണ്ടായിരിക്കും. അതിൽ ഇടത്തെ അററത്തു് വായനക്കാരുടെ ക്രമനമ്പർ ഇട്ടിരിക്കും. കൂടുതൽ നമ്പർ കാണിക്കണം വാർഷിക റിപ്പോർട്ടുകളിൽ. അതിലേയ്ക്കായി ആ ബുക്കിനെ ചിലർ വ്യഭിചരിക്കുന്നതായി കാണുന്നു. 29-8-53 എന്നിങ്ങനെ തീയതിയും അതിനിടയ്ക്കുള്ള റൂളിൽ എഴുതും. അതിനും ആളിന്റെ പേരിനുള്ള ക്രമനമ്പർതന്നെ. ആ തീയതിയുടെ താഴെ ആഴ്ചയുടെ പേരു് ഇംഗ്ലീഷിൽ എഴുതിയിരിക്കും. അതിനുമുണ്ടു് ആളിന്റെ എണ്ണത്തെക്കുറിക്കുന്നതിനുള്ള ക്രമനമ്പർ. ഈ ഏർപ്പാടു് രാജധാനിയിൽ വലിയ ബോർഡു് എഴുതിവച്ചിട്ടുള്ള ഒരു ലൈബ്രറിയിൽ ഈയിടെ (മേൽക്കാണിച്ച തീയതിയിൽ) ഞാൻ കണ്ടതാണു്. ഗ്രാമങ്ങളിലെ സ്ഥിതി പിന്നെ പറയേണ്ടല്ലോ. ആർഗനൈസർമാരെങ്കിലും ഇതു് ഇനിയെങ്കിലും പരിശോധിച്ചു നോക്കണം. ഒരു മുനിസിപ്പലതിർത്തിയിലുള്ള മറെറാരു ഗ്രന്ഥശാലയിലെ അത്തരം ബുക്കിൽ കുറെ നമ്പർ, എട്ടുപത്തെണ്ണം, ഇടയ്ക്കിടെ എഴുതി പേരെഴുതാതെ വിട്ടിരിക്കുന്നതു കണ്ടു. ഗ്രാൻറു വാങ്ങിവരുന്നതാകകൊണ്ടു് റിപ്പോർട്ടു വലുതാക്കാൻ ഇതൊക്കെ കൊള്ളാമെന്നല്ലാതെ ഗ്രന്ഥശാലയ്ക്കു പ്രായോഗികമായി യാതൊരു പ്രയോജനവും ഇതുകൊണ്ടു നാസ്തി.

അറിയേണ്ടും ചില കാര്യങ്ങൾ പഴയ പേപ്പറുകളിലോ ഗസററുകളിലോ ഉണ്ടെന്നറിഞ്ഞു് ആ പത്രങ്ങളിലെ തീയതിയും കുറിച്ചുകൊണ്ടു് വായനശാലകളെ ശരണീകരിച്ചാൽ, അതു പൊയ്പോയി എന്ന മറുപടിയാണു സാധാരണമായി കിട്ടുക. സാഹിത്യപരമോ ചരിത്രപരമോ ഗവേഷണപരമോ, ഭാവിയിൽ പ്രയോജനപ്പെടാവുന്ന ഇതരകാര്യങ്ങളെ സംബന്ധിച്ചതോ ആയ ലേഖനങ്ങൾ വൃത്താന്തപത്രങ്ങളിൽ കണ്ടാൽ വിററുകളയാതെയും വിട്ടുകളയാതെയും അതു മാത്രമെങ്കിലും പ്രത്യേകം വെട്ടിയെടുത്തു് ഒട്ടിവച്ചു് കൂട്ടിച്ചേർക്കുന്ന സമ്പ്രദായം എത്ര വായനശാലക്കാർ ചെയ്യുന്നു? മാതൃക കണ്ടിട്ടില്ലാത്തവർ ശ്രീ. കേശവപിള്ളയുടെ കാര്യദർശിത്വത്തിലുള്ള തിരുവനന്തപുരം ശ്രീ ചിത്തിരതിരുനാൾ ഗ്രന്ഥശാല

യിൽചെന്നു നോക്കുക. ഇത്തരം പ്രവത്തനങ്ങൾ ഗ്രന്ഥശാലകൾക്കു മെച്ചമേറിയ സമ്പത്തുകളായിരിക്കും. ഇതേവരെ ഈ സമ്പത്തു ശേഖരിച്ചിട്ടില്ലാത്ത വായനശാലക്കാർ ഇന്നുമുതൽക്കെങ്കിലും ശേഖരിച്ചു പ്രയോജനപ്പെടുത്തുമെന്നു വിശ്വസിക്കുന്നു.

ഗ്രന്ഥങ്ങൾ സൂക്ഷിക്കേണ്ട വിധവും മററും വിശദമായി പ്രസ്താവിച്ചിട്ടുള്ള വെള്ളംകുളത്തു കരുണാകരൻനായരുടെ "ഗ്രന്ഥാലയ ദീപിക" എന്ന ഗ്രന്ഥം നല്ല ഗ്രന്ഥശാലയ്ക്കായി ഉദ്യമിക്കുന്നവർക്കു സഹായകമായിരിക്കും.

ഗ്രന്ഥശാലാ പ്രവത്തകന്മാരുടെ കൈയിൽ എപ്പോഴും ആകർഷകമായ പുസ്തകമിരിക്കുന്നതു് ഒരു സഞ്ചാരലൈബ്രറിയുടെ പ്രാരംഭത്തെക്കുറിക്കുന്നതാണു്. ഒരു പുസ്തകം കണ്ടാൽ അതു വാങ്ങി വായിച്ചു നോക്കണമെന്നാഗ്രഹിക്കുന്നവരാണു് ആധുനികർ. ഇവരെ ഗ്രന്ഥാലയങ്ങളിലേയ്ക്കാകർഷിക്കുവാൻ ഇതുതകും എന്നാണനുഭവം.

ഗ്രാമങ്ങളിലെ ഗ്രന്ഥാലയങ്ങളെ ഫലപ്രദമാക്കുന്നതിനു് അതാതു ദേശസ്ഥിതികളനുസരിച്ചു വേണ്ടും പരിഷ്കാരങ്ങൾ കാലഭേദംപോലെ ചെയ്തുകൊള്ളണം. ഇതിലേക്കു് അതാതു നാട്ടുകളിലെ പ്രവത്തകന്മാർ യോഗങ്ങളിൽവച്ചു തീരുമാനം ചെയ്യേണ്ടതാണു്.

വിദ്വാൻ, ആർ. വി. ഇരണിയൽ

---

## ഗ്രന്ഥശാലകൾക്കുള്ള റിക്കാർഡുകൾ

തിരു-കൊച്ചി ഗ്രന്ഥശാലാസംഘം അംഗീകരിച്ച മാതൃകയിലും സംഘത്തിന്റെ നിർദ്ദേശമനുസരിച്ചും തയാറാക്കിയ എല്ലാത്തരം രജിസ്റ്ററുകളും ഫാറങ്ങളും വില്പനയ്ക്കു തയ്യാറുണ്ടു്. നല്ല കടലാസ്സും ഉറപ്പായ ബൈൻറും—വിലയോ വളരെ മിതവും.

A അംഗരജിസ്റ്റർ, C പുസ്തകസ്റ്റോക്കുരജിസ്റ്റർ, G നാൾവഴി, E ഗ്രന്ഥവിതരണ രജിസ്റ്റർ, H പേരേട്ടു്, I ഇൻവേഡു്, J ഔട്ടുവേഡു്, എന്നിവ 1 ക്വയർബുക്കു് 1 ക 12 ണ 2 ക്വ. 3 ക 8 ണ. 3 ക്വ. 5 ക. 4 ക്വ. (തുകൽബൈൻറു്) 7 ക. D വായനക്കാരുടെ രജിസ്റ്റർ, O ഗ്രന്ഥവിതരണരജിസ്റ്റർ-പേരേട്ടു്-ഇവ 1 ക്വയർ 1 ക 8 ണ. 2 ക്വ. 3 ക. 3 ക്വ. 4 ക 8 ണ. 4 ക്വ. തുകൽബൈൻറു് 6 ക. L അക്വിററൻസ്റോൾ, R ഇൻസ്പെക്ഷൻ ഡയറി ഇവ രണ്ടും 1 ക്വയർ 2 ക. ½ ക്വയർ 1 ക. F മാസവരി രജിസ്റ്റർ 2 ക. P പത്രമാസികാ രജിസ്റ്റർ 1 ക. M ഉപകരണസ്റ്റോക്കു രജിസ്റ്റർ 6 ണ. K രസീതുബുക്കു് 100 രസീതു് 10 ണ. B അംഗമായി ചേരാനുള്ള അപേക്ഷ 100 നു് 1 ക 8 ണ. N മാസാന്ത സ്റ്റേറമെൻറു് 100 നു് 2 ക 8 ണ. മാസാന്ത്യബുക്കു്-രണ്ടുകൊല്ലത്തേക്കു് 12 അണ. Q ഗ്രാൻറിനപേക്ഷിക്കുവാനുള്ള ഫാറം ഡസനു് 6ണ

വേണ്ടവയ്ക്കു് ഉടനേ എഴുതുക:— ആർ. മാധവപ്പൈ, തുറവൂർ, T.C.S.

# ഉത്കൃഷ്ടമായ ഒരു പാരസീക കാവ്യം

പൂജപ്പുര കെ. എസ്. നായർ

"റുബായിയാത്ത്" എന്ന കവിതാ സമാഹാരംകൊണ്ടു് ലോകമഹാകവി സ്ഥാനത്തിനു് അവകാശിയായിത്തീർന്ന മഹാനത്രേ ഉമർഖയ്യാം. ക്രിസ്തബ്ദം പതിനൊന്നാം ശതകത്തിന്റെ മധ്യത്തിൽ, പേർഷ്യയിലെ ഖൊറാസാൻ ദേശത്തിലെ നൈഷാംപൂർ നഗരത്തിലാണു് ഇദ്ദേഹം ജനിച്ചതു്. സാഹിത്യത്തിലെന്നപോലെ ജ്യോതിശ്ശാസ്ത്രത്തിലും അദ്വിതീയനായ ഒരു മഹാനായിരുന്നു ഉമർ. 'ഖയ്യാം' എന്ന പദത്തിന്റെ അർത്ഥം കൂടാരനിർമ്മാതാവ് എന്നാണു്. അത്രയും താണ വംശത്തിലാണു് ജനിച്ചതെങ്കിലും അത്യുന്നതമായ ഒരു നിലയിലേക്കു് അദ്ദേഹം ഉയർന്നു. പേർഷ്യയിലെ സുൽത്താന്റെ പ്രഥമ മന്ത്രിയായിരുന്ന നിസാമിന്റെ പകുതി സമ്പാദ്യം സ്വന്തം കവിതയുടെ പാരിതോഷികമെന്ന രൂപത്തിൽ നേടാനും അദ്ദേഹത്തിനു സാധിച്ചു.

നിലവിലിരുന്ന സാമുദായിക നിയമങ്ങളേയും, ആചാരവിശ്വാസങ്ങളേയും അതിലംഘിച്ചു് ഒരു പുതിയ ചിന്താഗതി പ്രകാശിപ്പിക്കുവാനാണു് അദ്ദേഹം തുനിഞ്ഞതു്.

സംസ്കൃതത്തിലെ മുക്തകങ്ങളെപ്പോലെയുള്ള ഒററ ശ്ലോകങ്ങളാണു് അദ്ദേഹത്തിന്റെ "റുബായിയാത്ത്". ടെനിസൺ, കാർലൈൻ തുടങ്ങിയ ആംഗല മഹാകവികളുടെ സഹജീവിയും, ഒരു ഒന്നാംതരം വിമർശകനും കവിയുമായ എഡ്വേർഡ് ഫിററ്സ്ഗെറാൾഡ് ആയിരുന്നു ഇതിന്റെ ഒരു ഏകദേശ വിവർത്തനം ഇംഗ്ലീഷ് ഭാഷയിൽ സാധിച്ചതു്. ഒരു പെനി മാത്രം വിലവച്ചു് വിൽക്കാൻ തുടങ്ങിയ ഈ പുസ്തകത്തിനു് ഒന്നുരണ്ടാണ്ടുകൾകൊണ്ടു് വില ഒരു ഗിനിയായി വർദ്ധിക്കുകയും അതിന്റെ പ്രശസ്തി ലണ്ടൻ പട്ടണം മുഴുവൻ കാട്ടുതീപോലെ വ്യാപിക്കുകയും ചെയ്തു.

ഇത്രമാത്രം ആകർഷകമായ പ്രസ്തുത കൃതിയിലെ പ്രതിപാദ്യം എന്താണെന്നു് നോക്കാം.

ഇന്നലത്തെയും നാളത്തെയുംപററിയുള്ള വിചാരവീചികളിൽപ്പെട്ടു് നട്ടം തിരിയാതെ ഇന്നത്തെപ്പററി ചിന്തിക്കുവാൻ അദ്ദേഹം നമ്മെ ക്ഷണിക്കുന്നു. ജീവിതം ആനന്ദിക്കുവാൻവേണ്ടി മാത്രമാണെന്നുള്ള ചാർവ്വാക സിദ്ധാന്തമാണതിന്റെ മാനദണ്ഡം. പ്രപഞ്ചത്തെ ഒരു മദ്യശാലയായും, ആനന്ദത്തെ മദ്യമായും, ജീവിതത്തെ അതനുഭവിക്കുവാനുള്ള ഒരു പാനപാത്രമായും അദ്ദേഹം സങ്കല്പിക്കുന്നു. ആനന്ദമൂർത്തിയായ ദൈവം മദ്യമാകുമ്പോൾ ദൈവചൈതന്യമാണല്ലോ മുന്തിരിവള്ളി

ഭാവിഭയം, ഭൂതശോക-
മദ്യ സംഹരിക്കും മദ്യ-
ഭാജനം ഹാ! നിറച്ചാലും
നീയോമലാളേ!
നാളെ! —എന്തിനിന്നലത്തെ
സ്സപ്തവർഷ സഹസ്രത്തിൽ
നാളെ ഞാനും വിലയിച്ചു-
പോകയില്ലല്ലീ!

(വിലാസലഹരി)

ഭാവിയെപ്പററിയുള്ള ഭയവും, പെയ്പോയതെപ്പററിയുള്ള ശോകവും കൂടാതെ ഇന്നത്തെ സുന്ദരമായ അനുഭൂതികൾകൊണ്ടു ഭാജനം നിറക്കുക—കഴിഞ്ഞ ഏഴായിരം വർഷങ്ങളുടെ അനുഗാമിയായ ഞാനും നാളെ നശിച്ചു പോകുമെന്നു തീർച്ചയാണു്. അങ്ങനെ സംഭവിച്ചാൽ—അഥവാ, മണ്ണുകൊണ്ടു വിനിർമ്മിതമായ ഈ ശരീരം മണ്ണിൽ വീണു മണ്ണായിത്തന്നെ മറയുന്നതായാൽ, ഇന്നത്തെ മദ്യമില്ല, ഗാനമില്ല, ഗായകനുമില്ല—അതിനിടക്കു പുണ്യംകൊണ്ടു ലഭിക്കുന്ന

ഈ സമയം ഒരു നിമിഷംപോലും കളയാതെ നമുക്കുപയോഗിക്കണം.

ചിന്താസുന്ദര കാവ്യവും ലഘുതരം
ഭോജ്യങ്ങളും, ചെന്നിറം
ചിന്തിപ്പൂമ്പത പൊങ്ങിവീണു നിറയും
സ്ഫാടികക്കിണ്ണവും
കാന്തേ,യെന്നരികത്തിലും തണലിൽ നീ
പാടാനുമുണ്ടെങ്കിലോ
കാന്താരസ്ഥലിപോലുമിന്നിവനു ഹാ!
സ്വർലോകമാണോമനേ!
(ജീവിതോത്സവം)

ചിന്തിക്കുന്തോറും ആസ്വാദ്യതയുളവാക്കുന്ന ഒരു ചെറു കാവ്യം കയ്യിൽ, അരികിൽ അല്പം ലഘുഭക്ഷണം, കുടിക്കാൻ അതിമധുരമായ കരുത്ത വീഞ്ഞു നിറച്ച സ്ഫടിക ചഷകം, പുറകിൽ മധുരമായി പാടിക്കൊണ്ടു നില്ക്കുന്ന ഒരു യുവസുന്ദരി ഇളം കാററു വീശിയെത്തുന്ന മാവിൻ തണലിൽ, ഇങ്ങനെയിരിക്കാൻ ഇടയാവുകയാണെങ്കിൽ ഇതുതന്നെയാണു് സ്വർഗ്ഗം. സ്വർഗ്ഗത്തെപ്പററിയുള്ള അദ്ദേഹത്തിന്റെ നിഗമനം ഇതാണു്. സാധാരണ വേദാന്ത ചിന്തകന്മാർ വേറെയേതോ ഒരു സ്വർഗ്ഗത്തെപ്പററി പറയുന്നുണ്ടു്. ആ സ്വർഗ്ഗം ഏതാണു്? ഏതായിരുന്നാലും ഇതിൽപ്പരം സുന്ദരമായ ഒരനുഭൂതി അവിടെ കണ്ടെത്താൻ ഇടയില്ല. വരാനിടയുണ്ടെന്നു വ്യാഖ്യാനിക്കാവുന്ന സ്വർഗ്ഗം പിരിഞ്ഞു കിട്ടാനിടയുണ്ടെന്നു കരുതപ്പെടുന്ന ഒരു കടമാണെന്നു അദ്ദേഹം കരുതുന്നു.

"കടംപോട്ടെ—രൊക്കംവന്നൊതെടുക്കുവിൻ
ദൂരെക്കേൾക്കും
പടഹത്തിൻ രടിതത്തിൽ ശ്രദ്ധിച്ചിടാ-
യ്‌വിൻ"

ആ കടം പിരിഞ്ഞു കിട്ടുന്നതുവരെ കാത്തിരിക്കേണ്ടആവശ്യമില്ല. അതിനുവേണ്ടി നെടുവീർപ്പിടുക അർത്ഥശൂന്യമാണു്. അതുകൊണ്ടു് ഇന്നു രൊക്കം കയ്യിലിരുപ്പുള്ളധനം, ഇന്നത്തെ ആവശ്യങ്ങൾക്കുവേണ്ടി ചെലവാക്കുക. അനിശ്ചിതമായ നാളെക്കുവേണ്ടി സങ്കടപ്പെടുന്നവനോ ആഗതമായ ഇന്നത്തെ ആനന്ദം അനുഭവിക്കുന്നവനോ ശ്രേഷ്ഠൻ.

ഈ തത്ത്വം സുഗ്രഹമാകുവാൻ, അദ്ദേഹം തന്റെ ചുററും കാണുന്ന പ്രകൃതിവസ്തുക്കളെ ചൂണ്ടിക്കാണിക്കുന്നു. വിരിഞ്ഞു വരുന്ന ഒരു പനിനീർ പുഷ്പം പറയുകയാണു്. "ഞാൻ പുഞ്ചിരിയിട്ടുകൊണ്ടു ഇതാ ഭൂമിയിൽ പിറന്നിരിക്കുന്നു. എന്റെ സമ്പത്താകുന്ന പട്ടണിത്തൊങ്ങൽക്കെട്ടു പൊട്ടിച്ചു ഇതാ ഉപവനത്തിൽ ചിതറുന്നു. ഞാനും എന്റെ പരിവാരവും ഒപ്പം ആനന്ദം അനുഭവിക്കട്ടെ". അതു കണ്ടിട്ടു കവി പറയുകയാണു്:—

ഒരു പക്ഷേ, ഈ പനിനീർപ്പൂവിനു് ചെന്തുടുപ്പു് ലഭിച്ചതു് ഇതിന്റെ അടിയിൽ പണ്ടെങ്ങാണ്ടോ കഴിച്ചിട്ട ഏതോ സീസറുടെ ചോരയിൽനിന്നായിരിക്കാം. അഥവാ അത്യന്താരമ്യമായിരുന്ന ഏതോ സുന്ദരിയുടെ കേശഭാരത്തിൽനിന്നായിരിക്കാം—അങ്ങനെ, എത്രയോ ദിവ്യജീവിതങ്ങൾ ചെന്നടങ്ങിയ ഈ നിലത്തിൽ—ഇനി വരാനിരിക്കുന്ന വേറെയർക്കോ തല്പമൊരുക്കാൻവേണ്ടി നാമും വീണു ലയിക്കാൻ പോകയാണു്. ഇങ്ങനെ ജീവിതത്തിന്റെ പരമ്പരാപരിവൃത്തിയെപ്പററിച്ചിന്തിച്ചാൽ അവസാനമില്ല.

ഇഹപരങ്ങളെപ്പററി വാദിക്കുന്ന എത്രയോ സിദ്ധാന്മാരുമായി താൻ ചർച്ചകളിൽ ഏർപ്പെട്ടിട്ടുണ്ടെന്നും, ആക്കും തന്റെ സംശയങ്ങൾക്കു ശരിയായ സമാധാനം കല്പിക്കുവാൻ സാധിച്ചിട്ടില്ലെന്നും അദ്ദേഹം പറയുന്നു. ജലംപോലെ ജനിച്ചുവീണ താൻ, കാററുപോലെ പറന്നകലുമെന്നു പരമാർത്ഥം മാത്രമേ തനിക്കു ഇന്നുവരെ ബോദ്ധ്യമായിട്ടുള്ളു. ജീവാത്മാവിനും, പരമാത്മാവിനും തമ്മിലുള്ള സാമീപ്യസമാഗമങ്ങളെപ്പററി അദ്ദേഹം പറയുന്നു.

"ഒരടഞ്ഞ വാതി;ലതി-
ന്നൊരു താക്കോലും കണ്ടതി-

ല്ലോ,രു തിരശ്ശീല കണ്ണിൻ-
　　കാഴ്ച മറപ്പാൻ
കുറച്ചോട്ടുനേരം കേൾക്കാ-
　　'മെന്നേയും' 'നിന്നേയും'പററി-
പ്പുറവത്തു; ശൂന്യം പിന്നീ-
　　ടാരെങ്ങു ശബ്ദം?

(വിലാസലഹരി)

യവനികയും അടഞ്ഞ വാതിലും ജീവാത്മാവിനും പരമാത്മാവിനുമിടയ്ക്കു നില്ക്കുന്ന ഞാൻ എന്നുള്ള ഭാവമാണ്. ഈശ്വരസാക്ഷാല്ക്കാരത്തിനുള്ള പ്രതിബന്ധം അതാണ്. ശരീരമാകുന്ന ഈ ഗൃഹത്തിനുള്ളിൽ കുറേക്കാലം ഞാൻ നീയെന്നു ആരോ സംസാരിക്കുന്നതു കേട്ടു. ക്രമേണ ആ ശബ്ദവും അസ്പഷ്ടമായി. പരമാത്മാവിൽനിന്നു വിഭിന്നനാണു ജീവാത്മാവെന്നുള്ള അഹംബുദ്ധിയാണ് ഈ "ഞാൻ നീ"യെന്നുള്ളതു്. ജീവാത്മാവ് കാമുകനും പരമാത്മാവ് കാമുകിയുമാണ്. കാമുകനായ ജീവാത്മാവ് പരമാത്മാവായ കാമുകിയുടെ വാതില്ക്കൽ മുട്ടി. അതാരെന്നു അകത്തുനിന്നു ചോദിച്ചതിന് ജീവാത്മാവ് ഞാനെന്ന് ഉത്തരംപറഞ്ഞു. നിനക്കിവിടെ സ്ഥാനമില്ല എന്ന പ്രതിവചനത്തോടെ ആ വാതൽ ശക്തിയായി അടഞ്ഞു. ഇവിടെ എനിക്കും നിനക്കും സ്ഥാനമില്ല. ഞാനും നീയും ഒന്നായാലേ ഇവിടെയിരിക്കാൻ പററു—അഹംബുദ്ധി മാറാനും പ്രയാസം. ഉമാറിന്റെ കവിതയിൽ ഈ സുന്ദരമായ മിസ്റ്റിസിസത്തിന്റെ മൂടുപടം കാണാം.

ഈ ലോകത്തിലെ സകല പാപങ്ങൾക്കും കാരണം ഈശ്വരനാണെന്നു അദ്ദേഹം സമർത്ഥിക്കുന്നു. സൃഷ്ടിയിൽ ദൈവം ദയവുകാണിച്ചിരുന്നെങ്കിൽ, ഈ അപകർഷം വരില്ലായിരുന്നു. കലമെനയുന്ന ഒരു കുശവന്റെ ആലയിൽനിന്നാണ് തനിക്കീ തത്വം വ്യക്തമായതെന്നു അദ്ദേഹം പറയുന്നു. ചെറുപ്പകാലത്തു് അദ്ദേഹം ഒരു കുശവന്റെ അടുക്കൽ ചെന്നു. മണ്ണുമെനഞ്ഞു പാകപ്പെടുത്തി കലം പണിതെടുക്കുമ്പോൾ, കുശവൻ തന്റെ കയ്യിലിരുന്ന കമ്പുകൊണ്ടു ആ മണ്ണിൽ അടിച്ചുകൊണ്ടിരുന്നു. പാകപ്പെട്ടുകൊണ്ടിരുന്ന കലത്തിൽനിന്നും പുറപ്പെട്ട ആ ശബ്ദം "അടിക്കരുതേ! അടിക്കരുതേ!" എന്നു ആ കലത്തിന്റെ മണ്ണു താണുകേണപേക്ഷിക്കുന്നതുപോലെ തോന്നി. അതുപോലെ മനുഷ്യസൃഷ്ടിയിലും ഈശ്വരൻ കാണിച്ചിരിക്കുന്ന ദയാശൂന്യതയെന്താണ്?

ആനാറ്റുമൺപിണ്ഡത്താൽ
　　മാനവനെ വിരചിച്ചു-
താരമരപുരത്തിലും
　　'പാമ്പിനെ'ച്ചേർത്തു,
ആ നീ മാപ്പുസ്വീകരിക്കു,
　　നരമുഖം കറുപ്പിക്കു-
വാനിടയാക്കിയ പാപ
　　ത്തിനു മാപ്പേകു!

(വിലാസലഹരി)

വകയ്ക്കു കൊള്ളാത്ത മണ്ണുകൊണ്ടു മനുഷ്യശരീരം നിർമ്മിച്ചു, ആഗ്രഹിച്ചതൊക്കെ നല്കുന്ന അത്യന്തസുന്ദരമായ അമരനഗരത്തിൽ ഒരു വിഷപ്പാമ്പിനെ സൃഷ്ടിച്ചു. എന്തിനുവേണ്ടിയാണു ഇങ്ങനെ ചെയ്തതു്? ഇവയല്ലേ മനുഷ്യനെ പാപം ചെയ്യാൻ പ്രേരിപ്പിച്ചതു്? എന്നിട്ടു മനുഷ്യൻ പാപിയായതിൽ അതൃപ്തിപ്പെടാനുണ്ടോ—പാപികൾക്കു മാപ്പു നല്കേണ്ടതു അദ്ദേഹത്തിന്റെ കടമയാണ്. മാത്രമല്ല, താൻ ചെയ്ത പാപത്തിനു മനുഷ്യലോകത്തിന്റെ മാപ്പു സ്വീകരിക്കേണ്ട ആവശ്യവുമുണ്ട്. എന്താ പോരേ?—

മരണത്തെപ്പററി പല കവികളും പലരൂപത്തിൽ സങ്കല്പിച്ചിട്ടുണ്ടല്ലോ. ജീർണ്ണവസ്ത്രങ്ങളുപേക്ഷിച്ചു, പൂർണ്ണശോഭങ്ങളായ പുതിയ വസ്ത്രങ്ങൾ സ്വീകരിക്കുന്നതിനു കയറിയിറങ്ങുന്ന മുറിയുടെ യവനികയാണു മരണമെന്നു മരണാനന്തരജീവിതത്തിൽ വിശ്വസിക്കുന്നവർ പറയുന്നു. ടാഗോർ, മരണത്തെ ഒരു കാമിനിയാണെന്നു പറയുന്നു. മററു പലരും പലതായി സങ്കല്പിക്കുമ്പോൾ ഓമർഖയ്യാം പറയുന്നതിങ്ങനെയാണ്:

ആററിൻവക്കിലൊട്ടുക്കമെച്ചപ്പഷകവും
　　നീട്ടിക്കൃപാപൂർണ്ണനാ-

യുരോരുൽസവമാംന്നിന്നുയിരിനെ–
പ്രത്യാഹരിച്ചീടുവാൻ
മുററീടുന്ന കരുത്തവീഞ്ഞിയലുമ–
ക്കാലൻ ക്ഷണിക്കുമ്പൊഴം നീ
ചെററും പേടിയെഴാതെയൊററ വലിയാൽ
വേഗം കുടിച്ചേക്കണം.

(ജീവിതോൽസവം)

മരണം—ഒരു മനോഹരമായ കരുത്തവീഞ്ഞാണ്. യാതൊരു ഭയാശങ്കകൾക്കും ഇട നൽകാതെ മനുഷ്യനെ സുഖത്തിൽ ലയിപ്പിക്കുന്നതാണ്. ആരും അതിൽ ഭയപ്പെടേണ്ട ആവശ്യമില്ല. പക്ഷെ, അങ്ങനെ ഭയരഹിതമായ ഒരവസ്ഥ മനുഷ്യനുണ്ടാകണമെങ്കിൽ, നേരത്തെ തന്നെ ആനന്ദമദ്യം അനുഭവിച്ചു പരിശീലിക്കണം. ജീവിതം ക്ഷണികമാണെങ്കിലും സന്ദർഭോചിതം അനുഭവിച്ചാൽ കൃതാർത്ഥതയ്ക്കേ അവകാശമുള്ളു.

ജീവിതം ദുഃഖമയമാണെന്നും, ഇന്ദ്രിയങ്ങൾ മനുഷ്യശത്രുക്കളാണെന്നും, ഭോഗങ്ങൾ പരിത്യാജ്യങ്ങളാണെന്നും പ്രതിപാദിക്കുന്ന മനുഷ്യന്റെ മതസിദ്ധാന്തങ്ങളെ ഉമർഖയ്യാം സ്വന്തം കവിതയിൽക്കൂടെ ഖണ്ഡിക്കുന്നു. ഇഹജീവിതത്തിൽ ലബ്ധമാകുന്ന ആനന്ദം, ആനന്ദമല്ലെന്നും, അതനുഭവിക്കാനുള്ള ബദ്ധപ്പാടിൽ പിൽക്കാലത്തു മനുഷ്യൻ നരകത്തിലെത്താനുള്ള വഴിയുണ്ടാകുന്നുവെന്നും കല്പിച്ച്, ജീവിതം തന്നെ നരകമാക്കിത്തീർക്കുന്ന മൗഢ്യം അദ്ദേഹത്തെ തീണ്ടിയിട്ടില്ല.

"ആയാതമായതമപേക്ഷണീയം
ഗതം ഗതം സർവ്വമുപേക്ഷണീയം"

വരുന്നതു വരുന്നതു അനുഭവിക്കുക—പോകുന്നതെല്ലാം പോകട്ടെ ഓരോ നിമിഷവും വേണ്ട വിധത്തിൽ ഉപയോഗിക്കുക—പരലോകവിശ്വാസികളായ പല മതവിശ്വാസികളും "റുബായിയാത്തി"നെ, കള്ളുകുടിയന്മാർക്കു മാത്രം പാടാൻ കൊള്ളാവുന്ന ഒരു പാട്ടാണെന്നു പറഞ്ഞു പുഛിച്ചിട്ടുണ്ട്. നിലവിലിരുന്ന സാമുദായികാചാരങ്ങളെയും മതവിശ്വാസങ്ങളെയും ചോദ്യം ചെയ്യുന്ന ഉമാറിനോടു കടുത്ത മതവിശ്വാസികളായ മുസ്‌ലിമീങ്ങൾക്കു ദ്വേഷം തോന്നിയതിൽ അത്ഭുതപ്പെടാനില്ല. അദ്ദേഹത്തിന്റെ റുബായിയാത്തുകളെ ശരിക്കു പഠിച്ചിട്ടുള്ള ആംഗലേയ വിമർശകരായ റസ്കിൻ, ലൗവൽ തുടങ്ങിയ മഹാന്മാർ പ്രസ്താവിച്ചിട്ടുള്ളതിങ്ങനെയാണ്: —

"റുബായിയാത്ത്" ചന്ദ്രമണ്ഡലംപോലെ പ്രകാശമാനമാണ്. ഇതിലെ ഓരോ സൂക്തികളും സാഹിത്യസമുദ്രത്തിൽ നിന്നും മുങ്ങിയെടുക്കപ്പെട്ട വെൺമുത്തുകളാണ്.


## മഹാത്മാ പ്രസിദ്ധീകരണശാല-തൃശ്ശൂർ.

ഇന്ത്യയിൽ വിദ്യാർത്ഥികളുടേതായ ഏക പ്രസിദ്ധീകരണശാലയാണതു്.
ഉള്ളടക്കത്തിൽ ഞങ്ങളുടെ പുസ്തകങ്ങൾ മറേറതു് പ്രസിദ്ധീകരണങ്ങളുടേയും പിന്നിലല്ല.
മനോഹരമായ ഗററപ്പും, താരതമ്യേന തുഛമായ വിലയുമാണവയ്ക്കുള്ളതു്.

ഞങ്ങളുടെ പ്രസിദ്ധീകരണങ്ങൾ

ഒസ്യത്തു് (ഡി. നോവൽ) തളിരുകൾ (ചെറുകഥകൾ രണ്ടാംപതിപ്പു്) ദൂഷണം (നാടകം) ചിത്രശാല (കഥകൾ) ശിക്ഷ (കഥകൾ) രണ്ടദ്ധ്യായങ്ങൾ (നാടകം) സ്പന്ദിക്കുന്ന ഏടുകൾ (ചെറുകഥകൾ) ആത്മവേദന (നാടകം).

100 പേജുള്ള ഓരോ പ്രസിദ്ധീകരണത്തിനും വില എട്ടണമാത്രം.

ഗുരുവിലാസംപ്രസ്സ്, തൃശ്ശൂർ.

(നാലാം പേജിന്റെ തുടർച്ച)

സഹൃദയ സമാജത്തിന്റെ കാര്യദർശിയും, അതിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തിപ്പോന്ന സഹൃദയ മാസികയുടെ പ്രധാന പ്രവർത്തകനുമായിരുന്നു. അദ്ദേഹത്തിന്റെ മുൻപരിചയവും അനുഭവവും, സംഘടനാപരമായ യത്നങ്ങളിൽ, ഇപ്പോൾ ഉടലെടുത്തിരിക്കുന്ന ഈ സ്ഥാപനത്തിന് തുലോം ഉപകാരപ്രദമായിക്കാൻ ഇടയുള്ളതാണു്. ശ്രീ. നീലകണ്ഠശാസ്ത്രി തിരുവനന്തപുരം സാംസ്കൃത കോളേജിലെ സീനിയർ ലക്ചററും ഒരു മികച്ച സംസ്കൃത പണ്ഡിതനും, ആ ഭാഷയിൽ ചില കൃതികൾ നിർമ്മിച്ചിട്ടുള്ള ആളുമത്രേ. കാര്യദർശിയായി തിരഞ്ഞെടുത്തിരിക്കുന്നതു് ശ്രീ. പി. ശ്രീധരൻ പിള്ളയേയുമാണു്.

ഇപ്രകാരമുള്ള അടിയുറച്ച ഒരു പണ്ഡിതസംഘത്തിന്റെ അവധാനപൂർവമായ ആലോചനയുടെ ഫലമായി ഉടലെടുത്ത കേരളകലാസംസത് അതിന്റെ ശൈശവ സഹജമായ ദൗർബല്യങ്ങൾ പിന്നിട്ടു് കർമ്മകാണ്ഡത്തിൽ പ്രവേശിക്കുമ്പോൾ, അതിന്റെ പ്രവർത്തനം വഴിയായി കൈരളിക്കും, കേരളീയർക്കും, ന്യായമായി പലതും പ്രതീക്ഷിക്കാവുന്നതാണെന്നു് ദീർഘദർശനം ചെയ്യാൻ സംശയിക്കേണ്ട കാര്യമില്ല. സംസത്ത് അതിന്റെ കലാപരമായ പ്രവർത്തനങ്ങളെ നിർമ്മാണം, പ്രാചരണം, പ്രകടനം, പ്രസാധനം എന്നീ നാലു വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നതും അവയിൽ ഓരോ വിഭാഗത്തിനും അതിനു യോജിക്കുന്ന വിധത്തിൽ ഉപനായകന്മാരെ നിർദ്ദേശിച്ചിരിക്കുന്നതും, ഉചിതമായിട്ടുണ്ടെന്നു തന്നെയുമല്ല, വസ്തുതകളെ പ്രവർത്തനോന്മുഖമായ ഒരു വീക്ഷണകോടിയിൽകൂടി ദർശിച്ചു് സംഘടനയെ പുരോഗമിപ്പിക്കുവാനുള്ള ശ്രമങ്ങൾക്കു സഹായകമായിരിക്കുകയും ചെയ്യും. ആകെക്കൂടി നോക്കുമ്പോൾ, ഇപ്രകാരമൊരു സാംസ്കാരിക സംഘടന ഈ തലസ്ഥാന നഗരിയിൽ അത്യന്താപേക്ഷിതമായിരുന്നതിനെ, സഫലമാക്കാൻ വേണ്ടിയുള്ള ഈ മഹാശയന്മാരുടെ പരിശ്രമം കേരളത്തിലെ കലാപ്രണയികളുടെ സവിശേഷമായ സഹകരണത്തിന്റെയും സാഹായ്യ യത്നങ്ങളുടെയും അകമ്പടിയോടെ മഹത്തും സുസ്ഥിരവും ആയ ഒരു സ്ഥാപനമായി വളർന്നു വർദ്ധിച്ചുവരുമെന്നു ഞങ്ങൾ പ്രത്യാശിച്ചുകൊള്ളുന്നു.

## 3. പഞ്ചവത്സര പദ്ധതിയെപ്പററി

ഇൻഡ്യയുടെ ഒന്നാം പഞ്ചവത്സരപദ്ധതിയെ സംബന്ധിച്ചു് ചില വിവരണങ്ങൾ ഗ്രന്ഥാലോകം മുഖേന നല്കുന്നതാണെന്നു ഞങ്ങൾ കഴിഞ്ഞ ലക്കത്തിൽ പ്രതിപാദിച്ചിരുന്നു. എന്നാൽ, തിരുവിതാംകൂർ കൊച്ചി കോൺഗ്രസ്സുകാർ, അവരുടെ തിരഞ്ഞെടുപ്പു പരിപാടികളുടെ കൂട്ടത്തിൽ ഇതും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, പദ്ധതിയുടെ വിവിധ വശങ്ങൾ പൊതുജനങ്ങൾക്കു സുഗമമായി മനസ്സിലാക്കത്തക്ക വിധം ചില വിശദീകരണങ്ങളും ലഘുലേഖകളും അടുത്തുതന്നെ തയ്യാറാക്കി പ്രസിദ്ധം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിരിക്കുന്നു എന്നും ഇപ്പോൾ അറിവായിരിക്കുന്നു. അതുകൊണ്ടു് മുൻപുദ്ദേശിച്ചതുപോലെ ആ വക വിവരങ്ങൾ ഗ്രന്ഥാലോകത്തിൽ തുടർച്ചയായി പ്രസിദ്ധം ചെയ്യുന്നതു് ഒരിരട്ടിപ്പായി വന്നേയ്ക്കുമെന്നുള്ളതിനാൽ, തത്കാലം വേണ്ടെന്നു വച്ചിരിക്കുന്നു.

# ഗ്രന്ഥനിരീക്ഷണം

## ആദ്യത്തെ കേസ്

മലയാറ്റൂർ രാമകൃഷ്ണൻ
കുമാരി പബ്ലിക്കേഷൻസ് ആലുവാ.
വില രൂ. 1.

പത്തു ചെറുകഥകളുടെ സമാഹാരമാണ് ശ്രീ. മലയാറ്റൂർ രാമകൃഷ്ണന്റെ "ആദ്യത്തെ കേസ്". അവയിൽ മിക്കവയും പരുപരുത്ത ചില ജീവിത യാഥാർത്ഥ്യങ്ങളും അവയെ പച്ച പിടിപ്പിക്കുവാനായി സങ്കല്പിക്കപ്പെട്ടിട്ടുള്ള ഏതാനും ഭാവനകളുമാണെന്നു പറയാം. "പാവാടക്കുട്ടി" ആപാദചൂഡം ഫലിതമയമാണ്. കഥാകൃത്തു ചിരിക്കുമ്പോൾ അനുവാചകരെയും ചിരിപ്പിക്കുന്നുണ്ട്. ലാളിത്യമാണ് മലയാറ്റൂരിന്റെ ശയ്യാവിശേഷം. ഇതിവൃത്തം കപോലകല്പിതമെന്നു പറയാം. പക്ഷെ ഒരു വാസ്തവിക കഥയുടെ പശ്ചാത്തലം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന പ്രതീതി അങ്ങിങ്ങ് ലക്ഷ്യമാകുന്നുമുണ്ട്. അതൊരു നേട്ടം തന്നെയാണ്, എന്നുവരികിലും അസ്വാഭാവികമായ ചില പൊടിക്കൈകൾ ആദ്യത്തെ അന്തരീക്ഷത്തെ കലുഷമാക്കുന്നില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. പാവാടപ്പരുവത്തിലും, ആ പച്ചക്കോലാസ്സിനെ കളയാതെ സൂക്ഷിച്ച് അതിന്റെ ലേഖകനെ തിരിച്ചേല്പിക്കുന്നതിനായി കുറഞ്ഞൊരു കാലം ആറു നോററിരിക്കുന്നതു സ്വാഭാവികമാണോ എന്ന് ശ്രീ. മലയാറ്റൂരും ഈ വിഷയത്തിൽ ഉപദേഷ്ടാവായ സുഹൃത്തുംകൂടി വീണ്ടും ചിന്തിക്കേണ്ടതായിട്ടാണിരിക്കുന്നതെന്നു തോന്നിപ്പോകുന്നു. പരിണാമഗുപ്തിയിലും ഈ അസ്വാഭാവികത കാണുന്നുണ്ട്. രണ്ടു കൊല്ലങ്ങൾക്കുശേഷം പാവാട സാരിയായി രൂപഭേദം വന്നപ്പോൾ കടൽക്കരയിൽ വച്ചുണ്ടായ സമാഗമം കരുതിക്കൂട്ടിയതാകാനേ തരമുള്ളു. ഏതായാലും സാധാരണ ചെറുകഥകളിൽ പൊതുവേ അനുഭവപ്പെടുന്ന അശ്ലീല ഭാഗങ്ങൾ ഇതിൽ ഏതുമേ കുറഞ്ഞിരിക്കുന്നുവെന്നുള്ളതു് ആശ്വാസപ്രദമാണ്. ഒരു നല്ല കാഥികനായിത്തീരാനുള്ള പല കഴിവുകളും ശ്രീ. മലയാറ്റൂരിനുണ്ടെന്നു് രേഖപ്പെടുത്തുവാനും സന്തോഷമുണ്ട്.

എൻ. കുഞ്ഞുകൃഷ്ണപിള്ള എം. എ.

## കണ്ണീരും പുഞ്ചിരിയും

മഹാത്മാ പബ്ളിഷിംഗ് ഹൗസ്, തൃശ്ശൂർ
പേജ്. 82 വില 8 ണ.

ഇതിൽ പി. മാലതി, പി. ബി. കെ., പി. ആർ. ദാസ്, എസ്. പരമേശ്വരൻ, ടി. എസ്സ്. രാമനാഥൻ എന്നീ അഞ്ചു എഴുത്തുകാരുടെ കഥകളാണ് അടങ്ങിയിട്ടുള്ളതു്. പുസ്തകത്തിന്റെ പേരു കൊണ്ടുതന്നെ കഥകളിൽ ചിലവ സുഖപര്യവസായിയും മററു ചിലവ ദുഃഖപര്യവസായിയും ആണെന്ന് സ്പഷ്ടമാകുന്നുണ്ടല്ലോ. കഥാകൃത്തുകൾ എല്ലാവരും സാഹിത്യലോകത്തു് പേരെടുത്തിട്ടില്ലാത്ത ഇളം പ്രായക്കാരാണ്. തൂലിക പിടിച്ചു തഴക്കം വന്നിട്ടില്ലാത്തവയാണ് അവരുടെ കൈകൾ. അതുകൊണ്ട് കഥാലോകത്തിൽ പേരു കിളർന്ന എഴുത്തുകാരെ നോക്കുന്ന കണ്ണുകൾകൊണ്ട് അവരെ വീക്ഷിക്കുന്നതു് സാഹസമായിരിക്കും.

ആദ്യത്തെ 'ശിക്ഷ'യെന്ന കഥ ഒരു ഹിന്ദി കഥയുടെ സ്വതന്ത്ര വിവർത്തനമാണ്. തുറിച്ചു നോക്കേണ്ടുന്ന സംഭവങ്ങളുടേയും യാഥാർത്ഥ്യങ്ങളുടെയും ജീവച്ചിത്രീകരണം ഈ കഥയിൽ ഇല്ലെങ്കിലും പ്രമേയം ഹൃദ്യവും ആസ്വാദ്യവുമാണ്. 'മിലിററി ആഫീസ്സർ' എന്ന കഥ ആധുനികങ്ങളായ ഇംഗ്ലീഷ് മാസികകളിൽ കാണുന്ന കഥകളെ അനുകരിച്ചെഴുതപ്പെട്ടിട്ടുള്ളതാണെന്നു പറയുന്നുണ്ടെങ്കിലും തുലോം അവിശ്വസനീയങ്ങളായ കഥാതന്തുക്കളാൽ നെയ്യപ്പെട്ടിട്ടുള്ളതാണ്. വായനക്കാരുടെ വികാരങ്ങളെ തട്ടിയുണർത്തത്തക്ക സംഭവാംശങ്ങൾ ഇതിൽ കാണപ്പെടുന്നില്ല. 'മറി

വേററ നായ്" എന്ന കഥ മൂന്നുകൊല്ലംമുമ്പ് തിരുവനന്തപുരത്തു നടന്ന ഒരു സംഭവകഥയെ ആധാരമാക്കി എഴുതിയിട്ടുള്ളതാണെന്ന് പ്രസാധകർ പറയുന്നു. മനുഷ്യനെ ചുററിപ്പററി കഴിയുന്ന മിണ്ടാപ്രാണികളിൽ ഒന്നിൻെറ വിചാരവികാരങ്ങളുടെ പ്രതിഫലനമാണ് ഈ കഥയിൽ നാം ദർശിക്കുന്നതു്. വാസ്തവികതയുടെ അസ്ഥിപഞ്ജരം കൊണ്ടാണ് ഈ കഥാഗാത്രം നിബദ്ധമായിട്ടുള്ളതു്. 'തകന്ന പ്രതീക്ഷകൾ' എസ്സ്. പരമേശ്വരൻെറ പ്രഥമ സാഹിത്യ സൃഷ്ടിയാണത്രെ! മലയാളത്തിൽ അത്ര പ്രചാരം സിദ്ധിച്ചിട്ടില്ലാത്ത ഒരു സാങ്കേതിക രീതിയാണ് ഈ കഥാ നിബന്ധത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് കഥാകാരൻ സ്വയം അവകാശപ്പെടുന്നു, കഥാപാത്രങ്ങൾ ഓരോരുത്തരും അവരവരുടെ ഭാഗം ആഖ്യാനം ചെയ്യുകയാണ് ആ സമ്പ്രദായം. പ്രസ്തുത സംരംഭം സ്വാഗതാർഹമെന്നു പറയുന്നതോടൊപ്പം കഥയും വായിക്കാൻ കൊള്ളാവുന്നതാണെന്ന് തീത്തഭിപ്രായപ്പെടാം. ഒരു പക്ഷേ ഈ പ്രസിദ്ധീകരണത്തിലെ കഥകളിൽ മെച്ചപ്പെട്ടതും ഇതുതന്നെ. വികാരജടിലമാകേണ്ടുന്ന ഒരു കഥാവസ്തു നിർവികാരമായി ആഖ്യാനം ചെയ്യപ്പെട്ടിരിക്കുന്നതാണ്. 'അർദ്ധരാത്രിയിൽ' എന്ന കഥ.

പ്രമുഖ കഥാകൃത്തുകളുടെ കഥകൾക്കുള്ള ഘടനാചാതുര്യമോ പ്രതിപാദന കൗശലമോ ഈ നിബന്ധങ്ങളിൽ പ്രതീക്ഷിക്കേണ്ട ആവശ്യമില്ലെങ്കിലും ഭാവിയിൽ നന്നായി വരാവുന്ന ഒന്നുരണ്ടു കൈകൾ ഇവയിൽ ചിലതിൽ ദൃശ്യമാകുന്നുണ്ട്. അത്രത്തോളം ഈ പ്രസിദ്ധീകരണം പ്രശംസയെ അർഹിക്കയും ചെയ്യുന്നു.

പള്ളിപ്പാട്ട് കുഞ്ഞുകൃഷ്ണൻ.

## "ഒഴുക്കുകൾ"

കൈനിക്കര പത്മനാഭപിള്ള

നാഷനൽ ബുക്ക്സ്റ്റാൾ—കോട്ടയം

വില രൂ. 2 അണ 8

കവിയുടെ ദൃഷ്ടിയിൽ ജീവിതം പൊതുവേ തന്നെ ഒരു പ്രവാഹമാണ്; മനുഷ്യജീവിതം പ്രത്യേകിച്ചും. അനന്തകോടിജീവിതസരിത്തുകൾ പരിപൂർണ്ണതയാകുന്ന സാഗരം ലക്ഷ്യമാക്കി പ്രവഹിക്കുകയാണ്. പ്രതിബന്ധങ്ങളെ തട്ടിത്തകർത്ത്, പരാജയത്തിലും അപരാജിതനായി ലക്ഷ്യത്തിലേയ്ക്കുതന്നെ നീങ്ങുന്നവനാണു യഥാർത്ഥത്തിൽ കർമ്മയോഗി. പരിപൂർണ്ണതയാണു ലക്ഷ്യമെങ്കിൽ സ്വാർത്ഥത്തിനവിടെ സ്ഥാനമില്ലല്ലോ. സ്വാർത്ഥലേശംകൂടാതെ ലോകസേവനം ചെയ്യുന്നതുതന്നെ നിഷ്കാമകർമ്മം. ഉത്തമമായ ജീവിത ദർശത്തെ മുൻനിറുത്തിയാണു "ഒഴുക്കുകൾ" എന്ന നോവൽ എഴുതാൻ ശ്രമിച്ചിട്ടുള്ളതെന്നു ഗ്രന്ഥകാരൻെറ മുഖവുരയിൽനിന്നു മനസ്സിലാക്കാം.

പ്രസ്തുത ആദർശത്തെ സംബന്ധിച്ചു എതിരഭിപ്രായമുണ്ടാകാൻ ഇടയില്ല. പക്ഷേ ഈ ആദർശം ആവിഷ്കരിക്കുന്നതിനു തിരഞ്ഞെടുത്തിരിക്കുന്ന കഥാബീജം യഥാർത്ഥജീവിതത്തിൽ സംഭാവ്യമാണോ എന്ന സംശയമുള്ളു. കഥയുടെ ആരംഭത്തിൽതന്നെ അസംഭാവ്യത മുഴച്ചു നില്ക്കുന്നുണ്ട്. കഥാനായകനായ മാർത്താണ്ഡക്കുറുപ്പ് കുടുംബസ്വത്തിൽനിന്നും തനിക്കു വീതംകിട്ടിയതിൽ നല്ല ഒരു തുക അനന്തിരവക്കു സമ്മാനിച്ചു് ബാക്കി മുന്നൂററിൽ ചില്വാനം രൂപായുംകൊണ്ടു പെട്ടെന്നു നാടുവിടാൻ തീർച്ചപ്പെടുത്തുന്നു. അയാൾ വളരെദൂരം സഞ്ചരിച്ചു വെറും അപരിചിതമായ ഒരു സ്ഥലത്തുവന്നു അവിടെ കാപ്പിക്കച്ചവടം തുടങ്ങുന്നു. ഒരു നല്ല തറവാട്ടിലെ അംഗമായ ഇയാൾക്കു് ഇപ്രകാരം ഒരു മാനസികപരിവത്തനം ഉണ്ടാകുന്നതിനു മതിയായ ഹേതു ഒന്നും ഗ്രന്ഥകാരൻ വെളിപ്പെടുത്തുന്നില്ല. പൃച്ഛീകമായ സ്വത്തോ സ്ഥാനമാനങ്ങളോ ഒന്നും വ്യക്തിമാഹാത്മ്യത്തിനു ആവശ്യമില്ലെന്നു അദ്ദേഹം വിശ്വസിക്കുന്നുണ്ടാവാം. കഠിനാദ്ധ്വാനംചെയ്തു ജീവിക്കയെന്നതാണു കുറുപ്പിൻെറ ലക്ഷ്യം. അതിനു കാപ്പിക്കച്ചവടമാണു് അയാൾ കാണുന്ന മാർഗ്ഗം. ഇതു് ഒരുപക്ഷേ പൂർവജന്മവാസനയുമായിരിക്കാം. ഈ പുതിയ കാപ്പിക്കടക്കാരൻ ആശ്ചര്യകരമാംവിധത്തിൽ പെട്ടെന്നു അഭിവൃദ്ധിപ്പെട്ടു ആ നാട്ടിലെ

ഏററവും മുന്തിയ പൌരനായിത്തീരുന്നതാണു കഥയുടെ പൂർവഭാഗം.

കുറുപ്പിൻെറ അഭിവൃദ്ധിക്കു നിരന്തര പരിശ്രമംകൂടാതെ മറെറാരു കാരണംകൂടിയുണ്ടു്. അയാൾ കട തുടങ്ങിയദിവസം കൈനീട്ടം കൊടുത്തു ദോശ വാങ്ങിച്ചതു ശോശാമ്മ എന്ന ഒരനാഥബാലികയായിരുന്നു. ആ കൈ പൊലിച്ചു. അന്നുമുതൽ അയാൾക്കു ഒന്നിനൊന്നു അഭിവൃദ്ധിയേ ഉണ്ടായിട്ടുള്ളു. അചിരേണ ശോശാമ്മ കുറുപ്പിൻെറ കടയിലെ വേലക്കാരിയായി വരുന്നു. കുറുപ്പിനു അവളോടു പുത്രീനിർവിശേഷമായ വാത്സല്യമുണ്ടു്. അതുകൊണ്ടാണു് ശോശാമ്മ സുഷമയാകുന്നതു്. അധികം താമസിയാതെ സുധാകരൻ എന്നു പേരുള്ള ബാലൻ കുറുപ്പിനു സഹായിആയി വന്നുചേരുന്നു. സമീപത്തുള്ള ഒരു സാധുകുടുംബത്തിൽപെട്ട സുധാകരൻെറ സഹോദരി വനജ അവിവാഹിതയാണു്. അവൾക്കു ഒരു വരനെ കണ്ടുപിടിക്കുന്ന ഭാരം കുറുപ്പുതന്നെ ഏറെറടുക്കുന്നു. വനജയുടെ അച്ഛൻെറ അനന്തിരവൻ വിക്രമനാണു അവളുടെ പ്രതിശ്രുതവരൻ. പക്ഷെ അവളുടെ യഥാർത്ഥ പ്രേമഭാജനം കുറുപ്പുതന്നെയാണു്. വനജയുടെ പ്രേമപ്രകടനങ്ങൾ കാണുവാൻ കുറുപ്പിനു കണ്ണില്ല. പരമാർത്ഥം മനസ്സിലാകുമ്പോൾ കാര്യം അസാദ്ധ്യമെന്നു കുറുപ്പു അവളെ മനസ്സിലാക്കി വിക്രമനുമായുള്ള ബന്ധം ഉറപ്പിച്ചു അതു നടത്തിക്കുന്നു. ഈ വിവാഹം നടക്കുന്നു എങ്കിലും വനജയുടെ ഹൃദയം തനിക്കു കിട്ടിയിട്ടില്ലെന്നു അത്ഭുതബുദ്ധിമാനായ വിക്രമൻ മനസ്സിലാക്കുന്നു. ഇതിനിടയ്ക്കു സുഷമയും സുധാകരനും പ്രണയബദ്ധരായിക്കഴിയുകയാണു്. 'നവയൌവനവും വന്നു നാൾതോറും വളരുന്ന' അവരുടെ പ്രണയകഥ കുറുപ്പറിയാത്തതല്ല. പക്ഷേ എന്തോ കാരണവശാൽ അയാൾ അവരുടെ ഇംഗിതം സാധിച്ചു കൊടുക്കുന്നില്ല. ഇതിനിടയ്ക്കു കുറുപ്പു വലിയ പണക്കാരനും നാട്ടിൽ പ്രമാണിയുമായിക്കഴിഞ്ഞിരിക്കുന്നു. ഈ ഘട്ടത്തിലാണു കുറുപ്പിനു് കഠിനമായ രോഗം പിടിപെടുന്നതു്. രോഗം അപകടഘട്ടത്തിൽ എത്തുമ്പോൾ സുഷമയേയും സുധാകരനേയുംകാൾ ഹൃദയവേദന അനുഭവിക്കുന്നതു് വനജയാണു്. കുറുപ്പിൻെറ രോഗത്തിനു ഇറക്കം തുടങ്ങുന്നതോടുകൂടി 'പർവ്വതത്തിൽ' എന്ന പ്രഥമഭാഗം അവസാനിക്കുന്നു.

'പാറക്കെട്ടിൽ' എന്ന രണ്ടാംഭാഗത്തിൽ ജീവിതപ്രവാഹം പർവ്വതത്തിൽനിന്നും ഒഴുകിവന്നു പാറക്കെട്ടിൽ തട്ടിത്തിരിയുന്നതായിട്ടാണു വിവക്ഷ. കുറുപ്പിൻെറ രോഗത്തിനു നല്ല ഇറക്കം കിട്ടിയശേഷം ഒരു രാത്രി സുഷമയ്ക്കു അപ്രതീക്ഷിതമായ ഒരനുഭവമുണ്ടാകുന്നു. ഇടിയും മഴയുമുള്ള ആ രാത്രിയിൽ കുറുപ്പു് സുഷമയോടു ദയനീയമായ രീതിയിൽ പ്രണയപ്രാർത്ഥന നടത്തുന്നു. ഇതികർത്തവ്യതാമൂഢയായ അവൾ ഇടിയും, മഴയും വകവയ്ക്കാതെ വീടുവിട്ടിറങ്ങി ഓടുന്നു. കുറുപ്പിൻെറ നിലവിളികേട്ടു് ചെല്ലുന്ന സുധാകരൻ സുഷമയെ അന്വേഷിച്ചു കണ്ടുപിടിച്ചു കൊണ്ടുവരുന്നതിനിടയ്ക്കു കുറുപ്പു കിടക്കയിൽനിന്നു എഴുന്നേററു നടക്കുവാൻ ശ്രമിക്കവേ താഴെ വീണു അവശനാകുന്നു. ഈ പരിതസ്ഥിതിയിൽ വനജ അവിടെ എത്തി കുറുപ്പിനു വേണ്ട സഹായം ചെയ്യുന്നു. സുധാകരനും സുഷമയും വരുന്നതുകണ്ടു് അവൾ ഇരുട്ടിൽ മറയുന്നു. സുഷമ ഒരു ആത്മപരിശോധനയ്ക്കുശേഷം കുറുപ്പിൻെറ ഏതാജ്ഞയ്ക്കും വഴിപ്പെടാൻ തയാറായി വന്നിരിക്കുകയാണു്. പക്ഷെ കുറുപ്പു പശ്ചാത്താപംകൊണ്ടു ഹൃദയം ശുദ്ധീകരിച്ചു അവളെ അനുഗ്രഹിക്കാൻ കാത്തിരിക്കയുമയാണു്. സുഷമയെ വീണ്ടും കാണുമ്പോൾ അയാൾ പറയുന്ന വാക്കുകൾ ഇരുട്ടിൽ മറയുന്ന വനജയും കേൾക്കുന്നുണ്ടു്. "എൻെറ മകൾ—ഒന്നും ഭയപ്പെടേണ്ട" ഈ വാചകം സുഷമയ്ക്കു വളരെ ആശ്വാസമരുളുന്നു. സുധാകരനു ഇതിൻെറ രഹസ്യമൊന്നും മനസ്സിലാകുന്നില്ല. വനജയ്ക്കു ഒട്ടൊക്കെ ഊഹം കിട്ടിയിട്ടുണ്ടുതാനും.

കുറുപ്പിൻെറ അപ്രതീക്ഷിതമായ പ്രണയപ്രാർത്ഥന വലിയ അപകടമൊന്നും ഉണ്ടാക്കുന്നി

ല്ലെങ്കിലും സുഷമയെ എന്നപോലെ വായനക്കാരെയും ഞെട്ടിക്കുന്നുണ്ടു്. കുറുപ്പിനു സുഷമയോടുണ്ടായിരുന്ന വാത്സല്യം പ്രണയ ചാപല്യത്തിന്റെ മുന്നോടി ആയിരുന്നോ എന്നുപോലും നാം സംശയിക്കുന്നു. ഔരസപുത്രി അല്ലെങ്കിലും പുത്രിയുടെ സ്ഥാനത്തു പുലരുന്ന ഒരു കന്യകയിൽ കാമുകിയെ ദർശിക്കുന്നതു് ആദർശ പുരുഷനാകു യോജിച്ചതാണോ? കുറുപ്പിന്റെ മാനസിക വിഭ്രമം അല്പനേരത്തേക്കു ഉണ്ടായിരുന്നുള്ളു എങ്കിലും അതയാളിൽ ഒരു കളങ്കം ചേർക്കുന്നില്ലേ? ഒരാദർശ പുരുഷനു ഇപ്രകാരമൊരു വിഭ്രമം വരാൻ പാടില്ലായ്കയില്ല. പക്ഷേ ഇത്രയും കാലമായി സുഷമയുടെയും സുധാകരന്റെയും വിവാഹകാര്യം താളത്തിലിട്ടിരുന്ന കുറുപ്പ് ഇക്കാര്യത്തിൽ കരുതിക്കൂട്ടി പ്രവർത്തിച്ചതല്ലെന്നു എങ്ങിനെ പറയാൻ സാധിക്കും?

'സമതലത്തിൽ' എന്ന മൂന്നാംഭാഗത്തിൽ എല്ലാ കഥാപാത്രങ്ങളുടെയും ജീവിതത്തിൽ ഒരു സമവിത്തത കളിയാടുന്നുണ്ടു്. സ്വാപരാധത്തിനു പ്രായശ്ചിത്തമെന്നപോലെ കുറുപ്പ് സുഷമാസുധാകരന്മാരുടെ വിവാഹം നടത്തിക്കുന്നു. അത്രമാത്രമല്ല വ്യാപാര കാര്യങ്ങളെല്ലാം സുധാകരനെ ചുമതലപ്പെടുത്തി സകല ബന്ധപ്പാടുകളിലും നിന്നു ഒഴിഞ്ഞു നിൽക്കുന്ന ഈ സർവ്വസംഗ പരിത്യാഗി സുഷമയുടെ വിവാഹ രാത്രിയിൽ തന്നെ ഒരെഴുത്ത് എഴുതിവച്ചിട്ടു സ്ഥലം വിടുന്നു. കുറുപ്പിന്റെ ഈ മൂന്നാം മാനസിക പരിവർത്തനം കഠിനമായ പശ്ചാത്താപത്തിൽ നിന്നും ജനിച്ചതായിരിക്കണം. ഏതായാലും ഇത്തവണ അതു് അസംഭാവ്യമായി തോന്നുന്നില്ല.

'സാഗരത്തിൽ' എന്ന അവസാന ഭാഗത്തിലാണു് ജീവിതസരിത്തു് ലക്ഷ്യത്തിൽ എത്തിച്ചേരുന്നതു്. സുഷമാ സുധാകരന്മാരുടെ വിവാഹത്തിനുശേഷം മുപ്പത്തിരണ്ടു സംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു. നാടുവിട്ടുപോയ കുറുപ്പ് തപോവൃത്തി അവലംബിച്ച് ഹിമാലയത്തിന്റെ മുകൾപ്പരപ്പിൽ ഒരിടത്തു് ശിഷ്യഗണങ്ങളോടുകൂടി വസിക്കുന്നു. വനജ ഭർത്താവിനോടുകൂടി ദേശാടനത്തിനിറങ്ങി. അവസാനം ഈ താപസശ്രേഷ്ഠന്റെ സന്നിധിയിൽ എത്തുന്നു. അവൾ ആയുശ്ശേഷം അവിടെത്തന്നെ കഴിച്ച് നിത്യശാന്തി അടയുന്നു. പതിനൊന്നു വർഷത്തിനു ശേഷം പിന്നെയും ഒരു സരിൽ സാഗരസംഗമം നടക്കുന്നുണ്ടു്. അപ്പോഴേയ്ക്കും സുഷമ വിധവയും വൃദ്ധയുമായിക്കഴിഞ്ഞിരിക്കുന്നു. അവളുടെ ജീവിതലക്ഷ്യം സ്വപിതാവുമായുള്ള സമാഗമമാണു്. അദ്ദേഹം തിരിച്ചു വരുമെന്നാണു് അവളുടെ ദൃഢവിശ്വാസം. ആ വിശ്വാസം സഫലീഭവിക്കുന്നു. മഹാതേജസ്വിയായ അവളുടെ വളർത്തച്ഛൻ വന്നുചേർന്നു് അവളെ അനുഗ്രഹിക്കുന്നു. ആ ഉത്തമതാപസന്റെ ദിവ്യദർശനം അവളെ ആനന്ദ സാഗരത്തിൽ ആറാടിക്കുന്നു.

കുറുപ്പിന്റെ ലൗകികമായും ആദ്ധ്യാത്മികമായും ഉള്ള ഉയർച്ച സംഭാവ്യതയെ അതിക്രമിക്കുന്നു. പരസ്പര വൈരുദ്ധ്യങ്ങൾ നിറഞ്ഞ ഒരു പാത്രമാണു കുറുപ്പ്. സുഷമ, വനജ, സുധാകരൻ, വിക്രമൻ ഇവർ യഥാർത്ഥ ജീവിതത്തിൽ പക്ഷേ കാണപ്പെടാവുന്ന പാത്രങ്ങൾ തന്നെയാണു്. അവരുടെ ജീവിതാനുഭവങ്ങൾക്കു വായനക്കാരുടെ ഹൃദയത്തെ ചിലപ്പോൾ സ്പർശിക്കാനുള്ള ശക്തിയുണ്ടു്.

ശ്രീ. കൈനിക്കരെയുടെ ഭാഷ ഉജ്ജ്വലവും പ്രസന്നവുമാണു്. വർണ്ണനകളിൽ ചിലതു് ഗദ്യകവിതയ്ക്കു മാതൃകകളുമാണു്. കുറുപ്പിന്റെ ദോശക്കച്ചവടം മുതലായ ഭാഗങ്ങൾ ചതുരമായി വർണ്ണിച്ചിട്ടുണ്ടു്. ഇത്തരം വർണ്ണനകളിൽ വാസ്തവകഥനത്തിന്റെ രാമണീയകത്വം തെളിഞ്ഞു കാണാം. കഥാകഥനത്തിൽ ഫലിതം കുറവാണെങ്കിൽ ഭാഷയുടെ ഒഴുക്കും ഓജസ്സും ആ കുറവു ഏതാണ്ടു് പരിഹരിക്കുന്നുണ്ടെന്നു പറയാം.

സുഖദുഃഖ സമ്മിശ്രമായ ജീവിത പ്രവാഹത്തിന്റെ മനഃശ്ശാസ്ത്രപരമായ ഒരു വിമർശനം എന്ന നിലയ്ക്കു "ഒഴുക്കുകൾ" ഒരു പുതിയ സമ്പ്രദായത്തെ പ്രതിനിധീകരിക്കുന്നു. എന്നാൽ,

കഥാഘടനയിലോ, സന്ദർഭങ്ങളുടെ ആവിഷ്ക്കരണത്തിലോ പുതുമയുള്ള ഒരു ഇതിവൃത്തം കെട്ടിപ്പടുക്കുവാൻ കഥാകാരനു കഴിഞ്ഞിട്ടില്ല. ഒരു ചെറുകഥയ്ക്കു മാത്രം വകയുള്ള ഇതിവൃത്തത്തെ വളരെ പരത്തി, കഥാപാത്രങ്ങളുടെ മാനസിക വ്യാപാരങ്ങളുടെ ഉദ്ഗാരം വഴി സ്ഥൂലിപ്പിച്ച് പ്രതിപാദിക്കുകയാണു് ചെയ്തിട്ടുള്ളതു്. ചുരുങ്ങിയതു് അമ്പതുകൊല്ലത്തെ കാലദൈർഘ്യമുള്ള കഥയിൽ സംഭവിക്കുന്നതു് കുറുപ്പിൻെറ തോശക്കച്ചവടം, അയാളുടെ രോഗം, പ്രവാസം, മരണം ഇവയും രണ്ടു വിവാഹങ്ങളും ചില മരണങ്ങളും മാത്രമാണു്. ഇങ്ങനെ, സംഭവങ്ങൾക്കല്ലാതെ പാത്രങ്ങളുടെ മാനസിക വ്യാപാരങ്ങളുടെ വിവരണത്തിനു പ്രാധാന്യം നല്കുകയാൽ ചില സ്ഥലങ്ങളിൽ ഒഴുക്കുകൾക്കു ചലനം നിലച്ചുപോയപോലെ തോന്നുന്നു. ആകപ്പാടെ നോക്കുമ്പോൾ ഈ നോവൽ നിർമ്മിതിയിൽ ഗ്രന്ഥകാരൻ വിജയിച്ചിട്ടുണ്ടെന്നു രേഖപ്പെടുത്തുവാൻ നിവൃത്തിയില്ല.

എൻ. കൃഷ്ണക്കൈമൾ എം. എ.

## "ആക്കുവേണ്ടി?"

പി. കേശവദേവു്,
പ്രോഗ്രസ്സീവു് പബ്ലിക്കേഷൻസ്,
തിരുവനന്തപുരം, വില രൂ. 1

മാർക്ക്സിസത്തിൻെറ മറവിൽ നടക്കുന്ന കാപട്യങ്ങളേയും ക്രൂരതകളേയും നോക്കിക്കൊണ്ടു ശ്രീ. കേശവദേവു് ചോദിക്കുന്ന ചോദ്യമാണു ഈ ഗ്രന്ഥത്തിൻെറ നാമധേയം. കഥ വായിച്ചു തീരുമ്പോൾ അനുവാചകരിൽ ഉദിക്കുന്ന പ്രശ്നം "ആക്കുവേണ്ടി?" എന്നതായിരിക്കണം. അതാണു ഗ്രന്ഥകാരൻെറ ലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തിയിൽ അദ്ദേഹം തീർച്ചയായും വിജയിച്ചിട്ടുണ്ടു്. പക്ഷെ അതിനുവേണ്ടി അദ്ദേഹം അതിശയോക്തിയുടെ സഹായം അപേക്ഷിച്ചു ജീവിതയാഥാർത്ഥ്യങ്ങളെ ബലികഴിക്കുന്നില്ലേ? എന്നൊരു പ്രശ്നം അവശേഷിക്കുന്നു. ഒരു പ്രത്യേക വീക്ഷണകോണം അവലംബിച്ചു സ്വാഭിപ്രായം സമർത്ഥിക്കുന്നതിനുവേണ്ടി കഥയെഴുതാൻ തുടങ്ങിയാൽ വരുന്ന വിഷമങ്ങളിൽ ഒന്നാണിതു്. ലക്ഷ്യപ്രാപ്തിക്കുവേണ്ടി ജീവിതയാഥാർത്ഥ്യങ്ങളെ വളയ്ക്കുകയോ ഒടിക്കുകയോ ചെയ്യേണ്ടിവരും. പാർട്ടിക്കുവേണ്ടി സ്വസഹോദരനായ അക്കനെ കുരുതികൊടുത്തു ഭർത്തൃഹിതം നിറവേറുന്ന പത്മയുടെ കഠിനകൈ മൗലികമായ സ്ത്രീസ്വഭാവത്തിനും സഹോദരസ്നേഹത്തിനും കടകവിരുദ്ധമായിരിക്കുന്നു. ഈ ഒരൊറ്റപ്പോരുത്തക്കേടുനീക്കി നിവൃത്തിനോക്കിയാൽ കഥാശില്പത്തിനു അഴകും ഓജസ്സും പറയാം.

കഥയുടെ പശ്ചാത്തലസൃഷ്ടിയിൽ കേശവദേവിൻെറ അടിയുറച്ച കലാചാതുര്യം കാണാം. ഒരു ഭയങ്കരമായ കൊലപാതകം നടന്നു വളരെ നാളായി ആൾ പാർപ്പില്ലാത്ത ഒരു വീടാണു കഥയുടെ പ്രധാന രംഗം. വീടിനു ചുററും വിജനപ്രദേശമാണു്. അങ്ങുമിങ്ങും കുററിക്കാടുകളും പാഴ്മരങ്ങളും കാണാം. അടുത്തൊരു കാടും അതിനു സമീപം പൊളിഞ്ഞ ഒരു ക്ഷേത്രവുമുണ്ടു്. വെള്ളിയാഴ്ചതോറും മാത്രമേ ആ ക്ഷേത്രത്തിൽ ഭക്തജനങ്ങൾ വരാറുള്ളു. വീടിനു പടിഞ്ഞാറുവശം ഒരു തരിശായ മൈതാനമാണു്. അതിനപ്പുറത്തു മൂന്നുനാലു ചെററ പുരകളും. ഈ കുടിലിലെ താമസക്കാർക്കു് രാത്രിയിൽ പുറത്തിറങ്ങാൻ ഭയമാണു്. രാത്രിയിൽ മൂങ്ങയുടെ മൂളലും പുള്ളിൻെറ കരച്ചിലും ആ വിജനസ്ഥലത്തിൻെറ ഭയാനകതയെ വർദ്ധിപ്പിക്കുന്നു. കഥയുടെ അവസാനഭാഗത്തു് നടക്കാൻപോകുന്ന ക്രൂരമായ കൊലപാതകത്തിനു ഈ പശ്ചാത്തലം സർവ്വഥാ അനുയോജ്യംതന്നെ.

കഥാനായകനായ അക്കൻ ഒളിവിൽ കഴിയുന്ന ഒരു വിപ്ലവ സംഘത്തിലെ അംഗമാണു്. അയാളുടെ സങ്കേതമാണു മുൻ വിവരിച്ച ഒഴിഞ്ഞ ഗൃഹം. ആറുമാസത്തിലധികമായി അയാൾ പോലീസിനു പിടി കൊടുക്കാതെ നടക്കുന്നു. രാത്രിയിൽ മാത്രം പുറത്തിറങ്ങി തൊഴിലാളികൾക്കും കർഷകർക്കും വിപ്ലവ പാഠങ്ങൾ കൊ

ട്ടക്കും, കമ്മിററി യോഗങ്ങളിൽ സംബന്ധിക്കും. നേരം വെളുക്കുംമുമ്പു വിജനമായ ആ വീട്ടിൽ വന്നു കയറുകയും ചെയ്യും. മർദ്ദിതരും ചൂഷിതരുമായ ബഹുജനങ്ങളുടെ സ്വാതന്ത്ര്യമാണ് അയാളുടെ ജീവിതലക്ഷ്യം. പക്ഷെ വിപ്ലവാദർശങ്ങൾ ദുരുപയോഗപ്പെടുത്തുന്നതു് അയാൾക്കു ഇഷ്ടമല്ല. വിപ്ലവത്തിലെ കള്ളനാണയങ്ങൾ അയാൾ വെറുക്കുന്നു. വിപ്ലവം ഭീകരപ്രവർത്തനമായി അധഃപതിച്ചപ്പോൾ അയാളുടെ ഹൃദയം വെന്തുനീറി. സഹപ്രവർത്തകന്മാരോടു അയാൾ എതിർവാദം നടത്തിനോക്കി; ഫലമില്ല. ഒരൊററ പാർട്ടിയംഗമേ അയാളോടു യോജിച്ചുള്ളു; അതാണ് വീയ്യൻ. ഇയാൾ അക്കന്റെ ആശയങ്ങളെ പരസ്യമായി പ്രചരിപ്പിച്ചു. അതിന്റെ ഫലമായി രണ്ടുപേരും പാർട്ടിയിൽ നിന്നും നീക്കം ചെയ്യപ്പെട്ടു. അതിനുശേഷം അർക്കൻ വീടുവിട്ടു പുറത്തിറങ്ങാറില്ല. അയാൾക്കു ആഹാരവുംകൊണ്ട് സഹോദരി പത്മ ദിവസവും രാത്രി ആ വീട്ടിൽവരും. പത്മ പാർട്ടി സെക്രട്ടറി അനിലന്റെ ഭാര്യയാണ്. അവളും പാർട്ടിയിലെ ഒരു സജീവ പ്രവർത്തകയാണ്. പാർട്ടിയോടുള്ള അന്ധഭക്തി ഭർത്താവിനെന്നപോലെ ഭാര്യയ്ക്കും ഉണ്ട്.

ഒരു രാത്രി പത്മ അക്കനു ചോറു കൊണ്ടുവന്നപ്പോൾ അവൾ ഭയങ്കരമായ ഒരു വാർത്ത പറഞ്ഞു. വീയ്യനെ കൊല്ലാൻ പാർട്ടി നിശ്ചയിച്ചിരിക്കുന്നുവെന്ന്. അർക്കൻ അന്നു ആഹാരം കഴിച്ചില്ല. പത്മ പോയതിനു ശേഷം അയാൾ വിചാരഗ്രസ്തനായി. തന്റെ വിപ്ലവാദർശങ്ങളും ത്യാഗങ്ങളുമെല്ലാം ജലരേഖകളായി പരിണമിച്ചതിൽ അയാളുടെ ഹൃദയം വെന്തുനീറി. അടുത്ത രാത്രിയും പത്മ ചോറും കൊണ്ടുവന്നു. അന്ന് അവർ തമ്മിൽ നടന്ന സംഭാഷണത്തിൽ ഒരു കാര്യം അക്കനു വ്യക്തമായി മനസ്സിലായി— പത്മയുടെ അതിരുകടന്ന പാർട്ടിഭക്തി. വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങൾ രക്തബന്ധമായാലും ശരി സൗഹാർദ്ദബന്ധമായാലും ശരി—എല്ലാം പാർട്ടി നിഷേധിക്കുന്നു. അവ വെറും "സെന്റിമെന്റ്സ്" ആണ്. ഇതത്രെ അവളുടെ ദൃഢവിശ്വാസം. അർക്കൻ പാർട്ടിയുടെ മാർഗ്ഗത്തിൽ നിന്നും ബഹുദൂരം അകന്നുകഴിഞ്ഞുവെന്നു അവൾ നിന്ദാദ്യോതകമായ സ്വരത്തിൽ പറയുമ്പോൾ താൻ അവൾക്കുവേണ്ടി സഹിച്ച ത്യാഗങ്ങളും അവളുടെ ഇന്നത്തെ നിലപാടും ഓർത്തു അയാൾ പരിതപിക്കുന്നു. അവളെ വിപ്ലവാദർശങ്ങൾ പഠിപ്പിച്ചതു് അയാളായിരുന്നു. ഇന്നിപ്പോൾ അവൾ അയാളെ പാർട്ടിവഞ്ചകനെന്നു മുദ്രയടിക്കുന്നു. ഇതിനിടയിൽ വീയ്യൻ മരിച്ചുകഴിഞ്ഞിരിക്കണമെന്നുകൂടി അവൾ പറഞ്ഞപ്പോൾ ഗൽഗദംമൂലം അക്കനു ഒന്നും പറവാൻ വയ്യാതായി. മൂങ്ങയുടെ "കൂഹൂ, കൂഹൂ" എന്നുള്ള മൂളൽ ഈ സമയത്തു് അയാൾ കേൾക്കുന്നു. അന്നും അയാൾ പട്ടിണിയായിത്തന്നെ കഴിയുന്നു.

അടുത്തദിവസത്തെ അവരുടെ സംഭാഷണത്തിൽ അക്കന്റെ ഉൽക്കടമായ താപം വാഗ്രൂപേണ പ്രവഹിക്കുന്നു. ആർക്കുവേണ്ടിയാണു പാർട്ടി ഈ ക്രൂരതയും കടുംകയ്യുമെല്ലാം ചെയ്യുന്നതെന്നാണു അയാൾ ചോദിക്കുന്നതു്. പാർട്ടിക്കുവേണ്ടിയെന്നു അവൾ മറുപടി പറയുന്നു. അക്കൻ തുടരുന്നു. പാർട്ടിയെന്നതു് രക്തബലി ചെന്നല്ലാതെ തൃപ്തിപ്പെടാത്ത ഒരു കൊടും കാളിയാണ്. ലോകചരിത്രാരംഭംമുതൽ ഇത്തരം മഹാകാളികൾ മതത്തിന്റെയും രാഷ്ട്രത്തിന്റെയും പേരിൽ ചോരപ്പുഴകൾ ഒഴുക്കിയിട്ടുണ്ട്. എല്ലാം അധികാരദുർമ്മോഹത്തിന്റെ ഫലങ്ങളാണ്. പത്മയ്ക്കു് ഇതെല്ലാം കേട്ടിട്ടു സഹിക്കുന്നില്ല.

അടുത്തതായി നാം പത്മയെ കാണുന്നതു് അക്കനെ സംഹരിക്കാൻ നിശ്ചയിച്ചുറച്ച മഹിഷാസുരമർദ്ദിനിയായിട്ടാണ്. ഭർത്താവിനോടുകൂടി കമ്മിററിയോഗത്തിൽ സംബന്ധിച്ചു സഹോദരവധത്തിനു അവൾതന്നെ ചുമതല ഏറെറടുക്കുന്നു. അവസാനം അവൾ അനിലനോടൊന്നിച്ചു് അക്കന്റെ സങ്കേതത്തിൽ എത്തി പാർട്ടിയുടെ അലംഘ്യമായ കല്പന നിറവേററുന്നു.

ഇതാണു കഥാഗതി. സഹോദരവധം—അതു ലോകത്തിൽ നടക്കാത്തതല്ല. പക്ഷെ ഒരു

പാർട്ടി ആദർശത്തിനുവേണ്ടി—അതും ഒരു സ്ത്രീ-തന്റെ രക്ഷിതാവും, ഗുരുവും, നേതാവുമായ സഹോദരനെ നേരിട്ടു കുത്തിക്കൊലപ്പെടുത്താൻ തയ്യാറാവുകയെന്നതു ചിന്തിക്കാൻപോലും വയ്യാത്ത ഒരു കാര്യമാണു്. എത്രമാത്രം ഭർത്തൃഹിതവിധേയയായിരുന്നാലും ഇക്കാര്യത്തിൽ ഒരു സ്ത്രീ പത്മയുടെ ധൈര്യം അവലംബിക്കുമോ എന്നു സംശയമാണു്. പാർട്ടിയോടുള്ള മൂഢഭക്തി ദൃഷ്ടാന്തീകരിക്കുന്നതിനു സ്ത്രീയെ പിശാചായ മാററിയതാണെന്നു തോന്നുന്നു.

കഥയിലെ ആഖ്യാനരീതി ഹൃദയാവർജ്ജകമായിട്ടുണ്ടു്. പൂർവ്വകഥകൾ മുഷിച്ചിലിനിടയാക്കാതെ സന്ദർഭാനുസരണം വിവരിച്ചിരിക്കുന്നതും ഉചിതമായിട്ടുണ്ടു്. നാടകീയമായ പല രംഗങ്ങളും ഈ കഥയിൽ ഉണ്ടു്. അവയെ തന്മയത്വത്തോടുകൂടി ചിത്രീകരിച്ചിട്ടുമുണ്ടു്. പാർട്ടിയുടെ തീരുമാനം നടപ്പുവരുത്തുന്നതിൽ പത്മയ്ക്കു മനോദൌർബ്ബല്യമുണ്ടാകുന്ന ഘട്ടങ്ങളിലെല്ലാം അനിലൻ പല്ലവിപോലെ ചൊല്ലിക്കൊടുക്കുന്ന വാക്കുകൾ നോക്കുക. "ഇടറാതെ ഒതുങ്ങി മുഴങ്ങുന്ന ശബ്ദം; വിറയ്ക്കാത്ത കൈകൾ; പതറാത്ത പാദങ്ങൾ; മനസ്സിലായോ?" അർക്കന്റെയും അനിലന്റെയും സ്വഭാവചിത്രീകരണത്തിൽ യാഥാർത്ഥ്യമുണ്ടു്. അർക്കൻ നിഷ്കളങ്കനായ ആദർശപ്രേമിയും അനിലൻ നേതൃത്വത്തിനുവേണ്ടിമാത്രം പാർട്ടിയെ മുറുകെ പിടിച്ചിരിക്കുന്ന താൻമാത്രനും ആണു്. പത്മയുടെ അന്ധഭക്തിയിൽ യാഥാർത്ഥ്യം കാണാൻ വിഷമമാണു്. സംഭാഷണങ്ങളിൽ പാർട്ടി പ്രാസംഗികന്മാരുടെ ഭാഷാരീതിയും ആവേശവും കാണുന്നുണ്ടു്. ആകപ്പാടെ നോക്കിയാൽ ഈ കഥയ്ക്കു് ഒരു രാഷ്ട്രീയ പ്രഹസനത്തിന്റെ മട്ടാണുള്ളതു്, ഒരു നോവലിന്റേതല്ല, എന്നു ചുരുക്കത്തിൽ പറയാം.

എൻ. കൃഷ്ണകൈമൾ എം. എ.

## ജയിച്ചുവരും

ഏ. കെ. ബാലകൃഷ്ണപിള്ള

പി. സി. ബുക്കു് ഹൗസ്, തിരുവനന്തപുരം

വില രൂ. 1

മനുഷ്യബന്ധം ഉടുതുണി, യന്ത്രവും രക്തവും മണ്ണു്, ജയിച്ചുവരും, എനിക്കു സ്നേഹിക്കണം, എന്നിങ്ങനെ ആറു വിഷയങ്ങളാണു് ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ആദ്യത്തേതിൽ പ്രണയത്തിന്റെയും അവസാനത്തേതിൽ വാത്സല്യത്തിന്റേയും പ്രമേയങ്ങൾ അടങ്ങിയവയാണു്. ബാക്കിയുള്ളവ വർഗ്ഗസമരത്തെ സഹായിക്കാൻ പര്യാപ്തമായ കഥകളാണു്. പ്രചരണോദ്ദേശം കഥകളിൽക്കൂടെ സാധിക്കാമെന്നുള്ള പ്രേരണയാണു് അവയിൽ ഓരോന്നിലും നിഴലിച്ചുകാണുന്നതു്.

വിപ്ലവപരമെന്നു ഗ്രന്ഥകർത്താവു മനസ്സിലാക്കിയിട്ടുള്ള ആശയഗതികളെ കോർത്തിണക്കിയാണു ഓരോ കഥയും നിർമ്മിച്ചിട്ടുള്ളതു്. റിയലിസ്റ്റിക് പ്രസ്ഥാനം എന്ന പേരിൽ ആധുനികകാലത്തു പല കഥകളും കവിതകളും കൈരളിക്കു സംഭാവന ചെയ്യപ്പെടുന്നുണ്ടു്. അവയിൽ അപൂർവ്വം ചിലതു മാത്രമേ യഥാർത്ഥ റിയലിസ്റ്റിക് മാതൃകകളായിത്തീർന്നിട്ടുള്ളു. ഹൃദയാവർജ്ജകമായ രംഗങ്ങൾ ചിത്രണംചെയ്തു അനുവാചകരെ അനുകമ്പാതരളിതരാക്കാൻ ശ്രമിക്കുന്നതാണു് വിജയപ്രദമായ ഒരു പദ്ധതി. ഗ്രന്ഥകാരന്റെ കഴിവുകൾ ആ വഴിക്കു് തിരിച്ചുവിടുന്നതു നന്നായിരിക്കും. ഹ്രസ്വവും ലളിതവുമായ ഒരു രചനാരീതി സ്വീകരിച്ചുകാണുന്നതു് അനുമോദാർഹമാണു്. ഘടനയ്ക്കു് പുതുമ വരുത്താൻ സ്വീകരിക്കുന്ന നിരങ്കുശമായ ചില പ്രയോഗങ്ങൾ ഉപേക്ഷിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നുണ്ടു്. ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം.

"കരുണാർദ്രമായ ശബ്ദത്തിൽ അവൾ വായ്തുറന്നു"

അദ്ദേഹത്തിന്റെ കുഞ്ഞിനെ ഞാൻ "പ്രസവിച്ചു."

## പ്രവർത്തകസമിതി യോഗം
### നടപടി ചുരുക്കം

പ്രവർത്തകസമിതിയുടെ ഒരു യോഗം നവംബർ 12-ാംതീയതി ശ്രീ. കെ. എം. അഗസ്റ്റിൻെറ അദ്ധ്യക്ഷതയിൽ കൂടി.

### പ്രധാന തീരുമാനങ്ങൾ

താലൂക്കു യൂണിയൻ പുനഃസംഘടിപ്പിക്കുന്നതു സംബന്ധിച്ചു സബ്ബ്കമ്മിററി തയ്യാറാക്കിയ പദ്ധതി ചർച്ച ചെയ്തു. ഭേദഗതികളോടു കൂടി അംഗീകരിച്ചു. പദ്ധതി അടുത്ത ലക്കം ഗ്രന്ഥാലോകത്തിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

കുന്നത്തുനാട്—മൂവാററുപുഴ, കുന്നത്തൂർ—പത്തനംതിട്ട, തിരുവനന്തപുരം—നെയ്യാററിൻകര, എന്നീ മൂന്നു താലൂക്കു ഗ്രൂപ്പുകളിലേക്കു ഓർഗനൈസിംഗ് ഇൻസ്പെക്ടറന്മാരെ നിയമിക്കുന്ന കാര്യം ചർച്ച ചെയ്തു. കുന്നത്തുനാട്—മൂവാററുപുഴ ഗ്രൂപ്പിലേക്കു മുൻ ഓർഗനൈസർ ശ്രീമതി, ജെ. തങ്കത്തേയും, തിരുവനന്തപുരം—നെയ്യാററിൻകര ഗ്രൂപ്പിലേക്കു മുൻ ഓർഗനൈസർ ശ്രീ. വി. നീലകണ്ഠപ്പിള്ളയേയും നിയമിക്കുന്നതിനു തീരുമാനിച്ചു.

---

"അവളുടെ ശബ്ദം അതിൻെറ പൂർണ്ണിമയിൽ ഒടി"

"അമ്മയുടെ ഗർഭപാത്രത്തിൽ നിന്നു അപ്പോൾ ഇറങ്ങിയതുപോലെ നഗ്നമായിരുന്നു."

"യൗവനത്തിൽതന്നെ താരുണ്യം തേഞ്ഞ മാർവിടം" ഇതു കഠിനപ്പെട്ടു എന്തിനു ജോലി ചെയ്യുന്നതു്.

## ഞങ്ങളു് വിതക്കും ഞങ്ങളു് കൊയ്യും

ഗ്രന്ഥകർത്താ—ആയ്യൂർ കൃഷ്ണൻ, വില അണ 12
പി. സി. ബുക്ക്ഹൗസ്—തിരുവനന്തപുരം.

അഞ്ചു ചെറുകഥകൾ അടങ്ങിയ ഒരു ചെറു ഗ്രന്ഥമാണിതു്. അതിൽ ക്ലിയോപാട്ര, സ്ത്രീജന്മം എന്ന രണ്ടെണ്ണം പ്രണയകഥകളാണ്. ഒരു കാളേജ് വിദ്യാർത്ഥി പഠിച്ചുകൊണ്ടിരുന്ന കാലത്തു് കൂടെപ്പഠിച്ച ലീലയെ കൗതുക വസ്തുവായി വിചാരിച്ചു. അയാൾ വേറൊരുവളെ വിവാഹം ചെയ്ത അവസരത്തിൽ ലീലയുടെ പ്രേമലേഖനം ലഭിക്കുന്നു. ഇതാണ് കഥയുടെ വൈകാരികാംശം. വിവാഹം കഴിഞ്ഞു് ഭർത്താവിനെ വെടിഞ്ഞു് തിരിച്ചുപോന്ന ഒരുവളുടെ ശിഥിലചിന്തകളാണ് സ്ത്രീജന്മം എന്ന കഥ. അവതാരികയിൽ ശ്രീ. ഗുപ്തൻനായർ അഭിപ്രായപ്പെടുന്നതുപോലെ ഇത്ര ചെറുപ്പത്തിലേ തന്നെ ഗ്രന്ഥകർത്താവിൻെറ പ്രണയ പരിചയങ്ങൾ വ്യക്തമാക്കുന്ന വിധങ്ങൾ അനന്യസുലഭമാണ് എന്നു് പറയാവുന്നതാണ്. "ഞങ്ങൾ വിതയ്ക്കും ഞങ്ങൾ കൊയ്യും" എന്ന കഥ വർഗ്ഗസമരത്തിൻെറ മാറെറാലിയാണ്. വിതച്ച വയൽ യജമാനനെ ധിക്കരിച്ചു് കൊയ്തുകൊണ്ടു പോകുന്നതാണ് വിഷയം. ഒരു ദരിദ്ര കുടുംബത്തിലെ സന്താനങ്ങൾ കമ്മ്യൂണിസ്റ്റുകളായി പരിവർത്തനം ചെയ്യുന്നതാണ് കൂലി എന്ന കഥ. റാഷൻകടയിൽ എന്ന ഒടുവിലത്തെ കഥ സ്വാഭാവികമായിട്ടുണ്ടു്. ഗ്രന്ഥത്തിൻെറ പേരു് അതു മതിയായിരുന്നു. പക്ഷേ ആധുനികാഭിരുചിക്കും ആകർഷണീയതയ്ക്കും ഇപ്പോഴത്തെ പേരാണ് പററിയതു്.

വർഗ്ഗസമരത്തിനിടയിലും പ്രണയാനുഭൂതികൾക്കു് സൗകര്യമുണ്ടു് എന്നു് കാണിക്കാൻ ഇത്തരം ഗ്രന്ഥങ്ങൾ പ്രയോജനപ്പെടും.

ബി. പത്മനാഭപിള്ള എം. എ.

കുന്നത്തൂർ—പത്തനംതിട്ട ഗ്രൂപ്പിലേക്കു പുതിയ നിയമനം നടത്തേണ്ടതാണ്.

പുതിയ അപേക്ഷകരെ ക്ഷണിച്ചു ഇൻറർവ്യൂ നടത്തുന്നതിനു ശ്രീ. എം. എം. ജോൺ, ജനറൽ സെക്രട്ടറി ശ്രീ. പി. എൻ. പണിക്കർ, ശ്രീ. കെ. ജനാർദ്ദനക്കുറുപ്പ്, ശ്രീ. ഡി. കുഞ്ഞൻപോററി എന്നിവരുൾപ്പെട്ട ഒരു സബ്ബ്കമ്മിററിയെ ചുമതലപ്പെടുത്തി.

ഓർഗനൈസിംഗ് ഇൻസ്പെക്ടർ ശ്രീ. പി. ജോൺറോസിന്റെ രാജി സ്വീകരിച്ചു.

പ്രവർത്തനമില്ലാത്ത 6 വായനശാലകളുടെ അംഗത്വം റദ്ദു ചെയ്തു. 10 വായനശാലകളെ അംഗമാക്കി.

## ഗ്രന്ഥശാലാ യൂണിയൻ

യൂണിയൻ പ്രവർത്തനം പുനഃസംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ:—

1. കുറഞ്ഞതു 20 അംഗഗ്രന്ഥശാലകൾ പ്രവർത്തിക്കുന്ന താലൂക്കിനു യൂണിയൻ ഉണ്ടായിരിക്കേണ്ടതാണ്. 20-ൽ കുറഞ്ഞ ഗ്രന്ഥശാലകളുള്ള താലൂക്കുകൾ അതിനു ഏററവും അടുത്തുള്ള താലൂക്കുമായി ബന്ധപ്പെടേണ്ടതാണ്.

2. എല്ലാ അംഗഗ്രന്ഥശാലകളും യൂണിയനിലെ അംഗങ്ങളായിരിക്കേണ്ടതാണ്.

3. ഓരോ അംഗഗ്രന്ഥശാലകളിൽ നിന്നും തെരഞ്ഞെടുത്ത ഈരണ്ടു പേരടങ്ങിയ സമിതി അതാതു യൂണിയന്റെ പൊതുയോഗം ആയിരിക്കേണ്ടതും ടി പൊതുയോഗം തെരഞ്ഞെടുക്കുന്ന 9 പേരടങ്ങിയ കമ്മിററി യൂണിയൻ ഭരണം നടത്തേണ്ടതുമാകുന്നു.

4. യൂണിയൻ കമ്മിററിയുടെ തെരഞ്ഞെടുപ്പും കേന്ദ്രസംഘത്തിലേയ്ക്കുള്ള പൊതുയോഗപ്രതിനിധികളുടെ തെരഞ്ഞെടുപ്പും മൂന്നു വർഷത്തിലൊരിക്കൽ കേന്ദ്രസംഘ തെരഞ്ഞെടുപ്പോടു് അനുബന്ധിച്ചു നടത്തേണ്ടതാണ്.

5. യൂണിയൻ കമ്മിററിയിൽ ഓരോ വർഷവും അവസാനം മൂന്നിലൊന്നു അംഗങ്ങൾ റിട്ടയർ ചെയ്യുകയും പകരം അംഗങ്ങളെ അതാതുകൊല്ലം പൊതുയോഗം തെരഞ്ഞെടുക്കുകയും ചെയ്യേണ്ടതാകുന്നു. ഇതിനു ബാലററ് സമ്പ്രദായം സ്വീകരിക്കേണ്ടതാണ്.

6. അതാതു യൂണിയൻ അതിർത്തിയിലുള്ള കേന്ദ്ര ഭരണസമിതി അംഗങ്ങൾ യൂണിയൻകമ്മിററിയിലെ എക്സ് ഒഫിഷ്യോ മെമ്പറായിരിക്കേണ്ടതാണ്.

### അധികാരങ്ങളും ചുമതലകളും

7. യൂണിയൻ അംഗഗ്രന്ഥശാലകളുടെ പൊതുവായ മേൽഭരണം നിർവ്വഹിക്കേണ്ടതാണ്.

8. മാസംതോറും മാസാന്ത്യക്കണക്കുകളും ഗ്രന്ഥസംഖ്യ അംഗസംഖ്യ ഗ്രന്ഥവിതരണം ഇവ കാണിക്കുന്ന സ്റ്റേറ്റുമെൻറുകളും അതാതുകൊല്ലത്തെ ബഡ്ജററും ഓരോ ഗ്രന്ഥശാലയും യൂണിയനു അയക്കേണ്ടതും ഇങ്ങിനെ ലഭിക്കുന്ന വിവരങ്ങൾ സംഗ്രഹിച്ചു് യൂണിയൻ ഗ്രന്ഥശാലാ സംഘത്തിലേക്കു അയച്ചു കൊടുക്കേണ്ടതുമാണ്.

9. യൂണിയന്റെ ഓരോ മാസത്തേയും പ്രവർത്തന റിപ്പോർട്ടും മാസാന്ത്യക്കണക്കും അതിനടുത്ത മാസം അവസാനവാരത്തിനു മുമ്പു് കേന്ദ്രസംഘത്തിൽ എത്തിക്കേണ്ടതാണ്.

10. പുതുതായി ഗ്രന്ഥശാലകൾ സ്ഥാപിക്കേണ്ട കേന്ദ്രങ്ങൾ യൂണിയൻ നിശ്ചയിക്കേണ്ടതും യൂണിയന്റെ ശുപാർശ അനുസരിച്ചു് പുതിയ ഗ്രന്ഥശാലകളെ കേന്ദ്രസംഘം അംഗമായി സ്വീകരിക്കേണ്ടതുമാണ്. വായനശാലകളെ നിവർത്തൽ ചെയ്യേണ്ടതും യൂണിയന്റെ ശുപാർശ അനുസരിച്ചായിരിക്കേണ്ടതാണ്.

11. യൂണിയൻ കമ്മിററിയുടെ തീരുമാനത്തെപ്പററി ആക്ഷേപമുണ്ടായാൽ അതിനെ സംബന്ധിച്ചു അന്വേഷിച്ചു് തീർപ്പുചെയ്യാൻ കേന്ദ്രസംഘത്തിനു അധികാരമുണ്ടായിരിക്കും.

12. പ്രവർത്തനം ശരിയായി നടത്താത്ത വായനശാലകളുടെ വിവരം യൂണിയൻ കേന്ദ്രത്തെ അറിയിക്കേണ്ടതും കേന്ദ്രം അതനുസരിച്ചു് ആവശ്യമുള്ള വായനശാലകൾ സന്ദർശിക്കുന്നതിനു ഓർഗനൈസിംഗ് ഇൻസ്പെക്ടറന്മാർക്കു നിർദ്ദേശം നൽകേണ്ടതുമാണു്.

13. ഓർഗനൈസിംഗ് ഇൻസ്പെക്ടറന്മാർ അവരവരുടെ പ്രവർത്തന പരിധിയിലുള്ള യൂണിയനിലോ യൂണിയനുകളിലോ ഉള്ള കമ്മിററിയിലെ എക്സ് ഒഫിഷ്യോ മെമ്പറന്മാർ ആയിരിക്കേണ്ടതാണു്.

14. ഓർഗനൈസിംഗ് ഇൻസ്പെക്ടറന്മാർ പ്രവർത്തന റിപ്പോർട്ടിന്റെ പകർപ്പും പ്രോഗ്രാമും അതാതു യൂണിയനുകൾക്കു അയച്ചുകൊടുക്കേണ്ടതാണു്.

15. യൂണിയൻ കമ്മിററി വർഷത്തിലൊരിക്കലെങ്കിലും എല്ലാ അംഗഗ്രന്ഥശാലകളേയും സന്ദർശിച്ചിരിക്കേണ്ടതാണു്.

16. ഗ്രന്ഥശാലാസംഘം അപ്പഴപ്പോൾ ആവശ്യപ്പെടുന്ന സ്ഥിതിവിവരങ്ങൾ സംഭരിക്കുന്നതിനു യൂണിയൻ ചുമതല വഹിക്കേണ്ടതാണു്.

17. യൂണിയനിൽപ്പെട്ട ഏതെങ്കിലും ഗ്രന്ഥശാല നിന്നുപോയാൽ അവയുടെ പുസ്തകങ്ങളും ഉപകരണങ്ങളും ആ ദേശത്തു ഒരു ലൈബ്രറിയുടെ ആവശ്യത്തിനുവേണ്ടി യൂണിയൻ കൈവശപ്പെടുത്തി വയ്ക്കേണ്ടതും ഒരു നിശ്ചിത കാലാവധിക്കുള്ളിൽ ആ പ്രദേശത്തു ഒരു പബ്ളിക്ക് ലൈബ്രറി ആരംഭിക്കാത്തപക്ഷം അവ അടുത്തുള്ള ഗ്രന്ഥശാലക്കു ഏല്പിച്ചു കൊടുക്കേണ്ടതുമാണു്. കേന്ദ്രത്തിന്റെ അനുമതിയോടുകൂടി മാത്രമേ ഇതു സംബന്ധിച്ചു് അവസാന തീരുമാനം നടപ്പിൽ വരുത്താൻ പാടുള്ളു. ഗ്രന്ഥശാലകളുടെ സ്വത്തിനെ സംബന്ധിച്ചു് ശരിയായ വിവരം യൂണിയൻ ശേഖരിച്ചു വയ്ക്കേണ്ടതാണു്.

18. യൂണിയൻ പ്രവർത്തനം ശരിയായി നടക്കുന്നില്ലെന്നും, യൂണിയൻ പ്രവർത്തനംമൂലം ഗ്രന്ഥശാലാ പ്രസ്ഥാനത്തിനു യൂണിയന്റെ അധികാരാതിർത്തിയിൽ പുരോഗതിയല്ല കുഴപ്പങ്ങളാണു് ഉണ്ടാകുന്നതെന്നും സംഘത്തിനു ബോദ്ധ്യപ്പെട്ടാൽ യൂണിയന്റെ സമാധാനം ആവശ്യപ്പെട്ടു യൂണിയനെ റദ്ദു ചെയ്യുന്നതിനും വേണ്ടിവന്നാൽ പുനഃസംഘടിപ്പിക്കുന്നതിനും കേന്ദ്രസംഘത്തിനു അധികാരമുണ്ടായിരിക്കുന്നതുമാണു്.

19. യൂണിയൻ പ്രവർത്തനത്തിനു ആവശ്യമായ ഫണ്ടു് അതതു യൂണിയൻ ഉണ്ടാക്കേണ്ടതാണു്. എന്നാൽ സംഘത്തിൽ നിന്നും ഓരോ കൊല്ലവും നിശ്ചയിക്കുന്ന സഹായധനം യൂണിയനു ലഭിക്കുന്നതുമാണു്.

20. യൂണിയൻ ഉദ്യോഗഭാരവാഹികളെ അതതു യൂണിയൻ കമ്മിററി കൊല്ലംതോറും തെരഞ്ഞെടുക്കേണ്ടതാണു്.

21. താലൂക്കു കേന്ദ്രലൈബ്രറി കമ്മിററിയിൽ ആ താലൂക്കിലെ യൂണിയൻ കമ്മിററിയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന രണ്ടു അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണു്.

22. ഈ നിർദ്ദേശങ്ങൾക്കു വിധേയമായി ഓരോ യൂണിയൻ കമ്മിററിയും യൂണിയനു നിയമാവലി എഴുതി ഉണ്ടാക്കി കേന്ദ്രസംഘത്തിന്റെ അനുവാദത്തോടുകൂടി യൂണയൻ പൊതുയോഗത്തിൽ സമർപ്പിച്ചു് അംഗീകാരം വാങ്ങിക്കേണ്ടതാണു്.

എൻ. ബി. യൂണിയൻ നിയമാവലി തയ്യാറാക്കുന്നതിനു ഇതിനു മുമ്പു് സംഘം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള യൂണിയൻ മാതൃകാ നിയമാവലി സഹായകരമായിരിക്കും.

# ഗ്രന്ഥശാലാവാർത്തകൾ

## ശ്രീ ചിത്തിരതിരുനാൾ ഗ്രന്ഥശാല
## തിരുവനന്തപുരം

1953 നവംബർ 4-ാംനു- ശ്രീ ചിത്തിരതിരുനാൾ ഗ്രന്ഥശാലാമന്ദിരത്തിന്റെ അങ്കണത്തിൽ തയ്യാറാക്കിയിരുന്ന പന്തലിൽവച്ചു ഇൻഡ്യൻ ആഭ്യന്തരകാര്യമന്ത്രി ഡാ. കട്ജുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ 39-ാമതു വാർഷികസമ്മേളനത്തിൽ വായിച്ച വാർഷികചരിത്രത്തിലെ ചില ഭാഗങ്ങൾ:—

ഈ ഗ്രന്ഥശാലയുടെ ജീവചരിത്രത്തിൽ ഈ അടുത്തകാലത്തുണ്ടായ ഒരു പുതിയസംഭവം നിങ്ങളെ അറിയിക്കേണ്ടിയിരിക്കുന്നു. 1914-ൽ ആരംഭിച്ച ഈ ഗ്രന്ഥശാലയ്ക്കു് അന്നുമുതൽ ഇന്നോളം ഗവർമ്മെൻറിൽനിന്നു പല ആനുകൂല്യങ്ങളും കിട്ടീട്ടുണ്ടു്. ഗവർമ്മെൻറിന്റെ പ്രത്യേക വാത്സല്യത്തിനു് ഈ സ്ഥാപനത്തിനെ പാത്രമാക്കിയതു് ശ്രീ ചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സിനോടു് അതിനുണ്ടായിരുന്ന ബന്ധവിശേഷം മാത്രമായിരുന്നു എന്നു തോന്നുന്നില്ല. അതിന്റെ അവിച്ഛിന്നവും പ്രഗത്ഭവുമായ സേവനചരിത്രം, അതിലും ഉപരിയായി അതിനു് ഇതിനകം സമ്പാദിക്കാൻ കഴിഞ്ഞിട്ടുള്ള അതുല്യമായ മലയാളഗ്രന്ഥശേഖരം, ഇവയും അതിന്റെ പ്രത്യേകതകളാണു്. മലയാളഗ്രന്ഥങ്ങളെ സംബന്ധിച്ചിടത്തോളം, ഇതു കേരളത്തിലെ, അതുകൊണ്ടു് ലോകത്തിലെയും, ഒന്നാമത്തെ ഗ്രന്ഥശാലയാണു്. ഇതു ഞങ്ങളേയും നിങ്ങളേയും നിങ്ങളേയും അഭിമാനംകൊള്ളിക്കുന്നതും, ഗവർമ്മെൻറിനും അഭിമാനംകൊള്ളാവുന്നതുമായ ഒരു പരമാർത്ഥം മാത്രമാണു്. യൂണിവേഴ്സിററിയിലെ പ്രൊഫസറന്മാരും ഭാഷാഗവേഷകന്മാരും അററകൈയ്ക്കു് അഭയം പ്രാപിക്കുന്നതു് ഈ ഗ്രന്ഥശാലയേയാണു്. അങ്ങനെ അതിനെ ആന്തരമായ മഹത്വവും ഔൽകൃഷ്ട്യവുമുണ്ടു്. അതുകൊണ്ടുംകൂടിയായിരിക്കണം പ്രത്യേകാനുകൂല്യങ്ങൾകൊണ്ടു് ഗവമ്മെൻറു് അതിനെ അനുഗ്രഹിച്ചുപോന്നതു് എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെയുള്ള ആനുകൂല്യങ്ങളിൽ ഒന്നു ഗവർമ്മെൻറുഗസററും ഗവർമ്മെൻറുവക മററു പ്രസിദ്ധീകരണങ്ങളും 1917 മുതൽ സൗജന്യമായി നൽകിക്കൊണ്ടിരുന്നു എന്നുള്ളതാണു്. രാജാധികാരം പോയി ജനാധികാരം വന്നതിനുശേഷവും അതു തുടർന്നുകൊണ്ടിരുന്നു. എന്നാൽ ഇപ്പോൾ അതു പിൻവലിച്ചിരിക്കുന്നതായി ഗവർമ്മെൻറിൽനിന്നു അറിവു കിട്ടിയിട്ടുണ്ടു്.

ഗ്രന്ഥശാലയ്ക്കുണ്ടായിട്ടുള്ള അനല്പമായ വികാസത്തിനു് അനുരൂപമായ ഒരു മന്ദിരത്തെപ്പററി ഞങ്ങൾ സ്വപ്നം കണ്ടുതുടങ്ങിയിട്ടു് വർഷം രണ്ടുമൂന്നായി. ഇന്നും ആ സ്വപ്നം സ്വപ്നമായിത്തന്നെ ഇരിക്കുന്നതേയുള്ളു എങ്കിലും അതിന്റെ ഒരു ചെറിയ അംശം ഞങ്ങൾ യാഥാർത്ഥ്യവൽക്കരിച്ചുകഴിഞ്ഞുവെന്നു നിങ്ങളിപ്പോൾ കാണുന്നുണ്ടാവണം. സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമായുള്ള വിഭാഗത്തിന്റെ പണി പൂർത്തിയായി. പക്ഷെ അതിനകത്തു സ്ത്രീകളേയും കുഞ്ഞുങ്ങളേയും നിങ്ങൾ കണ്ടിരിക്കയില്ല. അവരുടെ സ്ഥാനത്തു് ഗ്രന്ഥങ്ങൾ നിറഞ്ഞ അലമാരകൾ തിങ്ങിക്കൂടിയിരിക്കയാണു്. പുതിയ പ്രധാനമന്ദിരം പൂർത്തിയാകാതെ സ്ത്രീകളും കുഞ്ഞുങ്ങളും അവിടെ കടക്കുകയുമില്ല.

ഏകദേശം ഒരു ലക്ഷം രൂപാ ചെലവു വരുന്ന പ്രധാനമന്ദിരത്തിന്റെ ശിലാസ്ഥാപനകർമ്മമാണു് ഇന്നു് ഇവിടെ നിർവഹിക്കപ്പെട്ടതു്. ഭാരതഗവർമ്മെൻറിന്റെ ആഭ്യന്തരകാര്യമന്ത്രി ഡാക്ടർ കൈലാസനാഥകട്ജുവിന്റെ കരങ്ങളാണു് ആ കർമ്മം നിർവഹിക്കുന്നതു് എന്നുള്ളതു് മന്ദിരനിർമ്മാണസംരംഭത്തിന്റെ വിജയം സുനിശ്ചിതമാക്കിയിരിക്കുന്നു എന്നുതന്നെ ഞങ്ങൾ വിശ്വസിക്കുന്നു.

ഗ്രന്ഥശാലയുടെ കഴിഞ്ഞ കൊല്ലത്തെ സ്ഥിതിവിവരക്കണക്കുകളിലേയ്ക്കു് കടക്കുന്നതിനു മുൻപു് തിരു-കൊച്ചി ഗ്രന്ഥശാലാസംഘത്തിന്റെ പ്രവർത്തനങ്ങളെപ്പററി കൂടി രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. ഈ വർഷം പുതുതായി അംഗത്വം സ്വീകരിച്ച 60 ഗ്രന്ഥശാലകൾ ഉൾപ്പെടെ ഗ്രന്ഥശാലാസംഘത്തിന്റെ ഘടകങ്ങളായി ഇപ്പോൾ 1550 ഗ്രന്ഥശാലകൾ ഉണ്ടു്. ഗവർമ്മെൻറിൽനിന്നു ഗ്രാൻറായി ലഭിച്ച 121235 രൂപാ ഇവയിൽ 1034 ഗ്രന്ഥശാലകൾക്കായി വീതിച്ചുകൊടുത്തിട്ടുണ്ടു്. ഒരു ഗ്രന്ഥശാലയ്ക്കു് ഒരു വർഷത്തിൽ അനുവദിച്ചിട്ടുള്ള ഏററവും കൂടിയ ധനസഹായം 900 രൂപയും ഏററവും കുറഞ്ഞതു് 80 രൂപയുമാണു്. അവരുടെ പ്രയത്നത്തിനോ ആവശ്യത്തിനോ യഥാർത്ഥത്തിലുള്ള ചെലവിനോ അനുഗുണമായ ഒരു സഹായമാകുന്നില്ല ഇതു്. ഈ ഗ്രന്ഥശാലകൾ കഴിഞ്ഞ വർഷത്തിൽ പുസ്തകങ്ങൾക്കായി ഒന്നേകാൽ ലക്ഷം രൂപായും, പത്രങ്ങൾക്കും ആനുകാലികപ്രസിദ്ധീകരണങ്ങൾക്കുമായി ഒന്നേമുക്കാൽ ലക്ഷം രൂപായും, പ്രവർത്തകരുടെ ശമ്പളമായി നാല്പതിനായിരത്തിൽപരം രൂപയും പുതുതായി പണികഴിപ്പിച്ച 104 കെട്ടിടങ്ങൾക്കായി ഏകദേശം രണ്ടേകാൽലക്ഷം രൂപയും ചെലവാക്കീട്ടുണ്ടു്.

ഈ മഹത്തായ സംഘടനയുടെ പ്രവർത്തനത്തിനും നിയന്ത്രണത്തിനും ഉത്തരവാദപ്പെട്ട കേന്ദ്രകാര്യാലയത്തിനു് ഗവർമ്മെൻറിൽനിന്നു കിട്ടുന്ന സഹായം 20000 രൂപ മാത്രമാണു്. ഇതു അതിന്റെ ചെലവുകൾക്കു തീരെ മതിയാകുന്നില്ല. കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിച്ചു വികസിപ്പിക്കാതെ അനുദിനം വർദ്ധിച്ചുവരുന്ന ചുമതലകൾ തൃപ്തികരമായി നിർവഹിക്കാൻ അസാദ്ധ്യമായും തീർന്നിരിക്കുന്നു. കൂടുതൽ സഹായത്തിനുവേണ്ടി ഗവർമ്മെൻറിനോടു ചെയ്ത അഭ്യർത്ഥനകളൊന്നും സഫലമായിട്ടില്ല. കേവലമായ നിസ്സഹായതയിലാണു കേന്ദ്രകാര്യാലയത്തിന്റെ ഇന്നത്തെ നിലപാടു്. ഗത്യന്തരമില്ലാതെ അംഗഗ്രന്ഥശാലകളുടെ വാർഷികവരിഗ്രാൻറിന്റെ അടിസ്ഥാനത്തിൽ വർദ്ധിപ്പിച്ചു് അല്പമായ ആശ്വാസം തേടുകയാണിന്നവർ ചെയ്യുന്നതു്.

പക്ഷേ ഇതൊരു പരിഹാരമല്ല. നേരിട്ടു നമ്മുടെ ഗവർമ്മെൻറിൽനിന്നോ, അല്ലെങ്കിൽ അവർ മുഖാന്തിരം കേന്ദ്രഗവർമ്മെൻറിൽനിന്നോ ഗണനീയമായ സഹായം ലഭിക്കാത്തപക്ഷം ഗ്രന്ഥശാലാസംഘത്തിന്റെ പ്രവർത്തനം പ്രതിബന്ധവും അസമർത്ഥവുമാകുമെന്നു് ഞങ്ങൾ ഭയപ്പെടുന്നു. ഭാരതത്തിൽ മററവിടെയും ദൃശ്യമല്ലാത്ത ഉണർവോടും ഉശിരോടും പ്രവർത്തിച്ചു വിജയം വരിച്ചിട്ടുള്ളതിരുവിതാംകൂർ-കൊച്ചീ ഗ്രന്ഥശാലാപ്രസ്ഥാനം ന്യായമായി അർഹിക്കുന്ന പ്രോൽസാഹനവും സഹായവും ലഭിക്കാതെ മന്ദീഭവിച്ചുപോകുന്നുവെങ്കിൽ അതു് ഈ സംസ്ഥാനത്തിന്റെ ഒരു മഹാ ദുർഭാഗ്യമായിരിക്കും. അതു സംഭവിക്കാൻ ഗവർമ്മെൻറും ഇവിടത്തെ ഉൽബുദ്ധമായ ജനസഞ്ചയവും അനുവദിക്കയില്ലെന്നുതന്നെ ഞങ്ങൾ വിശ്വസിക്കുന്നു.

ഗ്രന്ഥശാലയുടെ 152 ഏപ്രിൽ മുതൽ 1953 മാർച്ചുവരെയുള്ള ഒരുകൊല്ലത്തെ പ്രവർത്തനാഭിവൃദ്ധിയെ സൂചിപ്പിക്കുന്ന വിവരങ്ങൾ ചുവടേ കുറിക്കുന്നു.

| | |
|---|---|
| പുതുതായി സമ്പാദിച്ച പുസ്തകങ്ങൾ | 689 |
| സംസ്കൃതപുസ്തകങ്ങൾ | 226 |
| ആകെ ഇപ്പോഴുള്ള പുസ്തകങ്ങൾ | 10164 |
| മാസികകൾ വാരികകൾ മുതലായവ | 45 |
| ദിനപത്രങ്ങൾ | 11 |
| എട്ടണ വരി നൽകുന്ന അംഗങ്ങൾ | 124 |
| നാലണ വരിനൽകുന്ന അംഗങ്ങൾ | 459 |
| പുസ്തകങ്ങൾ പുറത്തേയ്ക്കു കൊടുത്തിട്ടുള്ളതു് | 23970 |
| പ്രാവശ്യം | |

പത്രപാരായണത്തിനു ആളുകൾ വായനശാലയിൽ സന്നിഹിതരായിട്ടുള്ളതു് 69040 പ്രാവശ്യം.

റഫറൻസു പുസ്തകങ്ങൾ ഉപയോഗിക്കുന്നതിനുവേണ്ടി സന്നിഹിതരായതു് 964 പ്രാവശ്യം.

പ്രതിദിനം വായനശാല ഉപയോഗിച്ചവരുടെ ശരാശരി സംഖ്യ 202.

| | | | |
|---|---|---|---|
| ഗ്രന്ഥശാലയുടെ മൊത്തം വരവു് | 8743 | 3 | 9 |
| മുന്നിരിപ്പു് | 816 | 15 | 6 |
| ആകെ | 9560 | 3 | 3 |
| മൊത്തം ചെലവു് | 8436 | 13 | 6 |
| നീക്കിയിരിപ്പു് | 1123 | 5 | 9 |

## 478-ാംനമ്പർ പവിത്രേശ്വരം മഹാത്മജി സ്മാരകവായനശാല

ഈ സ്ഥാപനത്തിനു് പാലവിളവീട്ടിൽ ശ്രീ. എൻ. നാരായണൻനായർ തന്റെ 82-ാമതു ജന്മദിനമായ 1953 നവംബർ 9-ാംനു- 1000 രൂപാ വിലപിടിപ്പുള്ള ഒരു കെട്ടിടവും സ്ഥലവുംകൂടി രജിസ്റ്റർകരണംമൂലം സംഭാവന ചെയ്തിരിക്കുന്നു.

## പത്തനാപുരം പബ്ളിക് ലൈബ്രറി & റീഡിംഗ് റൂം

പ്രസ്തുത ലൈബ്രറിയുടെ ഒരു പൊതുയോഗം ഒക്ടോബർ 10-ാംനു- ശ്രീ. സി. എം. സാഹിബ്ബ് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയും വായനശാലയുടെ ഭരണം 1953 നവംബർ 1-ാംനു- മുതൽ ഒരു വർഷക്കാലത്തേക്കു് മെസ്സേഴ്സ് സി. എം. സാഹിബ് പ്രസിഡൻറായും, എൻ. അഹമ്മദു മൈതീൻ വൈസ് പ്രസിഡൻറായും, മി. കെ. ഗോപാലൻനായർ സെക്രട്ടറിയായും, പി. എസ്. ഇസ്മായേൽ ജാം. സെക്രട്ടറിയായും, ഏ. അയ്യപ്പൻപിള്ള ഖജാൻജിയായും, പി. എൽ. ഷാഹുൽഹമീദ്, എസ്. മസൂദുരാവുത്തർ എന്നിവർ മററു കമ്മിററിഅംഗങ്ങളായുമുള്ള ഒരു ഭരണസമിതിക്കു് വിട്ടുകൊടുക്കുകയും ചെയ്തിരിക്കുന്നു.

## ശ്രീ. സുധീന്ദ്രതീർത്ഥ ലൈബ്രറി അനന്തനാരായണപുരം

പ്രസ്തുത ഗ്രന്ഥശാലയുടെ 8-ാമതുവാർഷികം ഒക്ടോബർ മാസം 11-ാംനു- ശ്രീമാൻ പുത്തേഴത്തു രാമൻമേനോൻെറ അദ്ധ്യക്ഷതയിൽ സാഘോഷം കൊണ്ടാടിയിരിക്കുന്നു.

യോഗം ശ്രീ. പി. ജി. സുകുമാരപിള്ള ബി. ഏ. എൽ. ററി. അവർകൾ ഉൽഘാടനം ചെയ്യുകയും, ശ്രീമാൻ എൻ. എൻ. ഇളയതു്, ശ്രീമാൻ എൻ. രാഘവപ്പണിക്കർ (സാഹിത്യശിരോമണി) എന്നിവർ മലയാളത്തിലും, ശ്രീമാൻ ആർ. ലക്ഷ്മീ നരസിംഹ എം. ഏ. അവർകൾ ഇംഗ്ലീഷിലും പ്രസംഗിക്കുകയുമുണ്ടായി.

## പ്രമാടം പബ്ളിക്ക് വായനശാല

പ്രമാടം പബ്ളിക്ക് വായനശാലയുടെ ഒരു യോഗം നവംബർ 8-ാംതീയതി ശ്രീ. കെ. എസ്സ്. ഭട്ടതിരിയുടെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. കെ. എസ്സ്. ഭട്ടതിരിയെ പ്രസിഡൻറായും, സാമൂഹ്യവിദ്യാഭ്യാസ ആർഗനൈസർ ശ്രീ. കെ. നാരായണനെ സെക്രട്ടറിയായും ഒൻപതു് അംഗങ്ങളുള്ള ഒരു ഭരണസമിതിയെ തെരഞ്ഞെടുത്തിരിക്കുന്നു. പ്രവർത്തന സൌകര്യാർത്ഥം വായനശാല പ്രമാടം സാമൂഹ്യ വിദ്യാഭ്യാസ കേന്ദ്രത്തിലേക്കു് മാററുന്നതിനും, ഗ്രന്ഥശാലാ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിനും തീരുമാനിച്ചിരിക്കുന്നു.

## മുഹമ്മതു് അബ്ദുറഹിമാൻ സ്മാരക വായനശാല എറിയാടു്.

ടി വായനശാലയുടെ 8-ാം വാർഷിക പൊതുയോഗവും ജ: മുഹമ്മതബ്ദുറഹിമാൻ സാഹിബ്ബിൻെറ 8-ാമതു് ചരമദിനവും നവംബർ 22-ാംനു- പ്രസിഡണ്ടു് ഡാ. കെ. കെ. മമ്മട്ടി

സാഹിബിന്റെ അദ്ധ്യക്ഷതയിൽ സമ്മേളിക്കുകയുണ്ടായി.

കെട്ടിട നിർമ്മാണത്തിന് 5 സെന്റ് സ്ഥലം സൗജന്യമായനുവദിച്ചു തരുവാൻ കൊച്ചി ദേവസ്വം ബോർഡിനോട് വീണ്ടും, ഒരു ബിൽഡിങ്ങ് ഗ്രാന്റനുവദിച്ചു തരുവാൻ ഗവർമ്മെന്റിനോടും ഗ്രന്ഥശാലാ സംഘത്തോടും അപേക്ഷിച്ചുകൊണ്ടുള്ള പ്രമേയങ്ങളും അംഗീകരിക്കുകയുണ്ടായി.

## ആത്മബോധിനി ഗ്രന്ഥശാല
## അരത്തൂമൂട്ട്, ആറാറിപ്ര.

പ്രസ്തുത വായനശാലയുടെ ഒരു വിശേഷാൽ പൊതുയോഗം 11-10-53ൽ ശ്രീ. സി. വി. രാമൻപിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടി. അടുത്ത വർഷത്തേക്കുള്ള പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്തു. ശ്രീമാൻമാർ വർഗ്ഗീസ് ജെ. വളവന്താ ബി. ഏ., ഏ. എൻ. കേശവൻ നായർ, എസ്സ്. പരമേശ്വരൻപിള്ള എന്നിവരെ യഥാക്രമം പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി എന്നീ സ്ഥാനങ്ങളിലേക്കും എസ്. തങ്കപ്പൻനായർ, ഓ. കേശവൻ, കെ. വേലായുധൻനായർ, പി. ശങ്കരപ്പിള്ള, ആർ. കുട്ടൻപിള്ള (പഞ്ചായത്തുമെമ്പർ) കെ. കസ്തൂരിദേവിഅമ്മ (അദ്ധ്യാപിക) എന്നിവരെ കമ്മിററി അംഗങ്ങളായും തെരഞ്ഞെടുത്തു. ശ്രീ. ആർ. കുട്ടൻപിള്ളയെ യോഗം വൈസ് പ്രസിഡന്റായി തെരഞ്ഞെടുത്തു.

## ഗ്രാമീണ വായനശാല
## വെളിയനാട്, തൃപ്പൂണിത്തുറ.

ടി വായനശാലയുടെ ഒരസാധാരണ പൊതുയോഗം താഴെ പേരെഴുതുന്ന ഒരു കമ്മററിയെ തിരഞ്ഞെടുത്തു.

കമ്മററി

1. റവ ഫാദർ തോമ്മസ് പാഴൂർ എം. ഏ. ബി. ടി. (പ്രസിഡന്റ്)
2. ടി. പി. പത്രോസ് (സെക്രട്ടറി)
3. എൻ. ഏ. കൃഷ്ണൻ (ലൈബ്രേറിയൻ)
4. എൻ. അപ്പു (കമ്മററിമെംബർ)
5. വി. ഐ. വറുഗീസ് ടി
6. കെ. വി. ബൗലൂസ് ടി
7. ടി. കെ. എബ്രഹാം ടി

## പൊവ്വൂർ ഗ്രാമീണവായനശാല
## തൃശ്ശൂർ

1953 നവംബർ 29-ാനു- ഈ വായനശാലയുടെ ഒരു പ്രത്യേക പൊതുയോഗം ഓർ. ഇൻസ്പെക്ടർ ശ്രീ. ഏ. നാരായണന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. മെ. പി. എൽ. കാക്കു പ്രസിഡന്റായും, ഏ. എം. ആന്റണി സെക്രട്ടറിയായും പതിനൊന്നു പേരടങ്ങുന്ന ഒരു പുതിയ പ്രവർത്തകസമിതി രൂപീകരിച്ചു.

## Y. M. H. A. ഗ്രന്ഥശാല
## കണിയാപുരം

പ്രസ്തുത ഗ്രന്ഥശാലയുടെ ഒരു പൊതുയോഗം 25-11-53ൽ സ്ഥിരം പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽകൂടി ഗ്രന്ഥശാലയ്ക്കു് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കുന്നതിനെപ്പററി പര്യാലോചിക്കുകയുണ്ടായി. ആയതിലേക്ക് പ്രസിഡന്റ 101 രൂപയും കൊച്ചുവീട്ടിൽ എൻ. രാഘവൻപിള്ള രണ്ടു സെന്റ സ്ഥലവും കെ. ജി. ഭാസ്കരപിള്ള ഇരുനൂറ് ഓടും സംഭാവനചെയ്തു.

## ജെയ്ഹിൻഡ് ലൈബ്രറി
## ഉഴവൂർ

ഈ വായനശാലയുടെ രണ്ടാമത്തു പൊതുയോഗം 8-11-53ൽ കൂടി. ശ്രീ. പി. എൻ. ശങ്കരൻനായർ (പ്രസിഡന്റ്) എം. ആർ. ഗോപാലൻനായർ (സെക്രട്ടറി) കെ. ആർ. കൃഷ്ണൻനായർ (ജോയിന്റ് സെക്രട്ടറി) കെ. കെ. കൃഷ്ണൻനായർ ററി. വി. കൃഷ്ണൻനായർ പി. ആർ. രാമകൃഷ്ണൻനായർ വി. ജി. കരു

ണാകരൻനായർ എന്നിവരെ നിർവ്വാഹക സമിതിയായി തിരഞ്ഞെടുത്തു.

### പുളിമാത്തു്—പേടികുളം
### മഹാത്മാഗാന്ധി സ്മാരക ഗ്രന്ഥശാല

ഒരു പൊതുയോഗം താലൂക്ക് ഓർഗനൈസിംഗ് ഇൻസ്പെക്ടർ ശ്രീ. ജെ. രാജഗോപാലൻ നായരുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. താഴെ പറയുന്ന 12 പേരടങ്ങിയ ഒരു പുതിയ കമ്മററി രൂപീകരിക്കുകയും ചെയ്തു.

ശ്രീ. ജി. ശങ്കരൻകുട്ടിനായർ B.A.L.T. (പ്രസിഡൻറു്) എൻ. നാരായണക്കുറുപ്പ് (ഖജാൻജി) എ. ദിവാകരൻ (സെക്രട്ടറി) പി. വി. കുറുപ്പു് (അസി. സെക്രട്ടറി) എൻ. ചെല്ലപ്പൻ (ലൈബ്രേറിയൻ) വി. ശേഖരപിള്ള (ലൈബ്രേറിയൻ) പി. ഗോവിന്ദൻ, കെ. ജനാർദ്ദനൻ പിള്ള, കെ. കേശവപിള്ള, പി. എസ്. കുമാർ വി. രവീന്ദ്രൻ, കെ. പ്രഭാകരൻ.

### വില്ലേജ് ലൈബ്രറി—കൊണ്ടാഴി

ഈ വായനശാലയുടെ ഒരു ജനറൽ ബോഡിയോഗം 1953 നവമ്പർ 15–ാംതീയതി ശ്രീമാൻ ററി. കെ. രാമനാരായണമേനോൻെറ അദ്ധ്യക്ഷതയിൽ കൂടി താഴെ പറയുന്ന ഏഴുപേരടങ്ങുന്ന ഒരു കമ്മിററിയെ തിരഞ്ഞെടുത്തു.

ററി. കെ. രാമനാരായണമേനോൻ (പ്രസിഡൻറു്) വി പി. ചന്ദ്രശേഖരൻനായർ (സെക്രട്ടറിയും, ഖജാൻജിയും) എ. കെ. ജനാർദ്ദനൻ (ലൈബ്രേറിയൻ) പി. ഏ. ഗോവിന്ദനെഴുത്തച്ഛൻ, കെ. കെ. രാമചന്ദ്രൻനായർ, ഇ. സി. കൃഷ്ണൻ, ഇ. എം. ശങ്കുണ്ണി, എന്നിവരെ പ്രവർത്തക സമിതി അംഗങ്ങളായും തിരഞ്ഞെടുത്തു.

### ഗ്രന്ഥശാലാ യൂണിയൻ
### പ്രാദേശിക സമ്മേളനങ്ങൾ

കുന്നത്തുനാട്ട് താലൂക്ക് ഗ്രന്ഥശാലാ യൂണിയൻെറ ഒരു പ്രാദേശിക സമ്മേളനം 11-10-53ൽ ശ്രീ. സി. എൻ. കുമാരൻെറ അദ്ധ്യക്ഷതയിലും മറെറാരു യോഗം 18-10-53ൽ യൂണിയൻ പ്രസിഡൻറ ശ്രീ. സി. ഈ. സൈമൻെറ അദ്ധ്യക്ഷതയിലും കൂടി.

ഗ്രന്ഥശാലകളുടെ വാർഷിക സമ്മേളനങ്ങൾ, യൂണിയൻ വാർഷികം, ഗ്രന്ഥശാലാവാരം പഞ്ചായത്തു ഗ്രാൻറ് എന്നിവ സംബന്ധിച്ച് സുപ്രധാന തീരുമാനങ്ങൾ അംഗീകരിച്ചു. പെരുമ്പാവൂർ സമ്മേളനത്തെ തുടർന്ന് യൂണിയൻ പ്രവർത്തക സമിതിയും കൂടുകയുണ്ടായി.

### നേതാജി ഗ്രന്ഥശാല മംഗലം

പ്രസ്തുത ഗ്രന്ഥശാലയുടെ 6–ാമതു വാർഷിക യോഗം 28-10-53 ബുധനാഴ്ച റിട്ടയേർഡ് ഹെഡ്മാസ്റ്റർ ശ്രീ. പി. കുമാരപിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ശ്രീമാന്മാരായ ഏ. ശങ്കരപ്പിള്ള, പി. രാമകൃഷ്ണപിള്ള, എൻ. പരമേശ്വരൻനായർ, വി. രാമൻപിള്ള എന്നിവരെ യഥാക്രമം പ്രസിഡൻറ്, വൈസ്പ്രസിഡൻറ്, സെക്രട്ടറി, ഖജാൻജി എന്നീ ഔദ്യോഗിക സ്ഥാനങ്ങളിൽ തെരഞ്ഞെടുത്തു. കൂടാതെ പി. ആർ. നാരായണൻനായർ, എസ്. ദിവാകരൻനായർ, എൻ. കൃഷ്ണൻനായർ, കേശവൻനായർ, ഏ. നാരായണപിള്ള, ആർ. ദാമോദരൻനായർ ബി. ശ്രീധരൻ, കെ. കുഞ്ഞുകൃഷ്ണപിള്ള, പി. സദാശിവൻനായർ, വി. പത്മനാഭൻനായർ, പി. കേശവൻനായർ എന്നിവരെ കമ്മിററി അംഗങ്ങളായും തിരഞ്ഞെടുത്തു.

### തട്ടക്കുഴ മഹാത്മാ ലൈബ്രറി ആൻറ് റീഡിംഗ്റൂം

പ്രഥമവാർഷികം 15, 16, 17 എന്നീ തീയതികളിൽ കൊണ്ടാടിയിരിക്കുന്നു, 17–ാനു- റവ. ഫാദർ കെ. എം. ജോൺ കുരുവേലിൽ അവർകളുടെ അദ്ധ്യക്ഷതയിൽ യോഗനടപടികൾ ആരംഭിച്ചു. വായനശാലാ പ്രസിഡൻറ് ശ്രീ. എൻ. ഗോവിന്ദപ്പിള്ള ഗ്രന്ഥശാലാ പ്രസ്ഥാനത്തെപ്പററി ഒരു പ്രസംഗത്തോടുകൂടി സദസ്യക്ക് സ്വാഗതം ആശംസിച്ചു. യോഗത്തിൽ ശ്രീമാന്മാരായ എം. എസ്സ്. ജോസഫ്, എം. ആർ. പപ്പുണ്ണിപിള്ള, ആർ. നാരായണപിള്ള, പി. ഏ. പൗലോസ്സ്, കെ. ജെ. അബ്രഹാം, ററി. സി. ജോസഫ് എന്നീ മാന്യന്മാർ ഓരോ പ്രസംഗം നടത്തി. അദ്ധ്യക്ഷനവർകളുടെ കാര്യമാത്രപ്രസക്തമായ ഉപസംഹാരത്തിനുശേഷം ഏഴു മണിക്ക് യോഗം പിരിഞ്ഞു.

# ഗ്രന്ഥാലോകം വാർഷികപ്പതിപ്പ്

## പ്രസിദ്ധീകരണം

1954 ജാനുവരി 26-ാംനു-

## ഉള്ളടക്കം

കേരളത്തിലെ കേൾവികേട്ട സാഹിത്യകാരന്മാരുടെ
കവിതകൾ ചെറുകഥകൾ,-ഉപന്യാസങ്ങൾ നിരൂപണങ്ങൾ
ചർച്ചകൾ-ഏകാങ്കനാടകങ്ങൾ-ഇങ്ങനെ.

## കെട്ടും മട്ടും

മൂന്നുനിറത്തിലുള്ള പുറംചട്ട. കമനീയമായി തയ്യാർചെയ്ത മുഖചിത്രം.
മേനിക്കടലാസ്സിൽ ആകർഷകമായ അച്ചടി.
നിരവധി ഫോട്ടോകളും ബ്ലോക്കുകളും.

## പരസ്യങ്ങൾ

കേരളത്തിലെ പ്രമുഖവ്യവസായ സ്ഥാപനങ്ങളുടെയും കമ്പനികളുടെയും പല പരസ്യങ്ങളും ഇതിനകം ലഭിച്ചുകഴിഞ്ഞിരിക്കുന്നു. ഇനി ഏതാനും പരസ്യങ്ങൾക്കുകൂടി സ്ഥലം ബാക്കിയുണ്ടു്-വിശേഷാൽ പ്രതിയിൽ പരസ്യം ആവശ്യമുള്ളവർ പരസ്യപ്പെടുത്തേണ്ട വസ്തുതയുടെ വിവരണവും, പരസ്യക്കൂലിയും സഹിതം ഉടൻ ഞങ്ങൾക്കു് എഴുതേണ്ടതാണു്.

## പരസ്യനിരക്കു്

| | | |
|---|---|---|
| മുഴുപേജിനു് | രൂ. | 80 |
| അര ,, | | 45 |
| കാൽ ,, | | 25 |

പരസ്യക്കാർക്കു് വിലകൂടാതെ വാർഷികപ്പതിപ്പിന്റെ
ഒരു കോപ്പി അയച്ചുകൊടുക്കുന്നതാണു്.

മാനേജിംഗ് എഡിററർ ഗ്രന്ഥാലോകം-തിരുവനന്തപുരം 4.

L. No. 592 20-7-'48, Reg. No. T. 189 M. 5854

# ദേശീയകലാവേദി

## തിരുവനന്തപുരം

ഡയറക്ടർ : പി. കേശവദേവ്.

മ്യൂസിക്ക് ഡയറക്ടർ : പി. രാധാകൃഷ്ണൻ; ഡാൻസ് ഡയറക്ടർ : കേശവദാസ്; ഗാനരചന : ഗംഗ; സ്റ്റേജ് ഇഫെക്റ്റ്സ് : ശങ്കർമേനോൻ; പാശ്ചാത്യസംഗീതം : പി. എൻ. രാജലക്ഷ്മി, സോമശേഖരൻ (ഫിഡിൽ), വെങ്കിടേശ്വരലു (ക്ലാറനെറ്റ്), സുബ്രഹ്മണ്യം (മൃദംഗം), ശങ്കരക്കുറുപ്പ് (മദ്ദളം), ആർട്ടിസ്റ്റ്സ്: മി. & മിസ്സിസ് കേശവദാസ്, പി. കെ. കുട്ടപ്പണിക്കർ, പി. കെ. സദാശിവൻ, എസ്സ്. പി. പുതുപ്പള്ളി, കെ. വി. ദാസ്, ശങ്കർമേനോൻ, എൽ. സരസ്വതി.

**സമാധാനദേവത** രണ്ടു ലോകമഹായുദ്ധങ്ങളുടെ ഫലമായി അവശയും നിരാധാരയുമാക്കപ്പെട്ട ലോകത്തിന്റെ നിസ്സഹായ രോദനം ഭാരതാംബിക കേൾക്കുന്നു. ലോകാധിപത്യത്തിനുവേണ്ടി മത്സരിക്കുന്ന രണ്ടു സാമ്രാജ്യശക്തികൾ ബോംബെറിഞ്ഞു ലോകത്തെ നശിപ്പിക്കാൻ സന്നദ്ധരാകുന്നു. മർദ്ദിതയായ ലോകം താണുകേണപേക്ഷിക്കുന്നു. ഭാരതം സമാധാനത്തിന്റെ സന്ദേശം കൊടുക്കുന്നു.

**കൊറിയയിലേക്ക്** സമാധാനത്തിന്റെ സന്ദേശവും പാടിക്കൊണ്ട് കൊറിയയിലേക്കു മാർച്ചുചെയ്യുന്ന ഇന്ത്യൻ പട്ടാളത്തെ നോക്കിക്കൊണ്ട് കാമുകി കാമുകനോട് ചോദിക്കുകയാണ്, ഇതെന്തൊരു അത്ഭുതമാണെന്ന്. കാമുകൻ, ആ ചരിത്രസംഭവത്തെ വിശദീകരിക്കുകയാണ്.

**ഓപ്പറ**
(സംഗീതമാത്രനാടകം)

കൊടിയ ദാരിദ്ര്യത്തിന്റെയും കടുത്ത ജാതിമേന്മയുടെയും ഭാരം ചുമക്കുന്ന ഒരു നായർ കുടുംബത്തെ സഹായിക്കാൻ, അയൽക്കാരായ ക്രിസ്ത്യാനിയും ഈഴവനും മുസൽമാനും എത്തുന്നതാണ് കഥാവസ്തു.

**പൊളിറ്റിക്കൽ സറ്റയർ**
(രാഷ്ട്രീയ വിനോദനാടകം)

ഇരുനൂറു വർഷങ്ങളായി, വിദേശാധിപത്യമാകുന്ന നരകം ചുമന്നുകൊണ്ടിരുന്ന ഭാരതം ഇന്നു സ്വതന്ത്രയാണ്. പക്ഷേ, കമ്മ്യൂണിസത്തിന്റെ പേരുംപറഞ്ഞു ചുവന്ന സാമ്രാജ്യത്വത്തിന്റെ ഇരുമ്പുമുഷ്ടിയിൽ ഇൻഡ്യയെ അകപ്പെടുത്തുവാൻവേണ്ടി സ്വന്തനാടിന് ദ്രോഹികളായി കഴിയുന്ന ചില ആളുകൾ കാട്ടിക്കൂട്ടുന്ന ഗോഷ്ടികളെ ചിത്രീകരിക്കുന്ന വിനോദനാടകമാണിത്.

ബുക്കിംഗിന് അപേക്ഷിക്കുക:

**മാനേജർ, ദേശീയ കലാവേദി.**

ഊററുകുഴി റോഡ് : തിരുവനന്തപുരം

Printed and published by P. N. Panicker for the Travancore-Cochin Grandhasala Samgham at the Prakash Printing & Publishing House, Trivandrum.